# സജീവപൌരാവകാശ
# പത്രിക



വില്യം ഒ. ഡഗ്ലസ്.

KOTTAYAM PUBLIC LIBRARY
KOTTAYAM
1012

# സജീവപൌരാവകാശ പത്രിക

KOTTAYAM PUBLIC LIBRARY KOTTAYAM.
45587

## വില്യം ഒ. ഡഗ്ലസ്.

# A LIVING BILL OF RIGHTS

By William O. Douglas

Copyright 1961 By William O. Douglas

*Translated by:*

S. P. Nair

*Printed at:*

Sreе Ganesh Printing press, Guruvayur

First impression: 3000 Copies

*Published by*

SREE GURUVAYURAPPAN PUBLICATIONS

(Private) Limited

---

പ്രസാധകർ:

ശ്രീ ഗുരുവായൂരപ്പൻ പബ്ലിക്കേഷൻസ്

(പ്രൈവററ്) ലിമിററഡ്

വില: രൂപ 1—50

45587




# സജീവ പൌരാവകാശപത്രിക

വില്യം ഒ. ഡഗ്ലസ്

ചിത്രങ്ങൾ

ഡഗ്ലസ് ഗോർഡ്ലിൻ

m 340.

KOTTAYAM PUBLIC LIBRARY
KOTTAYAM


# ആമുഖം

ഭരണഘടനയുടെ ഏതേതു വകുപ്പുകളാണ് വ്യക്തിസ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്നതു് എന്നുള്ളതിനെക്കുറിച്ച് വളരെയധികം തർക്കമുണ്ടാകാനില്ല. പക്ഷേ അവയുടെ അർത്ഥം തീരുമാനിക്കുമ്പോഴും ഗവമ്മേണ്ടിൻെറ പ്രവൃത്തികളിൽ നിന്നും വ്യക്തികളെ എത്രകണ്ട് ഗോപനം ചെയ്യുന്നുണ്ട് എന്നു് നിശ്ചയിക്കപ്പെടുമ്പോഴുമാണ് സജീവമായ വിവാദങ്ങൾ പൊന്തിവരുന്നതു്. ഈ വ്യത്യാസങ്ങളുടെ സമ്പൂർണ്ണചിത്രം കുറിക്കണമെങ്കിൽ ആ പ്രശ്നത്തിൻെറ നാനാമുഖങ്ങളെക്കുറിച്ചും അഗാധവും വിശദവുമായ ഒരു പഠനം ആവശ്യമാണ്.

ഈ ലഘുഗ്രന്ഥം, അഭിഭാഷകർക്ക് പരിചിതമായ മണ്ഡലങ്ങൾ ഉൾക്കൊള്ളുന്നെങ്കിലും ഒരുപരിഗ്രന്ഥമാണെന്നു് അവകാശപ്പെടുന്നില്ല. പൌരാവകാശപത്രികയെക്കുറിച്ച് ഒരവലോകനവും ശതാശാസ്ത്രപ്രതിപാദനവുമാണ് ഉദ്ദേശിച്ചിട്ടുള്ളതു്. ഒരു വിശ്വാസപ്രമാണം എന്ന രീതിയിലാണ് ഇതു് വിരചിതമായിട്ടുള്ളതു്.

കോളേജുകളിൽ പ്രവേശിക്കുന്നതിനു മുമ്പ് നമ്മുടെ യുവപൌരന്മാർ ഇന്നത്തെ വിഷമമേറിയ കാലഘട്ടത്തിൽ നമ്മുടെ ചിരപുരാതനമായ ധാമ്മികമൂല്യങ്ങൾ എപ്രകാരമാണ് ചോദ്യം ചെയ്യപ്പെടുന്നതു് എന്നു് അറിഞ്ഞിരിക്കേണ്ടതാണ്. നമ്മുടെ സമുദായം വഹിക്കുന്ന അതിരൂക്ഷമായ സമ്മർദ്ദങ്ങൾക്ക് പൌരാവകാശപത്രിക എപ്രകാരം വിധേയമാകുന്നു എന്നു് അവർ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഈ മണ്ഡലത്തിൽ അവരുടെ താൽപര്യം തട്ടിയുണർത്തുകയാണ് ഈ ലഘുഗ്രന്ഥംകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. കൂടുതൽ അറിയാനുള്ള ആസക്തിയും ചർച്ചകളും ഇതു് ഉദ്ദീപിപ്പിക്കുന്നെങ്കിൽ ഞാൻ വിജയിച്ചു എന്നു് തീരുമാനിക്കാം. ഈ ഉദ്ദേശത്തോടുകൂടി ശ്രദ്ധേയമായ പല വിധികളും, ഇടയ്ക്കിടെ മററു ഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണങ്ങളും ഞാൻ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വില്യം ഒ. ഡഗ്ലസ്



# I സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം

## അമേരിക്കയിൽ

## അദ്ധ്യായം 1

# അമേരിക്കയിൽ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം

**നാം** പറയാറുണ്ടു്. അമേരിക്ക സ്വാതന്ത്ര്യത്തിന്നുവേണ്ടിനിലകൊള്ളുന്നു എന്നു്. എന്നാൽ എന്താണ് ഈ സ്വാതന്ത്ര്യം? നമ്മുടെ ദൈനംദിനജീവിതത്തിൽ അതെങ്ങിനെ പ്രതിഫലിക്കപ്പെടുന്നു?

പതിനേഴാം നൂററാണ്ടിൽ ഇവിടെ കുടിയേറിപ്പാർക്കാൻ കോളനി ജനത വന്നതു്, പഴയ ലോകത്തിൽ തങ്ങൾക്കു് നിഷേധിക്കപ്പെട്ട ആരാധനാസ്വാതന്ത്ര്യവും വിശ്വാസസ്വാതന്ത്ര്യവും തേടിക്കൊണ്ടായിരുന്നു. ഒരു രാഷ്ട്രം എന്ന നിലയിൽ നാം

രംഗത്തുവന്നതു് സ്വാതന്ത്ര്യ പ്രഖ്യാപനത്തോടെയാണ്. ആ സ്വാതന്ത്ര്യപ്രഖ്യാപനമാവട്ടെ, സ്വയം സ്പഷ്ടമായ ഒരു യാഥാർത്ഥ്യവുമായിരുന്നു.

"എല്ലാ മനുഷ്യരേയും തുല്യരായാണ് സൃഷ്ടിച്ചിട്ടുള്ളതു്:

ഓരോരുത്തർക്കും അന്യാധീനപ്പെടുത്താൻ വയ്യാത്ത ചില അവകാശങ്ങൾ സൃഷ്ടികർത്താവ് പ്രദാനം ചെയ്തിട്ടുണ്ട്:

ജീവിതം, സ്വാതന്ത്ര്യം, സുഖാന്വേഷണം എന്നിവ അവയിലുൾപ്പെടുന്നു".

1776 – കാലഘട്ടത്തിൽ യൂറോപ്പിലെ ഭൂരിഭാഗത്തിനും ഈ സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ അന്തർഭവിച്ചിരുന്ന യാഥാർത്ഥ്യം സ്വയം സ്പഷ്ടമായിരുന്നില്ല. മാത്രമല്ല, ഒരുതരം പമ്പര വിഡ്ഢിത്തമായാണ് അവർ സ്വാതന്ത്ര്യപ്രഖ്യാപനത്തെ വീക്ഷിച്ചതു്. എന്നാൽ ഇന്നു് ലോകത്തിലെ സ്വേഛാധിപത്യം നിലനിൽക്കുന്ന ഭാഗങ്ങളിൽ–ഇവയിൽ കമ്യൂണിസ്റ്റ് ചേരികളും ഉൾപ്പെടുന്നു – സ്വാതന്ത്ര്യത്തെപ്പററിയുള്ള അമേരിക്കയുടെ ആദർശം പരിത്യജിക്കപ്പെട്ടിരിക്കയാണ്. അമ്മാതിരി രാജ്യങ്ങളിൽ വ്യക്തികളുടെ സ്വാതന്ത്ര്യാവകാശങ്ങൾക്ക് രണ്ടാംസ്ഥാനമേയുള്ളു. പരമാധികാരമുള്ള രാഷ്ട്രത്തിൻേറയും ആ രാഷ്ട്രത്തെ ഭരിക്കുന്ന ഏതാനും വ്യക്തികളുടേയും താൽപ്പര്യങ്ങൾക്കു് വിധേയവുമാണ് അവ.


സ്വാതന്ത്ര്യം എന്നതൊരിക്കലെങ്കിലും അനുഭവിച്ചിട്ടില്ലാത്തതുകൊണ്ട്, സ്വാതന്ത്ര്യത്തെപ്പററി നാം സംസാരിക്കുമ്പോൾ അർത്ഥമറിയാതെ അന്തംവിട്ടുനിൽക്കുന്ന ജനങ്ങൾ പല രാജ്യങ്ങളിലുമുണ്ട്. അവികസിത രാജ്യങ്ങളിൽ അധിവസിക്കുന്നവർക്ക്

സ്വാതന്ത്ര്യത്തിന്റെ മൂർത്തമായ ആശയത്തേക്കാൾ പലപ്പോഴുംവി ലപ്പെട്ടതായി തോന്നുന്നതു് ഭക്ഷണവും വസ്ത്രങ്ങളും മരുന്നും മററു മാണ്.

സുഖസമൃദ്ധിയും വൈദ്യശുശ്രൂഷയും വേണ്ടത്ര അനുഭവിക്കുന്ന നാം തന്നെയും മറേറതോ കാലഘട്ടത്തിലെ ജനതകൾവേണ്ടി എഴുതിവെക്കപ്പെട്ടതു് എന്ന നിലയിലാണ് സ്വാതന്ത്ര്യപ്രഖ്യാപനത്തേയും ഭരണഘടനയേയും വീക്ഷിക്കുന്നതെന്നു് തോന്നിപ്പോകുന്നു. നാം നമ്മുടെ പരിവർത്തനത്തെ പിന്നിട്ടിരിക്കുന്നു. കൊറിയയിലേയും തുർക്കിയിലേയും വിദ്യാർത്ഥികൾ മർദ്ദനഭരണത്തെ ധീരമായി നേരിടുകയും ആ ഭരണത്തെ തകിടം മറിക്കുകയും ചെയ്യുമ്പോൾ ആ ധീരതയെ ഓർത്തു് നാം ആവേശഭരിതരാവാറുണ്ടു്. എന്നാൽ നമ്മുടെ വിപ്ളവം വിദൂരസ്ഥമായ ബ്രിട്ടീഷ് രാജാധികാരത്തിന്റെ നേരെ മാത്രമായിരുന്നില്ല. സ്വദേശീയവും വിദേശീയവും ആയ ദുഷ്പ്രഭുത്വത്തിൽനിന്നും വിമുക്തരായി ജീവിക്കാനും ഭരിക്കാനും ഒരു നിരന്തര ദൃഢനിശ്ചയം നാം നമ്മുടെ ഭരണഘടനയിലുൾക്കൊള്ളിച്ചിട്ടുണ്ടു്. അക്കാരണം കൊണ്ടുതന്നെയാണ് ഭരണഘടന മാറാലപിടിച്ചതും മറഞ്ഞുപോയതുമായ ഒരു ചരിത്രപ്രമാണമാകാഞ്ഞതു്, ഒരു രാഷ്ട്രം എന്ന നിലയിൽ നമ്മുടെ ജീവിതത്തിന്റെ ഹൃദയം അതാണ് - ശ്വസിക്കുന്ന വായുപോലെ നാം അതറിയുന്നില്ലെങ്കിലും, "ഗവമ്മേണ്ടു് അഗ്നിപോലെയാണ്. ആപൽക്കാരിയായ ഒരു ഭൃത്യനും ഭയങ്കരനായ മേധാവിയുമാണതു്." – ജോർജ്ജ് വാഷിങ്ങ്ടന്റെ ഈ പ്രസ്താവന സദാ ഓർക്കത്തക്കതത്രേ.

ഒരു സാധാരണ അമേരിക്കക്കാരനു് ഭരണഘടനയെപ്പററി വലിയ പരിജ്ഞാനമൊന്നുമില്ലെങ്കിലും അവനു് അടിസ്ഥാനപര

മായ യോഗ്യതാബോധവും മററുള്ളവരുടെ അവകാശങ്ങളെപ്പററി ന്യായമായ ബഹുമാനവും ഉണ്ട്. പക്ഷെ ചില ചില സന്ദർഭങ്ങളിൽ സാമുദായിക വിഭാഗങ്ങളും ഗവമ്മേണ്ടുദ്യോഗസ്ഥന്മാരും നിയമനിമ്മാണം നടത്തുന്ന ഭൂരിപക്ഷവും അറിഞ്ഞോ അറിയാതെയോ മററുള്ളവരുടെ അവകാശങ്ങളെ ഉല്ലംഘിക്കുന്ന പലതും ചെയ്തുപോകാറുണ്ട്, അങ്ങിനെ വരുമ്പോഴാണ് നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തിയെപ്പററിയുള്ള തക്കവിതക്കങ്ങൾ കോടതിയിൽ തീരുമാനിക്കപ്പെടുന്നതു്.



# II പൌരാവകാശപത്രിക എന്നാൽ എന്തു്?

KOTTAYAM PUBLIC LIBRARY
KOTTAYAM

നമ്മുടെ സ്വാതന്ത്ര്യങ്ങളെ പൊതുവെ "അവകാശപത്രിക" എന്ന പേരിലാണ് പരാമർശിക്കുന്നത്. ഇതുകൊണ്ട് നാം വിവക്ഷിക്കുന്നതെന്താണ്?

അമേരിക്കൻ ഭരണഘടനയിൽ വരുത്തിയ ആദ്യത്തെ പത്തു ഭേദഗതികളത്രെ ഈ അവകാശപത്രിക. 1791 ഡിസമ്പർ 15 ാംതിയതിയാണ് അവ ബലത്തിൽ വന്നത്—അതായത് ഭരണഘടന അംഗീകരിക്കപ്പെട്ട് മൂന്നിൽപരം വർഷങ്ങൾക്കുശേഷം. ഫെഡറൽ ഗവമ്മേണ്ടിൻെറ അധികാരത്തെ നിയന്ത്രിക്കുന്ന ഒരു അവകാശപത്രിക നടപ്പിലാക്കപ്പെടും എന്ന ധാരണയിൽ മാത്രമാണ് പല സ്റ്റേറ്റുകളും ഭരണഘടന അംഗീകരിച്ചത്. അതുകൊണ്ടാണ് ഈ ഭേദഗതികൾ എഴുതിച്ചേത്തത്. അവ ഇപ്രകാരമായിരുന്നു:

## വകുപ്പ് 1

ഏതെങ്കിലും മതസ്ഥാപനത്തേയോ, മതത്തിൻെറ സ്വതന്ത്ര പ്രവത്തനങ്ങളേയോ തടസ്സപ്പെടുത്തുന്നതോ, അഭിപ്രായസ്വാതന്ത്ര്യത്തെ തടയുന്നതോ, പത്രസ്വാതന്ത്ര്യത്തെ തടയുന്നതോ, സമാധാനപരമായി സംഘം ചേരാനും തങ്ങളുടെ സങ്കടനിവൃത്തി

ക്ക് ഗവമ്മേണ്ടിനോട് അപേക്ഷിക്കാനുമുള്ള ജനങ്ങളുടെ അവകാശത്തെ തടയുന്നതോ ആയ ഒരു നിയമവും കോൺഗ്രസ്സ് ആവിഷ്കരിക്കാൻ പാടുള്ളതല്ല.

## വകുപ്പ് 2

ഒരു സുഘടിതമായ സായുധസേന ഏതൊരു സ്വതന്ത്രരാജ്യത്തിന്റെയും ഭദ്രതക്ക് അനുപേക്ഷണീയമായതുകൊണ്ട്, ആയുധങ്ങൾ സൂക്ഷിക്കാനും ധരിക്കാനുമുള്ള ജനങ്ങളുടെ അവകാശത്തെ ഹനിക്കാൻ പാടുള്ളതല്ല.

## വകുപ്പ് 3

സമാധാന കാലഘട്ടത്തിൽ വീട്ടുടമസ്ഥന്റെ അനുമതി കൂടാതെയും യുദ്ധകാലത്ത് നിയമം അനുശാസിക്കുന്ന വിധത്തിലല്ലാതെയും യാതൊരു സൈനികോദ്യോഗസ്ഥനേയും ഒരു വീട്ടിൽ താമസിപ്പിക്കാൻ പാടുള്ളതല്ല.

## വകുപ്പ് 4

അന്യായമായ പരിശോധനകൾക്കും കണ്ടുകെട്ടലിനും എതിരെ വ്യക്തിപരമായ സ്വാതന്ത്ര്യങ്ങളും വീടും സ്വത്തും രേഖകളും സംരക്ഷിക്കാനുള്ള ജനങ്ങളുടെ അവകാശത്തെ ഒരിക്കലും ലംഘിക്കാൻ പാടുള്ളതല്ല. അതുപോലെത്തന്നെ, ന്യായമായ കാരണംകൂടാതെയും സത്യവാങ്മൂലമോ സത്യവാചകമോ കൂടാതെയും പരിശോധിക്കപ്പെടേണ്ട വ്യക്തിയുടേയും കണ്ടുകിട്ടേണ്ട സാധനങ്ങളുടേയും വിശദവിവരങ്ങളറിയിക്കാതേയും യാതൊരു വാറണ്ടും അയക്കാൻ പാടുള്ളതല്ല.

## വകുപ്പ് 5

ഗ്രാൻറ് ജൂറിയുടെ ഒരു കുററാരോപണമോ ചാർജ്ജോ കൂടാതെയോ, (കരസേനയിലേയും നാവികസേനയിലേയും യഥാർത്ഥത്തിൽ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോഴൊ പൊതുജീവിതം അപകടത്തിലകപ്പെടുമ്പോഴൊ സായുധസേനയിലേയും കേസ്സുകൾ ഒഴികെ) ആരുടെ പേരിലും വധശിക്ഷക്കോ മററ് അപമാനകരമായ കുററങ്ങൾക്കോ നടപടികളെടുക്കാൻ പാടില്ല. അതുപോലെത്തന്നെ ഒരേ കുററത്തിന് രണ്ടു തവണ ജീവഹാനക്കോ അംഗഭംഗം വരുന്ന രൂപത്തിലോ ആരേയും ശിക്ഷിക്കാൻ പാടില്ല. ഒരു ക്രിമിനൽ കുററത്തിന് തനിക്കെതിരായി മൊഴികൊടുക്കാൻ ആരേയും നിർബ്ബന്ധിക്കരുതാത്തതും നിയമം അനുശാസിക്കുന്ന രൂപത്തിലല്ലാതെ ആരുടേയും ജീവനോ സ്വാതന്ത്ര്യമോ സമ്പാദ്യങ്ങളോ നഷ്ടപ്പെടുത്താൻ പാടില്ലാത്തതും ശരിയായ നഷ്ടപരിഹാരം കൊടുക്കാതെ സ്വകാര്യസ്വത്ത് പൊതു ഉപയോഗത്തിനായി എടുക്കാൻ പാടില്ലാത്തതും ആകുന്നു.

## വകുപ്പ് 6

എല്ലാ ക്രിമിനൽ കുററങ്ങളിലും ദ്രുതഗതിയിലുള്ള പരസ്യവിചാരണക്ക് കുററവാളിക്ക് അവകാശമുണ്ട്. സ്റ്റേററ്തലത്തിലും ജില്ലാതലത്തിലും ഉള്ള (ഏതു ജില്ലയിലാണോ കുററകൃത്യം നടന്നത്, ആ ജില്ലയിൽനിന്നുള്ള) നിഷ്പക്ഷജൂറികളാണ് പരസ്യവിചാരണ നടത്തേണ്ടത്. കുററവാളി നേരിടേണ്ടതായ ആരോപണങ്ങളുടെ കാരണവും സ്വഭാവവും വിശദമായി കുററവാളിയെ നേരത്തെ അറിയിച്ചിരിക്കേണ്ടതും തൻെറ ഭാഗത്തേക്ക് സാക്ഷികളെ കുററവാളിക്ക് നിർബ്ബന്ധിച്ച് വിളിക്കാവുന്നതും തൻെറ ഭാഗത്തേക്ക് ഒരു അഭിഭാഷകനെ നിയോഗിക്കാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്.

## വകുപ്പ് 7

കോമൺലാ കോടതികളിൽ 20 ഡോളറിൽ കൂടുതൽ വിലവരുന്ന വസ്തുവഹകളെപ്പററിയുള്ള തക്കങ്ങളിൽ ജൂറിയെക്കൊണ്ട് വിചാരണ നടത്താനുള്ള അവകാശം നിക്ഷിപ്തമാണ്. കോമൺലാ അനുശാസിക്കുന്ന രൂപത്തിലല്ലാതെ ഈ ജൂറിയുടെ തീരുമാനത്തെ അമേരിക്കയിലെ ഒരു കോടതിക്കും ചോദ്യംചെയ്യാൻ പാടുള്ളതല്ല.

## വകുപ്പ് 8

അമിതമായ ജാമ്യം ആവശ്യപ്പെടാൻ പാടില്ലാത്തതും അമിതമായ പിഴ കല്പിക്കാൻ പാടില്ലാത്തതും ക്രൂരവും അസാധാരണവുമായ ശിക്ഷകൾ വിധിക്കാൻ പാടില്ലാത്തതുമാകുന്നു.

## വകുപ്പ് 9

ഭരണഘടനയിൽ ചില പ്രത്യേക അവകാശങ്ങൾ എണ്ണിയെണ്ണി പറഞ്ഞിട്ടുണ്ടെന്ന കാരണത്താൽ ജനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള യാതൊരു അവകാശവും നിഷേധിക്കപ്പെടുകയൊ അപ്രധാനങ്ങളാക്കുകയൊ ചെയ്യാൻ പാടുള്ളതല്ല.

## വകുപ്പ് 10

ഐക്യസംസ്ഥാനങ്ങൾക്ക് ഭരണഘടന വിട്ടുകൊടുക്കാത്തവയും, ഭരണഘടന പ്രസ്തുത സംസ്ഥാനങ്ങൾക്ക് നിഷേധിച്ചിട്ടുള്ളവയുമായ അധികാരങ്ങളൊഴികെ എല്ലാ അധികാരങ്ങളും ഓരോ സ്റ്റേററിലോ, ജനങ്ങളിലോ, നിക്ഷിപ്തമാണ്.

മനുഷ്യാവകാശ പ്രഖ്യാപനത്തിൽ മേൽപ്പറഞ്ഞ ഉറപ്പുകൾ ഉൾപ്പെടുത്താനാണ് തോമസ് ജഫർസനും ജെയിംസ് മാഡിസനും അശ്രാന്തം പരിശ്രമിച്ചതു്. "പ്രപഞ്ചത്തിന്റെ മഹത്തായ നിയമനിർമ്മാണസഭയിൽനിന്നും ഉരുത്തിരിഞ്ഞ അവകാശങ്ങൾ" എന്നു് ജോൺ ആഡംസ് വിശേഷിപ്പിച്ചതിന്റെ സത്താണ് മേലെഴുതിയ ഉറപ്പുകൾ. തോമസ് ജഫർസൻ ഇതിനെപ്പററി പറഞ്ഞതു്, "ഭൂമുഖത്തു് നീതിബോധമുള്ള ഒരു ഗവൺമെണ്ടിനും നിഷേധിക്കാൻ പാടില്ലാത്തതും ജനങ്ങൾക്ക് അർഹതപ്പെട്ടതുമാണ് അവകാശ പത്രിക" എന്നാണ്.

ജഡ്ജിക്കാവട്ടെ, അഭിഭാഷകനാവട്ടെ ഭരണഘടനയിൽ തന്നെയുള്ള സ്വാതന്ത്ര്യത്തിന്റെ ഉറപ്പുകളുംകൊള്ളുന്നതാണ് ഈ അവകാശപത്രിക. സർക്കാരാപ്പീസുകളിൽ മതപരമായ പരിഗണനകളുടെ നിരോധം, ഒരുവനെ ജയിലിലോ മററു തടവുകളിലോ പാർപ്പിക്കുന്നതിന്റെ നിയമസാധുതയെ ചോദ്യം ചെയ്യാനുപയോഗിക്കാറുള്ള ഹേബിയസ് കോർപ്പസ് ഹരജി നിർത്തിവെക്കുന്നതിനെതിരെയുള്ള നിരോധം; കുററവാളിയെ കുററകൃത്യം നടത്തപ്പെട്ട അതേ ജില്ലയിലല്ലാതെ വിദൂരസ്ഥലത്തു് വിചാരണചെയ്യാൻ പാടില്ലെന്ന അനുശാസനം; ഇന്നലെവരെ കുററമല്ലാത്തതിനെ നിയമം മൂലം ഇന്നു് കുററകരമാക്കുമ്പോൾ, ഇന്നലെച്ചെയ്ത കുററത്തിനു് ഇന്നു് ശിക്ഷവിധിക്കുന്ന നിയമങ്ങൾ നടപ്പാക്കരുതെന്ന നിരോധം; സമുദായഭ്രഷ്ട് കല്പിക്കുകയും പൌരാവകാശങ്ങൾ തടയുകയും ചെയ്തിരുന്ന നിയമങ്ങൾ നടപ്പാക്കുന്നതിനെതിരായുള്ള നിരോധം; രാജ്യദ്രോഹകുററങ്ങൾ കുറഞ്ഞപക്ഷം രണ്ടു സാക്ഷികളാലെങ്കിലും തെളിയിക്കപ്പെടണം എന്ന നിബന്ധന എന്നിവ ഇവയിലുൾപ്പെടുന്നു.

പൊതുവെ, ഈ പൌരാവകാശപത്രികയിൽ ഭരണഘടന

യുടെ മററു ഭേദഗതികളിലൂൾക്കൊണ്ടിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം സംബന്ധിച്ച ഉറപ്പുകളും ഉണ്ട്.

അടിമത്തവും നിർബന്ധിതസേവനവും പതിമൂന്നാം ഭേദഗതി നിരോധിക്കുന്നു.

അമേരിക്കയിൽ പിറന്നവരും പൌരത്വം സിദ്ധിച്ചവരുമായ എല്ലാ പൌരന്മാരും അവരുടെ വർഗ്ഗമോ വർണ്ണമോ എന്തായാലും—അമേരിക്കൻ പൌരന്മാരാണെന്നു് പതിനാലാം ഭേദഗതി ഉറപ്പുനൽകുന്നു.

യാതൊരു പൌരൻേറയും ജീവനും സ്വാതന്ത്ര്യവും സ്വത്തും നിയമാനുസാരമല്ലാതെ നിഷേധിക്കാൻ ഒരു സ്റ്റേററിനും അധികാരമില്ലെന്നും പതിനാലാം ഭേദഗതി അനുശാസിക്കുന്നുണ്ട്.

നിയമത്തിൻെറ തുല്യമായ പരിരക്ഷ ഒരു സ്റ്റേററിലും ഒരു പൌരനും നിഷേധിക്കാൻ പാടില്ലെന്നു് പതിനാലാം ഭേദഗതിയിലെ തുല്യ പരിരക്ഷാ വകുപ്പ് അനുശാസിക്കുന്നു.

വർഗ്ഗത്തിൻെറ പേരിലോ വർണ്ണത്തിൻെറ പേരിലോ ഫെഡറൽ ഗവമ്മേണ്ടിന്നാവട്ടെ, സ്റ്റേററുകൾക്കാവട്ടെ. യാതൊരു പൌരൻേറയും വോട്ടവകാശം നിഷേധിക്കാനോ വെട്ടിച്ചുരുക്കാനോ പാടില്ലാത്തതാകുന്നു എന്നു് പതിനഞ്ചാം ഭേദഗതി ഉറപ്പു നൽകുന്നു.

സ്ത്രീകളുടെ വോട്ടാവകാശം പരിരക്ഷിക്കുന്നതാണ് പത്തൊമ്പതാം ഭേദഗതി.

ഇവയും, ആദ്യത്തെ പത്തു ഭേദഗതി* കളും കൂടിയതാണ് യഥാർത്ഥത്തിൽ നമ്മുടെ അവകാശപത്രിക. കാരണം ഫെഡറൽ ഗവമ്മേണ്ടിന്നും സ്റ്റേറ്റുകൾക്കും - അഥവാ രണ്ടിനും - അതീതമായ വ്യക്തിസ്വാതന്ത്ര്യങ്ങളുടെ ഭദ്രതയാണവ. മാത്രമല്ല, ഇതേ ഉറപ്പുകളിൽ ചിലതെല്ലാം ഓരോ സ്റ്റേറ്റും അതിന്റെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

എല്ലാമെല്ലാം പരിഗണിക്കുമ്പോൾ, പ്രസിഡണ്ടുമാരും ഗവണ്ണർമാരും, കോൺഗ്രസ്സും സംസ്ഥാനനിയമനിമ്മാണസഭകളും ഫെഡറൽ - തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ജഡ്ജിമാരും ഫെഡറൽ ജഡ്ജിമാരും അനിവാര്യമായും ബഹുമാനിക്കേണ്ടതായ അവകാശങ്ങൾ ജനങ്ങൾക്കുണ്ടെന്നാണ് വിവിധങ്ങളായ വ്യക്തിസ്വാതന്ത്ര്യ സംരക്ഷണ വകുപ്പുകൾ പ്രഖ്യാപിക്കുന്നതു എന്നുകാണാം.

നിയമനിമ്മാണപരമായ അധികാരം നിയന്ത്രിക്കണം എന്ന് ഏറെക്കാലമായുള്ള ഒരഭിപ്രായത്തെ ജോൺലോക്കെ പ്രാ

---

* ജെഫേർസനും മാഡിസനും കൂടി രൂപം കൊടുത്ത ആദ്യത്തെ പത്തു ഭേദഗതികൾ, ഫെഡറൽ ഗവമ്മേണ്ടിന്റെ മേൽ മാത്രം പരിമിതികളേർപ്പെടുത്തുന്നവയായിരുന്നു. എന്നാൽ പതിനാലാമത്തെ ഭേദഗതി അംഗീകരിക്കപ്പെട്ടപ്പോൾ അതിലൊരു മാറ്റംവന്നു. കോടതിവിധികളുടെ ഫലമായുണ്ടാകുന്ന പരിവത്തനംവഴി, ആദ്യമായി രൂപംകൊണ്ട അവകാശപത്രികയിലെ പല വകുപ്പുകളും, പതിനാലാം ഭേദഗതിയിലെ 'ഡ്യൂപ്രോസസ്സ്' എന്ന വകുപ്പിന്റെ ഫലമായി, സ്റ്റേറ്റുകൾക്കു കൂടി ബാധകമായിത്തീരുകയുണ്ടായി. ഇതു തുടർന്നുള്ള പേജുകളിൽ കൂടുതൽ വ്യക്തമാവും.

വർത്തികമാക്കി. "സമൂഹത്തിന്റെ പൊതുനന്മക്കുവേണ്ടി, അവസാനവിശകലനത്തിൽ അവയുടെ അധികാരങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നു. പരിരക്ഷയിൽക്കവിഞ്ഞൊരു ഉദ്ദേശ്യവും ഈ അധികാരത്തിനില്ല. അതുകൊണ്ടുതന്നെ, ജനങ്ങളെ നശിപ്പിക്കാനൊ, അടിമകളാക്കാനൊ, മനഃപൂർവ്വം ദരിദ്രരാക്കുവാനൊ പാടില്ലെന്നും അനുശാസിച്ചിരിക്കുന്നു. ("ടീറൈറസ് ഓഫ് സിവിൽ ഗവമ്മേണ്ട്—1690) നമ്മുടെ അവകാശ പത്രിക ഗവമ്മേണ്ടിന്റെ മൂന്നു ശാഖകളേയും നിയന്ത്രിക്കുന്നു. അതു് ഗവമ്മേണ്ടിന്റെ എല്ലാ ഡിപ്പാർട്ടുമെന്റുകളേയും നിയമത്തിന്റെ ഭരണത്തിനു വിധേയമാക്കുകയും യാതൊരു ഉദ്യോഗസ്ഥനും ലംഘിക്കാൻ വയ്യാത്ത പരിധികൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. ഈ രാജ്യത്തു് ഏതൊരു പൌരനും അന്തസ്സോടും നിർഭയനായും വർത്തിക്കുന്നു എന്നും സർവ്വാധികാരങ്ങളുമുള്ള ഒരു ഗവമ്മേണ്ടിന്റെ മുമ്പിൽ അവനു് തലകുനിക്കേണ്ടതില്ല എന്നും അവകാശപത്രിക പ്രഖ്യാപിക്കുന്നു.


നമ്മുടെ ഗവമ്മേണ്ടിന്റെ ചട്ടക്കൂടിൽ, ഒമ്പതാമത്തേയും പത്താമത്തേയും ഭേദഗതികൾക്കു് പ്രത്യേക പ്രാധാന്യമുണ്ടു്. മറ്റുചില രാജ്യങ്ങളിൽ - ഉദാ: ഇന്ത്യയിലും സോവിയററ് റഷ്യയിലും - സ്റ്റേററുകൾക്കു് താഴ്ന്ന പദവി മാത്രമുള്ള ഫെഡറൽ സമ്പ്രദായമാണു് നിലവിലുള്ളതു്. ഫെഡറൽ ഗവമ്മേണ്ടിന്റെ സൃഷ്ടികളാണവ എന്നതുകൊണ്ടാണിതു്, ഇവിടെ മറിച്ചാണുണ്ടായതു്, നമ്മുടെ ദേശീയഗവമ്മേണ്ടിനെ സ്റ്റേററുകളാണു് സൃഷ്ടിച്ചതു്; ദേശീയഗവമ്മേണ്ടിനു വിട്ടുകൊടുക്കാത്ത അവകാശങ്ങളെല്ലാം സ്റ്റേററുകൾ നിലനിർത്തുകയും ചെയ്തു. അതുകൊണ്ടാണു് ഒമ്പതാമത്തേയും പത്താമത്തേയും ഭേദഗതികളിലെ "ജനങ്ങൾ"ക്കും "സ്റ്റേററുകൾ"ക്കുമുള്ള അവകാശസംസ്ഥാപനം വലിയ പ്രാധാന്യമർഹിക്കുന്നതു്. ഫെഡറൽ ഗവമ്മേണ്ടിനു് വിട്ടുകൊ

ടുക്കാത്ത കാര്യങ്ങളിൽ സ്റ്റേററുകൾക്കും ജനങ്ങൾക്കും പരമാവധി നിയന്ത്രണമുണ്ട്, ഫെഡറൽ ഭരണഘടനയെ ലംഘിക്കാത്ത വിധത്തിൽ, ഓരോ സ്റ്റേററിനും അതിലെ ജനങ്ങൾക്കും അവരുടെ ഇച്ഛാനുസാരം തദ്ദേശകാര്യനിർവ്വഹണാർത്ഥം ഗവമ്മേണ്ടു് രൂപീകരിക്കാവുന്നതുമാണ്.

അവകാശപത്രികയിലെ ചില ചില ഉറപ്പുകൾ പ്രാചീനങ്ങളായി തോന്നാം. അഭിപ്രായസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം എന്നിങ്ങനെ ഒന്നാമത്തെ ഭേദഗതി ഉറപ്പുനൽകിയിട്ടുള്ളവ പരമപ്രധാനങ്ങളത്രേ. എന്നാൽ ആയുധം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യം അംഗീകരിക്കുന്ന രണ്ടാമത്തെ ഭേദഗതിയും ഭടന്മാരെ വീടുകളിൽ പാർപ്പിക്കേണ്ടതില്ലെന്ന മൂന്നാമത്തെ ഭേദഗതിയും ഇരുപതാം നൂററാണ്ടിലെ മനുഷ്യൻ അപ്രധാനങ്ങളായി കണക്കാക്കിയേക്കും. അമേരിക്ക ബ്രിട്ടൻെറ ഒരു കോളനിയായിരുന്ന കാലത്തു് ബ്രിട്ടീഷുകാർ അനുവർത്തിച്ചിരുന്ന സമ്പ്രദായങ്ങളുടെ നേരയുള്ള വ്യക്തമായ പ്രതിഷേധമാണിവ. ഇന്നു് അവയ്ക്കു് ഒട്ടും പ്രാധാന്യമില്ല. രണ്ടാമത്തേയും മൂന്നാമത്തേയും ഭേദഗതികൾ തന്നെയും അമേരിക്കൻ ഗവമ്മേണ്ടിൻെറ ദൃഢമൂലമായ ഒരു തത്വത്തെ – പട്ടാളത്തേക്കാളേറെ പൌരന്മാർക്കാണ് പ്രാധാന്യം എന്ന തത്വത്തെ – ഉൽഘോഷിക്കുന്നവയാണ്. ഇതു് നമ്മുടെ അഭ്യന്തരപ്രശ്നങ്ങളിലെ ഒരു അനുസ്യൂതമായ സ്വാധീനശക്തിയാണെന്നു് പുറകെ വ്യക്തമാകും.

അമേരിക്കയിൽ, സ്റ്റേററിലേയും ഫെഡറൽ ഗവമ്മേണ്ടിലേയും ഉദ്യോഗസ്ഥന്മാർ, ഭരണഘടനയെ ആദരിയ്ക്കുമെന്നും ഭരണഘടനാവിധേയമായേ പ്രവർത്തിക്കുകയുള്ളവെന്നും പ്രതിജ്ഞചെയ്യുന്നു. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ ഈ പ്രതിജ്ഞ പാലി

ക്കുന്നതിൽ പരാജയപ്പെടുകയും ഭരണഘടന വാഗ്ദാനം ചെയ്യു ന്ന അവകാശങ്ങൾ ആർക്കെങ്കിലും നിഷേധിക്കുകയും ചെയ്താൽ ആ ഉദ്യോഗസ്ഥൻെറ ഉത്തരവ് നടപ്പിലാക്കാതിരിക്കാൻ കോടതികൾക്ക് ചുമതലയുണ്ട്. ശരിയാണ്, യാതൊരു ഭരണസംവിധാനവും പൂർണ്ണമല്ല; അമേരിക്കയുടെ ഭരണസമ്പ്രദായവും പലനിലയ്ക്കും അപൂർണ്ണമാണ്. എന്നാൽ, വ്യക്തികളുടെ ഭരണഘടനാപരമായ അവകാശങ്ങളെ ഗവമ്മേണ്ടിലെ ഉദ്യോഗസ്ഥന്മാർ എപ്പോഴും ആദരിക്കും: അങ്ങിനെ ആദരിക്കപ്പെടാത്തിടത്തു്, ആദരിച്ചേ തീരൂ എന്ന് കോടതിവിധികൾ അനുശാസിക്കും.




# III അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ

## II

ഭരണഘടനയിലെ ഉറപ്പുകളിൽ പലതും സ്വാതന്ത്ര്യത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരങ്ങളായവയത്രേ.

## അഭിപ്രായ സ്വാതന്ത്ര്യം

തൻെറ ചിന്തകൾ വിനിമയം ചെയ്യാനും രേഖപ്പെടുത്താനുമുള്ള മനുഷ്യൻെറ കഴിവുമൂലം ആശയങ്ങൾ സ്ഥലകാലപരിധിയ്ക്കതീതമായിട്ടുണ്ടു്. മാത്രമല്ല, അവ, ശിലയേക്കാളും ഇരുമ്പിനേക്കാളും ഏറെക്കാലം നിലനിൽക്കുകയും ചെയ്യുന്നു. മനുഷ്യൻ ആർജ്ജിക്കുന്ന വിജ്ഞാനം അവനോടൊപ്പം മരിയ്ക്കുന്നില്ല; പ്രത്യുത, മററുള്ളവക്കു് ഒരു സൌധമായി നിലനിൽക്കുകയാണു് ചെയ്യുന്നതു്.

പ്രഭാഷണം ആപൽക്കരമായിത്തീർന്നേയ്ക്കാം — ജനങ്ങളെ പെട്ടെന്നാവേശം കൊള്ളിച്ചു് അവിവേകത്തിലേക്കു് നയിക്കുന്ന

പ്രഭാഷണം. എന്നാൽ ചരിത്രം ചൂണ്ടിക്കാണിക്കുന്നതുപോലെ, ആശയങ്ങൾ അടിച്ചമർത്തപ്പെടുന്നതു, കൂടുതൽ ആപൽക്കരമാണ്. ഗ്രന്ഥശാലകളുടെ ഉന്മൂലനാശം ഇരുണ്ട കാലഘട്ടങ്ങളുടെ സവിശേഷതയായിരുന്നു. ഹാം, സ്ടാസ്മേൻ തുടങ്ങിയവരുടെ പരീക്ഷണങ്ങൾ ലൈസെമെയ്റ്റനർ വായിക്കുകയും അതിനെപ്പററി തനിക്കുള്ള അഭിപ്രായങ്ങൾ ഫെർമി, ജോളിയട്ട് മുതലായവക്ക് വിനിമയം ചെയ്യുകയും ചെയ്തിരുന്നില്ലെങ്കിൽ, അണുശക്തി ഇന്നും അജ്ഞാതമായിരുന്നേനെ.

ഉഭയമാർഗ്ഗങ്ങളിലൊരുവിധം, മനുഷ്യൻ ഈ അഭിപ്രായപ്രകടനവ്യഗ്രതക്ക് പ്രതികരിച്ചിട്ടുണ്ട്. ആശയങ്ങൾ ആപല്ക്കരമാണെന്നിരിക്കെ, അന്ധകാരത്തിലിരിക്കുന്നവർ അവയെ സശ്രദ്ധം നിയന്ത്രിക്കണമെന്ന് ചിലർ പറയുന്നു. "പാർട്ടി ലൈനിൽ നിന്നും വ്യതിചലിക്കുന്നവരെ തടവിലാക്കുകയൊ നാടുകടത്തുകയൊ ചെയ്യുന്ന കമ്യൂണിസ്റ്റ്കളുടെ സമീപന രീതി ഇതാണ്. എല്ലാ ഏകാധിപതികളുടെയും തത്വശാസ്ത്രവും ഇതായിരുന്നു. ഈ വസ്തുതയുടെ ഒരു യഥാർത്ഥ പ്രതിഫലനമാണ് വെർജീനിയായിലെ കൊളോണിയൽ ഗവർണ്ണർ സർ വില്യം ബെർക്ക്ലിയുടെ അഭിപ്രായപ്രകടനം. 1671-ൽ അദ്ദേഹം ഇപ്രകാരമെഴുതി:

"നമുക്ക് സ്വതന്ത്രമായ വിദ്യാലയങ്ങളും അച്ചടിശാലകളും ഇല്ലാത്തതിൽ ഞാൻ ദൈവത്തോട് നന്ദിപറയുന്നു. ഒരു നൂറു വർഷക്കാലത്തേക്ക് ഇവ രണ്ടും ഉണ്ടാവല്ലേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കാരണം, ഭൂമുഖത്ത് അനുസരണക്കേടും പരദൂഷണവും ചേരികളുമുണ്ടാക്കിയത് വിദ്യാഭ്യാസമാണ്; അച്ചടിശാലകളാവട്ടെ, അവയെ പ്രചരിപ്പിക്കുകയും ഏററവും നല്ല ഗവമ്മേണ്ടിനെതിരെ കുപ്രചരണം നടത്തുകയും ചെയ്തു. ഇപ്പറഞ്ഞ രണ്ടിൽനിന്നും ഈശ്വരൻ നമ്മെ രക്ഷിക്കട്ടെ."

ടെനസ്സിയിൽ നടന്ന സുപ്രസിദ്ധമായ സ്കോപ്സിൻെറ കുററവിചാരണയുടെ പിന്നിലെ തത്വശാസ്ത്രം ഇതായിരുന്നു. ഈ ഇതിവൃത്തത്തിൻെറ നാടകീയാവിഷ്കരണമാണ് "ഇൻ ഹെരിററ് ദി വിൻറ്" എന്ന ചലച്ചിത്രത്തിലെ കഥാതന്തു. ബൈബിളിൽ പറയുന്ന ഉൽപ്പത്തിക്കഥക്ക് വിരുദ്ധമായി, ഡ്വാർവിൻെറ പരിണാമസിദ്ധാന്തം പഠിപ്പിച്ച കുററത്തിന് 1920 കാലത്ത് ഒരു അദ്ധ്യാപകനെ വിചാരണചെയ്ത ശിക്ഷിച്ച കഥയാണത്.

(Scopes V. State, 154 Tenn. 105)

മാനവരാശിയുടെ നേട്ടങ്ങളുടെ കാതലായ, മനുഷ്യൻെറ ചിന്തിക്കാനും അഭിപ്രായം പറയുവാനുമുള്ള സ്വാതന്ത്ര്യത്തെ ഗവമ്മേണ്ടുകൾ ഉല്ലംഘിക്കാൻ പാടില്ല എന്നതാണ് അമേരിക്കയുടെ ആദർശം. അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കുക എന്ന സാഹസം കൊണ്ടുണ്ടായേക്കാവുന്ന, യഥാർത്ഥമോ സാങ്കല്പികമോ ആയ ആപത്തിൻെറ പതിന്മടങ്ങ് ശക്തിയുള്ള വിപത്തുണ്ടാകും അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടാൽ എന്ന് ചരിത്രം പഠിപ്പിക്കുന്നു. ഈ വസ്തുത, പത്തൊമ്പതാം നൂററാണ്ടിലെ മഹാനായ ബ്രിട്ടീഷ്സാഹിത്യകാരനായ ജോൺസ്റ്റുവർട്ട് മില്ലിനേക്കാൾ ഭംഗിയായി ആരും പറഞ്ഞുവെച്ചിട്ടില്ല. അദ്ദേഹം പറഞ്ഞു:

"ഒരാൾക്കൊഴികെ, മാനവരാശിക്കു മുഴുവനും ഒരഭിപ്രായവും ആ ഒരാൾക്ക് മറെറാരഭിപ്രായവുമാണെന്നിരിക്കട്ടെ. അത്തരമൊരവസ്ഥയിൽ ആ ഒരാളുടെ അഭിപ്രായത്തെ അപ്പാടെ അടിച്ചമർത്തുന്ന മാനവരാശിയുടെ പ്രവൃത്തി ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. അതുപോലെത്തന്നെ ന്യായീകരിക്കാൻ വ

യ്യാത്തതാണ്, മാനവരാശിയുടെ മുഴുവൻ അഭിപ്രായത്തെയും ആ ഒരാൾ, (അതിനുള്ള അധികാരമുണ്ടെങ്കിൽ) അടിച്ചമർത്തുന്നതും. മററാക്കും വിലപ്പെട്ടതല്ലാത്ത ആ ഒരഭിപ്രായം ഒരാൾ വെച്ചുപുലർത്തുകയാണെങ്കിൽ, ആ സ്വാതന്ത്ര്യത്തെ തടയുന്നതു് കേവലം വ്യക്തിപരമായ വ്രണപ്പെടുത്തലാണെന്നു വാദിച്ചാൽ പോലും ആ വ്രണപ്പെടുത്തൽ കുറച്ചുപേരെ മാത്രം ബാധിക്കുന്നതാണെന്നോ, കുറെയേറെ പേരെ ബാധിക്കുന്നതാണെന്നോ പറയുന്നതിൽ അർത്ഥമില്ല. എന്നാൽ ഒരഭിപ്രായത്തിൻെറ പ്രകാശനം തടയുക എന്ന സവിശേഷവിപത്ത് മനുഷ്യരാശിയെത്തന്നെ—ഇന്നത്തെ തലമുറയാവട്ടെ, ഭാവിതലമുറയാവട്ടെ; ഈ അഭിപ്രായത്തോടു് പ്രാതികൂല്യമുള്ളവരാവട്ടെ—ദരിദ്രമാക്കുന്നുവെന്നത്രേ. ആ അഭിപ്രായം ശരിയാണെങ്കിൽ, തെററുതിരുത്താനുള്ള അവസരം മനുഷ്യരാശിക്ക് നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നതു്. അല്ല, തെററാണെങ്കിലോ, തെററുമായി സത്യത്തിൻെറ മാററുരച്ചുനോക്കുന്നതിനുള്ള—കൂടുതൽ വ്യക്തവും സജീവവുമായ സത്യത്തിൻെറ മാററുനോക്കാനുള്ള—ഒരവസരം അവർക്ക് നഷ്ടപ്പെടുത്തുകയായിരിക്കും ഫലം.

അഭിപ്രായസ്വാതന്ത്ര്യത്തേയും പത്രസ്വാതന്ത്ര്യത്തേയോ വെട്ടിച്ചുരുക്കുന്ന യാതൊരു നിയമവും കോൺഗ്രസ്സ് ആവിഷ്കരിക്കുകയില്ല എന്നു് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്ന ഒന്നാമത്തെ ഭേദഗതിയുടെ അന്തസ്സത്തയാണ് ഇതു്.

അവസാന വിശകലനത്തിൽ നമ്മുടെ ചിന്താഗതിയും പൊരുത്തപ്പെടാത്ത അയൽപക്കക്കാരനോടും നമ്മോടു് വിയോജിക്കുന്നവനോടും ന്യൂനപക്ഷാഭിപ്രായം വെച്ചുപുലർത്തുന്നവനോടും നാം പെരുമാറുന്ന രീതിയും വാസ്തവത്തിൽ അയാൾ അനുഭ

വിക്കുന്ന സൌമനസ്യവുമാണു് സ്വാതന്ത്ര്യംകൊണ്ടു് നാം വിവക്ഷിക്കുന്നതു്.

ഒരു വ്യക്തിയുടെ അഭിപ്രായത്തെ അടിച്ചമർത്തുന്നതു് ആ വ്യക്തിയോടു ചെയ്യുന്ന ഒരപരാധം മാത്രമല്ല; പ്രത്യുത, മനുഷ്യവർഗ്ഗത്തെ ദരിദ്രമാക്കലാണു് എന്നു് മില്ലിന്റെ പ്രസ്താവന ആവർത്തിച്ചുറപ്പിക്കുന്നു. അഭിപ്രായസ്വാതന്ത്ര്യം ഒരു ദ്വിമുഖാവകാശമാണു്. അതു് പ്രസംഗിക്കാനും എഴുതാനും അച്ചടിക്കാനുമുള്ള അവകാശമാണു്; അതേസമയം കേൾക്കാനും വായിക്കാനും കാണാനും അറിയുവാനുമുള്ള അവകാശവുമാണു്. ആശയവിനിമയത്തിൽ, സ്വാഭാവികമായും, രണ്ടോ അതിലധികമോ ആളുകൾ ഉൾപ്പെടുന്നു. ബോറിസ് പാസ്റ്റർനാക്കിന്റെ നോവൽ റഷ്യയിൽ വിൽക്കാൻ സോവിയറ്റ് യൂണിയൻ അനുമതി നിഷേധിക്കുമ്പോൾ, തന്റെ ആശയങ്ങൾ വിനിമയം ചെയ്യാനുള്ള പാസ്റ്റർനാക്കിന്റെ അവകാശത്തെ നിഷേധിക്കലാണതു്. അതുപോലെത്തന്നെ പാസ്റ്റർനാക്കു് നോബൽസമ്മാനം നേടിയ ആ നോവൽ വായിച്ചു് ആഹ്ലാദം കൊള്ളാനും പ്രചോദനം നേടാനുമുള്ള ദശലക്ഷക്കണക്കിനു് സോവിയറ്റ് ജനതയുടെ അവകാശവും നിഷേധിക്കപ്പെടുന്നു.

"അഭിപ്രായ" സ്വാതന്ത്ര്യത്തെപ്പറ്റിയും "പത്ര" സ്വാതന്ത്ര്യത്തെപ്പറ്റിയും ഭരണഘടനയിൽ ഉപപാദിക്കുന്നുണ്ടു്. പത്രാധിപരുടേയും ഗ്രന്ഥകർത്താവിന്റേയും പ്രാസംഗികന്റേയും മേൽ ഏതു വിധത്തിലുള്ള സെൻസറിങ്ങ് ഏർപ്പെടുത്തുന്നതിനേയും ഭരണഘടന നിരോധിക്കുന്നു. ചലച്ചിത്രങ്ങളേയും ടെലിവിഷനേയും സെൻസറിങ്ങിൽനിന്നും ഭരണഘടന രക്ഷിക്കുന്നുണ്ടോ? ആദ്യത്തെ ഭേദഗതി തന്നെ എല്ലാ വിധത്തിലുള്ള സെൻസറിങ്ങിനേയും നിരോധിക്കുന്നുവെന്നാണു് പലരും ധ

രിച്ചു വെച്ചിട്ടുള്ളതെങ്കിലും, ഈ വാദഗതിയിൽ ഇതുവരെ കോടതികളിൽ ഒരു വിധിയുണ്ടായിട്ടില്ല. സെൻസറിങ്ങിന്നെതിരായ വാദഗതി വളരെ വ്യക്തമാണ്: നമ്മുടെ അഭിരുചികളും ആശയങ്ങളും വിശ്വാസങ്ങളും ആരാലും നിയന്ത്രിക്കപ്പെടരുത്. എന്താണ് വിലപ്പെട്ടതു് എന്നോ എന്താണ് വിലകെട്ടത് എന്നോ കല്പിക്കാനുള്ള അവകാശം യാതൊരു ഉദ്യോഗസ്ഥനും ഇല്ല. നോവലുകളും ചലച്ചിത്രങ്ങളും കാർട്ടൂണുകളും ഛായാചിത്രങ്ങളും കൊത്തുവേലകളുമെല്ലാം, പ്രധാനമായും സഹൃദയാസ്വാദനത്തിനുള്ളവയാണെങ്കിലും, അവയും ചില ആശയങ്ങൾ പ്രകാശിപ്പിക്കുന്നുണ്ടു്. ഏതെങ്കിലും ചില പ്രത്യേക രാഷ്ട്രീയ ചേരികൾക്കോ, വിഭാഗീയ ചിന്താഗതിക്കാർക്കോ ദ്രോഹകരമാണെന്നും കലാപരമോ ബുദ്ധിപരമോ ആയ മൂല്യമില്ലെന്നും ആരെങ്കിലും ഒരാൾ അഭിപ്രായപ്പെടുന്നതുകൊണ്ടു് ആ കൃതിയുടെ പ്രസിദ്ധീകരണം നിരോധിക്കുന്നതു് ഒരു തരത്തിലും ആശാസ്യമല്ല. ഒരു സാഹിത്യസൃഷ്ടി എന്ന നിലയിൽ "അങ്കിൾ ടോംസ് കേബിൻ'' ലക്ഷണമൊത്ത കൃതിയൊന്നുമല്ല. പക്ഷെ ജനതയുടെ ഹൃദയത്തിൽ ആ കൃതി ഉളവാക്കിയ ചലനങ്ങൾ അഭൂതപൂർവ്വമായിരുന്നു.

മറെറാരാൾ തന്നെപ്പററി പറഞ്ഞ തെററായ പ്രസ്താവനകൊണ്ടു് ഒരു വ്യക്തിയുടെ യശസ്സിന്നു് കോട്ടംതട്ടുന്നുവെങ്കിൽ, തീർച്ചയായും ആ വ്യക്തിക്ക് മാനനഷ്ടപരിഹാരം തേടാം. ഈ പരിഹാരം അപവാദപ്രചരണത്തിന്നെതിരായുള്ള ചരിത്രപരമായ നടപടികളിലൂടെയായിരിക്കും—ആദ്യത്തെ ഭേദഗതികൊണ്ടു തന്നെ കോൺഗ്രസ്സ് ഈ ദുഷ്പ്രവണതയെ നിരോധിച്ചിട്ടുണ്ടല്ലോ. ഐക്യനാടുകൾ രൂപംകൊള്ളുന്നതിന്നു മുമ്പുതന്നെ സ്റ്റേറ്റുകൾ അനുവർത്തിച്ചുപോന്നിരുന്നതാണ് അതു്; പിന്നീടിങ്ങോട്ടു അതനുവർത്തിക്കപ്പെട്ടുപോരുന്നുമുണ്ടു്. ഗവമ്മേണ്ടിനെസ്സംബ

45587

ന്ധിക്കുന്ന കാര്യങ്ങളിൽ, അഥവാ, ഒരു രാഷ്ട്രീയസ്ഥാനാർത്ഥിയുടെ അർഹത പരിഗണിക്കപ്പെടുമ്പോൾ, സ്വതന്ത്രമായി അഭിപ്രായം രേഖപ്പെടുത്താനും അതിനിശിതമായി വിമർശിക്കാനും നിയമം വ്യാപകമായ അവകാശം നൽകുന്നുണ്ട്. പൊതുജനതാല്പര്യമുള്ള കാര്യങ്ങളിലും, ആ അഭിപ്രായം തെററാണ് എന്ന് ആരെങ്കിലുമൊരാൾ തീരുമാനിക്കുന്നുവെന്നതുകൊണ്ടു മാത്രം, അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നില്ല. അങ്ങിനെ, പൊതുപ്രശ്നങ്ങളിൽ ഞങ്ങൾ വ്യാപകവും വിശാലവുമായ ആശയവിനിമയത്തെ സർവ്വഥാ പ്രോത്സാഹിപ്പിക്കുന്നു.

അടിച്ചമർത്തപ്പെട്ട ആശയഗതികൾ, വ്യാജവും ആപൽക്കരവുമായിരുന്നു എന്ന കാരണംപറഞ്ഞു അഭിപ്രായസ്വാതന്ത്ര്യധ്വംസനശ്രമങ്ങളെയെല്ലാം സാധൂകരിക്കുന്നതായി ചരിത്രത്തിലുടനീളം കാണാം. "തെററായ" സംഹിതകളുടെ പേരിൽ മതപരമായ യുദ്ധങ്ങൾ നടത്തപ്പെട്ടു. 'അയഥാർത്ഥ'മെന്നും വിഡ്ഢിത്തങ്ങളെന്നും പറഞ്ഞു ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ അപലപിച്ചു. തങ്ങൾക്ക് പ്രാതികൂല്യമുള്ള എന്തും ഏതും ആപൽക്കരമെന്നും അയഥാർത്ഥമെന്നും വിധിക്കാൻ അധികാരത്തിലിരിക്കുന്നവർക്ക് എളുപ്പമാണ്. മതപരമോ ധാർമ്മികമോ ആയ മൂല്യങ്ങൾ പ്രകാശിപ്പിക്കാൻ ചിലർ സാഹിത്യവും കലയും ഉപയോഗപ്പെടുത്തുന്നു. ലൈംഗികകാര്യങ്ങൾ സ്വതന്ത്രമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ നിരോധിക്കാനും അത്തരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നവരേയും വിതരണം ചെയ്യുന്നവരേയും ശിക്ഷിക്കാനും ചിലർ ഒരുമ്പെട്ടിട്ടുണ്ട്. അശ്ലീലസാഹിത്യം പ്രസിദ്ധപ്പെടുത്തുന്നതിന്നോ വിതരണം ചെയ്യുന്നതിന്നോ ഒരു വ്യക്തിയെ ശിക്ഷിക്കുമ്പോൾ, അയാളെ ഒരു ജൂറി വിചാരണ ചെയ്യും. സ്വതന്ത്രപത്രത്തെസ്സംബന്ധിച്ചേടത്തോളം ഇതൊരു വലിയ സംരക്ഷണമാണ്, കാരണം, ഒരു സ്വാതന്ത്ര്യധ്വംസകനാണ് ഭരിക്കുന്നതെങ്കിൽ,

അയാൾക്ക് ഏതൊരു പ്രസിദ്ധീകരണത്തേയും കേവലം തൂലിക കൊണ്ടു് അടിച്ചമർത്തിക്കളയാം. നിഷ്പക്ഷമായ വിചാരണ നടത്തുന്ന ജൂറിയെക്കൊണ്ടു് ഏതെങ്കിലുമൊരു പ്രസിദ്ധീകരണം നിയമവിരുദ്ധമാണെന്നു് പറയിപ്പിക്കുവാനൊ, ആ പ്രസാധക നെ ശിക്ഷയ്ക്കു വിധേയനാക്കാനോ ഒരു ഗവമ്മേണ്ടിനു് സാദ്ധ്യ മല്ല.

അശ്ലീലമെന്ന ആരോപണത്തിന്നു് വിധേയമാകുന്ന സാ ഹിത്യങ്ങളെ സംരക്ഷിക്കുന്നതിൽ കോടതികൾ ബഹുദൂരം മുന്നോ ട്ടുപോയിട്ടുണ്ടു്. ഒരു ഗ്രന്ഥം, ഖണ്ഡികയായല്ല, സമഗ്രമായി പരിശോധിക്കപ്പെടണം. ഇന്നു് ഏതായാലും, അറുവഷളനാ യ, സഭ്യേതരങ്ങളിൽ സഭ്യേതരമായ പ്രസിദ്ധീകരണങ്ങളെ മാ ത്രമേ നിയമത്തിന്റെ ഹസ്തങ്ങൾ പിടികൂടുന്നുള്ളു.

(Roth V. United States 354
U. S. 476)

അഭിപ്രായസ്വാതന്ത്ര്യധ്വംസനത്തിന്നു കാരണമായി പറ ഞ്ഞുകേൾക്കാറുള്ള മറെറാരു സംഗതി, സമാധാനഭംഗമുണ്ടാക്കി യേക്കുമെന്നതാണു്. പൊതുപ്രാസംഗികന്മാർ അതിശയോക്തി കലർത്തിയും ഗുരുതരമായ ആരോപണങ്ങളുന്നയിച്ചുമാണു് സാധാ രണയായി പ്രസംഗിക്കുക, തെരുവുകളിലും പാർക്കുകളിലും മ ററും മററും നടത്തുന്ന ഇമ്മാതിരി 'മൈതാനപ്രസംഗങ്ങൾ,' പലപ്പോഴും ശ്രോതാക്കളിൽനിന്നും ഹർഷാരവവും കയ്യടിയും ഉയ ത്തും. അത്തരമവസരങ്ങളിൽ പോലീസിന്റെ കത്തവ്യം പ്രാ സംഗികനെ സംരക്ഷിക്കുക എന്നതായിരിക്കും. എന്നാൽ ഗുരു തരമായ സ്ഥിതിവിശേഷങ്ങളിൽ മാത്രമേ - അതായതു്, ഒരു കലാപം പൊട്ടിപ്പുറപ്പെട്ടുമെന്നോ, പ്രാസംഗികൻ അക്രമപ്രവൃ

ത്തികൾക്ക് ആഹ്വാനം ചെയ്യുകയാണെന്നോ വ്യക്തമായ അവസരങ്ങളിൽ മാത്രമേ – പ്രാസംഗികനെ തടയാറുള്ളു.

(Feiner V. New York, 340 U. S. 315;
Beauharnais V. Illinois, 343 U. S. 250 )

പ്രാസംഗികന്മാർക്ക് തീപറത്താൻ സാധിക്കുന്ന ഒരു സ്ഥലം എന്ന നിലയിൽ ലണ്ടനിലെ ഹൈഡെ പാർക്ക് പ്രസിദ്ധമാണ്. ഹൈഡെ പാർക്കിന്റെ പാരമ്പര്യം അമേരിക്കയ്ക്കുമുണ്ട്. വഴിക്കവലകളിലെ പ്രാസംഗികന്മാർ, സത്യമോ സാങ്കല്പികമോ ആയ പരാതികളുന്നയിച്ചുകൊണ്ട് അമേരിക്കൻ ഭരണകൂടത്തിലെ അത്യുന്നതരായ വ്യക്തികളെ കടുത്ത, അപമര്യാദ നിറഞ്ഞു കമിഞ്ഞ ശൈലിയിൽ അപലപിച്ചേക്കും. എന്നിരിക്കിലും, പെട്ടെന്നെന്തെങ്കിലും അക്രമപ്രവൃത്തികൾക്ക് ആഹ്വാനം ചെയ്യുന്നില്ലെങ്കിൽ, അവർ ശിക്ഷയ്ക്കു വിധേയരായിത്തീരുകയില്ല.

ഇന്നിപ്പോൾ ഈ പ്രദേശത്തെ ഏററവും വലിയ പ്രശ്നം, പ്രസംഗിക്കാനും തത്വസംഹിതകൾ പഠിപ്പിക്കാനുമുള്ള കമ്യൂണിസ്റ്റുകളുടെ അവകാശത്തെസ്സംബന്ധിക്കുന്നതത്രേ. പ്രത്യക്ഷവും പെട്ടെന്നുണ്ടായേക്കാവുന്നതുമായ ഭീഷണികൾക്കെതിരെ സ്വരക്ഷാനടപടികൾ കൈക്കൊള്ളാൻ എല്ലാ ഗവമ്മേണ്ടുകൾക്കും അവകാശമുണ്ട്, കമ്യൂണിസ്റ്റ് തത്വസംഹിതയുടെ അടിസ്ഥാനപരങ്ങളായ കൃതികൾ – മാർക്സിന്റെയും ലെനിന്റെയും സ്റ്റാലിന്റെയും കൃതികൾ – സ്വതന്ത്രലോകത്തിലെ എല്ലാ പണ്ഡിതന്മാക്കും വിദ്യാത്ഥികൾക്കും പഠിയ്ക്കാനാകുമോ? നിയമം ലംഘിക്കാതെ ഇമ്മാതിരി കൃതികൾ മററുള്ളവരെ പഠിപ്പിക്കാൻ കമ്യൂണിസ്റ്റ്കൾക്ക് എത്രമാത്രം സാധിക്കും? മനസ്സിലാക്കാനോ, തിരസ്കാ

രിക്കാനോ ആവട്ടെ, പണ്ഡിതന്മാർ കമ്യൂണിസ്റ്റ് ഗ്രന്ഥങ്ങൾ പഠിയ്ക്കുന്നതു് മനസ്സിലാക്കാം. ഇതേ ഗ്രന്ഥങ്ങൾതന്നെ മററു കമ്യൂണിസ്റ്റ്കളെ പഠിപ്പിക്കാൻ ഒരു കമ്യൂണിസ്റ്റ് സംഘടന ഒരുങ്ങുകയാണെങ്കിൽ കോൺഗ്രസ്സിനു് ആ നടപടിയെ നിയമവിരുദ്ധമാക്കാൻ കഴിയുമോ? സമീപ ഭാവിയിലൊന്നും പ്രാദേശികതലത്തിലോ ദേശീയതലത്തിലോ ഭരണാധികാരം കമ്യൂണിസ്റ്റ്കൾക്കു് ലഭിക്കുന്ന ലക്ഷണമില്ലെങ്കിലും, ഈ അവസാനത്തെ ചോദ്യത്തിന്നു് അനുകൂലഭാവത്തിലാണു് കോടതിവിധികളുണ്ടായിട്ടുള്ളതു്.

(Dennis V. United States 341 US 494)

ഈ വിധി പ്രസ്താവനമൂലം, എന്റെ അഭിപ്രായത്തിൽ കോടതികൾ ചെയ്തിട്ടുള്ളതു് വിററ്നി-കലിഫോർണിയ കേസിൽ (Whitney V. California, 274. U. S. 357, 377) മി. ജസ്റ്റിസ് ബ്രേൻറിസ് രേഖപ്പെടുത്തിയ തത്വശാസ്ത്രത്തെ തിരസ്കരിക്കുകയാണെന്നാണ്.

"കള്ളത്തരവും തെററുകളും ചർച്ചവഴി പുറത്തുകൊണ്ടുവരാനും വിദ്യാഭ്യാസത്തിന്റെ പ്രക്രിയകളിലൂടെ തിന്മ ഒഴിവാക്കാനും സാവകാശമായ സമയമുണ്ടെങ്കിൽ, ചെയ്യേണ്ട പരിഹാരം കൂടുതൽ സംസാരിക്കുകയാണ്; നിർബ്ബന്ധിച്ച് സംസാരിപ്പിക്കാതിരിക്കയല്ല." എന്നാണ് ബ്രേൻറിസ് പറയുന്നതു്.

ഒന്നാമത്തെ ഭേദഗതികൊണ്ടുതന്നെ അഭിപ്രായസ്വാതന്ത്ര്യത്തിന്റേയും പത്രസ്വാതന്ത്ര്യത്തിന്റേയും മേൽ ഫെഡറൽ ഗവമ്മെണ്ടിന്നു് ഭരണഘടന "യാതൊരു വക അധികാരവും" അന

വദിക്കുന്നില്ല എന്നാണ് മാഡിസന്റെ പക്ഷം. നമ്മുടെ സമുദായത്തിന്റെ ആരോഗ്യത്തിന്നു് അഭിപ്രായസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും അനപേക്ഷണീയമാണെന്ന വസ്തുതയുടെ പ്രാധാന്യം, പതിനാലാമത്തെ ഭേദഗതിയിലെ 'ഡ്യൂ പ്രോസസ്സ് ക്ലോസി'ന്റെ സഹായത്തോടെ സ്റ്റേററ് കൈക്കൊള്ളുന്ന നടപടികളെക്കൂടി ഒന്നാമത്തെ ഭേദഗതിയിലെ ഉറപ്പുകൾ ഉൾക്കൊള്ളുന്നുണ്ടെന്നുപോലും കോടതികളെക്കൊണ്ടു വിധികല്പിക്കാനിടയാക്കിയിട്ടുണ്ട്.

(Gittow V. New York 268, US 652, 666)

# സംഘം ചേരാനുള്ള സ്വാതന്ത്ര്യം
# അഥവാ
# സംഘടനാസ്വാതന്ത്ര്യം.

തന്റെ അഭിപ്രായങ്ങൾ പ്രകാശിപ്പിക്കുവാനായി ഒരാൾ സമാധാനപരമായ ഒരു സമ്മേളനം നടത്തുന്നതിന്നു് ശിക്ഷിക്കപ്പെടുകയോ, തന്റേയോ തന്റെ ഗ്രൂപ്പിന്റേയോ ആശയങ്ങൾ വിനിമയം ചെയ്യാനോ സുശക്തമാക്കാനോ വേണ്ടി ഒരു സംഘടനയിൽ ചേരുന്നതു തടയപ്പെടുകയോ ചെയ്താൽ അഭിപ്രായസ്വാതന്ത്ര്യം എന്നു പറയുന്നതിന്നു് പ്രായോഗികമൂല്യമൊന്നുമില്ല. അതുകൊണ്ടു്, സമാധാനപരമായി സംഘം ചേരാനും സഹകരിക്കാനുമുള്ള, ഒന്നാമത്തെ ഭേദഗതി നൽകുന്ന അവകാശത്തിന്റെ ഉറപ്പ്. അഭിപ്രായസ്വാതന്ത്ര്യത്തെപ്പോലെത്തന്നെ മൌലികമായ ഒരു അവകാശമാണ്.

പൊതുജനതാൽപ്പര്യമുള്ള കാര്യങ്ങളെപ്പററി ചർച്ചചെയ്യാൻ ഒരു സമ്മേളനം ചേർന്ന കമ്യൂണിസ്റ്റുകളെ ശിക്ഷിക്കാൻ സ്റ്റേററ് ഒരുങ്ങിപ്പുറപ്പെട്ടതു സംബന്ധിച്ച "De Jonge V. Oregon, 299 U. S. 353 " എന്ന കേസിൽ കോടതിയിൽ നിന്നുണ്ടായ വിധിയിൽ പറയുന്നതുപോലെ, ഈ അവകാശം എല്ലാ പൌരന്മാക്കുമുള്ളതാണ്. അക്രമങ്ങൾക്കോ കുററകൃത്യങ്ങൾക്കോ പ്രേരണ നൽകുന്നുണ്ടെങ്കിൽ മാത്രമേ സംഘം ചേരാനുള്ള അവകാശം ദുരുപയോഗപ്പെടുത്തിയതായി കണക്കാക്കാവൂ എന്നും അങ്ങിനെയെന്തെങ്കിലുമുണ്ടായാൽ, അത്തരം പ്രവത്തനങ്ങൾക്കെതിരെ സത്വരനടപടികളെടുക്കാൻ ഗവമ്മേണ്ടിന്നു് സ്വാതന്ത്ര്യമുണ്ടെന്നുമാണ് കോടതി വിധിച്ചതു്. എന്നാൽ, സംഘം ചേർന്നവർ അപ്രശസ്തരോ അസാന്മാർഗ്ഗികളോ ആണെന്ന കാരണം കൊണ്ടു മാത്രം നിയമാനുസൃത ചർച്ചകൾക്കായി സംഘം ചേരുന്നതു് ഒരു കുററമായി കരുതിക്കൂടാ. കോടതിപറയുന്നു: "സംഘം ചേർന്ന വ്യക്തികൾ മറെറവിടെയെങ്കിലും കുററം ചെയ്തവരാണെങ്കിൽ, പൊതുസമാധാനക്രമപരിപാലനം ലംഘിക്കാൻ വേണ്ടി അവർ ഏതെങ്കിലും ഗൂഢാലോചന നടത്തുകയോ ഗൂഢാലോചനയിലേർപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരെ ഗൂഢാലോചന നടത്തിയതിന്നോ, അതല്ലെങ്കിൽ സാധുവായ നിയമങ്ങൾ ലംഘിച്ചതിന്നോ ശിക്ഷിക്കാവുന്നതാണ്. എന്നാൽ അത്തരം കുററങ്ങൾക്കു് അവരെ ശിക്ഷിക്കുന്നതിന്നുപകരം സമാധാനപരമായി സംഘം ചേർന്നതും നിയമാനുസാരം പൊതുയോഗം ചേർന്നതും ശിക്ഷാർഹമായ ഒരു കുററമായി സ്റ്റേററ് കണക്കാക്കിയാൽ അതു് മറെറാരു പ്രശ്നമാണ്''

ഒരു കാര്യം തീർച്ചയാണ്; പലപ്പോഴും ആളുകൾ സംഘം ചേരുന്നതു് പല പ്രശ്നങ്ങളും സൃഷ്ടിക്കാറുണ്ട്; സമാധാനപാലനത്തിൻേറയും ക്രമസംസ്ഥാപനത്തിൻേറയും പേരിൽ പലപ്പോഴും

പല നിയന്ത്രണങ്ങളും വേണ്ടിവരും, ഉദാഹരണത്തിന്, തിരക്കനിറഞ്ഞ ഒരു വഴിയുടെ മദ്ധ്യേ ഒരാൾ പൊതുയോഗം സംഘടിപ്പിക്കാൻ പാടില്ല. ബഹളം, കലാപം, ഗതാഗതസ്തംഭനം തുടങ്ങി പലതും അതിൻെറ ഫലമായുണ്ടാകും. അത്തരം നടപടികളെ നിയന്ത്രിക്കുകതന്നെ വേണം; അതേസമയം ആ നിയന്ത്രണം അഭിപ്രായസ്വാതന്ത്ര്യത്തെ നിഷേധിക്കുവാനുള്ള ഒരു മറയായി ഉപയോഗപ്പെടുത്തരുതെന്നുമാത്രം.

ഒരാൾ എഴുതുന്നതും വായിക്കുന്നതുമെല്ലാം ഗവമ്മേണ്ടിന് നിയന്ത്രിക്കാൻ കഴിഞ്ഞു എന്നുവരില്ല. തന്നെയുമല്ല, ഒരാൾ എന്തുവിചാരിക്കുന്നു തുടങ്ങിയ കാൎയ്യങ്ങളൊന്നും ഗവമ്മേണ്ടിൻെറ ശ്രദ്ധയിൽ പെടേണ്ടതുമല്ല. ഒരാൾ എന്തെല്ലാം വായിക്കുന്നു എന്നകാൎയ്യം നിർബ്ബന്ധിച്ചു വെളിപ്പെടുത്താൻ കഴിയുമെങ്കിൽ, ആ വഴിക്ക് അയാളുടെ ചിന്തകളേയും പരോക്ഷമായി നിയന്ത്രിക്കാം. വായിക്കുന്ന എല്ലാവരുടേയും നേരെ ഗവമ്മേണ്ടിൻെറ ഒരു പ്രതിനിധിക്ക് കണ്ണുവെച്ചുകൊണ്ടിരിക്കാം. ഗവമ്മേണ്ടിന്റെ നിഴൽ, ആ ഗവമ്മേണ്ടിന് വിയോജിപ്പുള്ള സാഹിത്യം വായിക്കുന്നവരേയും അമ്മാതിരി സാഹിത്യങ്ങളേയും എപ്പോഴും പിൻതുടൻകൊണ്ടേയിരിക്കും. ഒരാളുടെ വ്യക്തിപരമായ വീക്ഷണങ്ങളിലുള്ള സ്വകാൎയ്യാവകാശം എന്നുപറഞ്ഞാൽ അയാൾ വായിക്കുന്ന ഗ്രന്ഥങ്ങളും അയാളുടെ സൌഹൃദവലയവും അയാൾ ഉൾക്കൊള്ളുന്ന ഗ്രൂപ്പും ഉൾപ്പെടുന്നു. ആ വക കാൎയ്യങ്ങൾ നിയന്ത്രിച്ചുകൊണ്ടു ഗവമ്മേണ്ടിനു നിയമം പാസ്സാക്കാനാവില്ല; അതുകൊണ്ടുതന്നെ അത്തരം കാൎയ്യങ്ങൾ അന്വേഷിക്കുന്നതും നിയമാനുസാരമായി ശരിയുമല്ല. തൻെറ പ്രസിദ്ധീകരണങ്ങളിലേക്ക് സംഭാവന ചെയ്യുന്ന വ്യക്തികളുടെ പേരുകൾ വെളിപ്പെടുത്താൻ ഒരു പ്രസാധകനോട് ആവശ്യപ്പെടാൻ പാടില്ല. കാരണം, അങ്ങിനെ ആവശ്യപ്പെടുന്നതും അയാളുടേയും അയാളുടെ വായനക്കാരു

ടേയും അഭിപ്രായസ്വാതന്ത്ര്യത്തെ ധ്വംസിക്കലായിരിക്കും. (U. S. V. Rumely, 345 U. S. 41, 56 നോക്കുക) അതേ കാരണംകൊണ്ടുതന്നെ, നിയമാനുസാരമായ ഒരു ലക്ഷ്യത്തിനു വേണ്ടി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സംഘത്തിലെ അംഗത്വം വെളിപ്പെടുത്താനോ, ഏതെങ്കിലും സംഘടനകളോട് അവയുടെ അംഗങ്ങളുടെ ലിസ്റ്റ് വെളിപ്പെടുത്താനോ ഗവമ്മേണ്ടിന്ന് ആവശ്യപ്പെടാൻ പാടില്ല, കൊള്ളരുതാത്ത ഉദ്ദേശ്യങ്ങൾക്കുവേണ്ടി നിലക്കൊള്ളുന്ന ഒരു സംഘടനയുടെ അഭംഗുരമായ നിലനില്പിന്നു അജ്ഞാതാവസ്ഥയും രഹസ്യങ്ങളും ചിലപ്പോൾ അനുപേക്ഷണീയമായെന്നു വരാം. അത്തരം സംഗതികളിൽ ആ അജ്ഞാതാവസ്ഥയെ ഗവമ്മേണ്ട് തകക്കാൻ പാടില്ല. കാരണം ആ അധികാരവിനിയോഗം ആ സംഘടനയെത്തന്നെ നശിപ്പിക്കുന്ന അധികാരവിനിയോഗത്തിനു തുല്യമായിരിക്കും. (N. A. A. C. P. V. Alabama, 357 U. S. 449 നോക്കുക.) അധികാരംമൂലം എല്ലാം പരസ്യമാക്കിയാലും ആപൽക്കരമായ പ്രത്യാഘാതങ്ങളൊന്നുമില്ലാത്ത കാര്യങ്ങളിൽതന്നെയും, ഒരു മനുഷ്യൻെറ സഹവാസവും പള്ളിയും അനുഭാവങ്ങളും, അയാളുടെ വിശ്വാസങ്ങളെപ്പോലെത്തന്നെ, ഗവമ്മേണ്ടിൻെറ അധികാരങ്ങൾക്കതീതമാകുന്നുണ്ട് ഒന്നാമത്തെ ഭേദഗതി. ഒരാളുടെ സഹവാസികളുന്നിന്നപേരായിരിക്കണമെന്നു വിധിക്കുവാൻ അധികാരമില്ലാത്ത ഒരു ഗവമ്മേണ്ടിന്ന് തൻെറ സഹപ്രവൎത്തകമണ്ഡലം രഹസ്യമാക്കിവെക്കാനാഗ്രഹിക്കുന്ന ഒരു വ്യക്തിയെ ശിക്ഷിക്കാനും അധികാരമില്ല.

## മതസ്വാതന്ത്ര്യവും മനഃസാക്ഷിയുടെ സ്വാതന്ത്ര്യവും

ഒരാൾ ചിന്തിക്കുന്നു എന്നതുകൊണ്ട് സമുദായത്തിന്നു ഒരു ദോഷമായി ഭവിക്കാനുള്ള പരിമിതമായ സാദ്ധ്യതപോലും യ

ഥാത്ഥത്തിൽ ഇല്ല. ആ നിലയ്ക്ക് ഒരു വ്യക്തിയുടെ വിശ്വാസങ്ങളും ചിന്തകളും തീർച്ചയായും ഗവമ്മേണ്ടിന്റെ നിയന്ത്രണത്തിന്നു അതീതമായിരിക്കണം. എന്നാൽ, രാജാവിനെ കൊലചെയ്യാൻവേണ്ടി ആലോചന നടത്തിയ മനുഷ്യരെ ശിക്ഷിച്ചിരുന്ന ഒരു കാലഘട്ടം ഇംഗ്ലണ്ടിലുണ്ടായിരുന്നു—പതിമൂന്നാം നൂററാണ്ടുമുതൽ പതിനേഴാംനൂററാണ്ടുവരെ - ഇംഗ്ലണ്ടിൽ, ആദ്യമാദ്യം വൈദികകോടതികളും പിന്നീട് "സ്റ്റാർചേംബറി"ന്റെ രാജകീയ കോടതികളും, രാജാവിനോടു കൂറില്ലാത്തവരേയും മതവിരോധികളേയും ശിക്ഷിക്കാനും ഒരു വ്യക്തിയുടെ വിശ്വാസങ്ങളെ ചോദ്യംചെയ്യാനും മൃത്യുമുറകളടങ്ങിയ ശിക്ഷ വിധിച്ചിരുന്നു. ഇംഗ്ലണ്ടിലെ ആദ്യകാലചക്രവർത്തിമാർ, തങ്ങളുടെ പ്രജകളോട്; ചക്രവർത്തിയെ പള്ളിയുടെ തലവനായും മതേതര ഭരണാധികാരിയായും അംഗീകരിച്ച് കൂറു പ്രഖ്യാപിച്ച് പ്രതിജ്ഞചെയ്യാൻ ആവശ്യപ്പെട്ടിരുന്നു.

റോമാ സാമ്രാജ്യത്തിന്റെ അധികാരത്തേയും ആധികാരികത്വത്തേയും അധികാരപരിധിയേയും ചോദ്യം ചെയ്തുകൊണ്ടുള്ള ഒരു പ്രതിജ്ഞ ഹെൻറി എട്ടാമൻ നടപ്പാക്കുകയുണ്ടായി അന്നത്തെ എല്ലാ പ്രജകളും ഈ പ്രതിജ്ഞ നിർബ്ബന്ധമായും പാലിക്കേണ്ടതുണ്ടായിരുന്നു.

താമസംവിനാ അധികാരത്തിൽവന്ന മേരി, ആ പ്രതിജ്ഞയെ പൂർണ്ണമായും അസാധുവാക്കുന്ന ഒരു നിയമം നടപ്പാക്കി.

എലിസബത്ത് തന്റെ പ്രജകൾക്കായി പ്രഖ്യാപിച്ച പ്രതിജ്ഞയുടെ ഒരു ഭാഗത്ത് ഇപ്രകാരം പറയുന്നു; "ഈ സാമ്രാജ്യത്തിൽ മഹാരാജ്ഞി മാത്രമാണു് പരമാധികാരി എന്നു് നാം

അനുശാസിക്കുന്നു; പ്രഖ്യാപിക്കുന്നു..... ഭൗതികവും വൈദികവും മററുമായ കാൎയ്യങ്ങളിലും ഇതുതന്നെ......"

ജെയിംസ് ഒന്നാമൻ ജനങ്ങൾക്കുവേണ്ടി പ്രഖ്യാപിച്ച പ്രതിജ്ഞയിൽ, രാജാവിനോടു കൂറുണ്ടായിരിക്കണമെന്നു് അനുശാസിച്ചതിനുശേഷം, ഇങ്ങിനെ തുടൎന്നുപറയുന്നു; "ഞാൻ വിശ്വസിക്കുന്നു; എൻെറ മന:സാക്ഷിയിൽ ഞാൻ ഉറപ്പിക്കുകയും ചെയ്യുന്നു: ഈ പ്രതിജ്ഞയോ അതിൻെറ ഏതെങ്കിലും ഒരു ഭാഗമോ നീക്കിക്കളയാൻ മാർപ്പാപ്പയ്ക്കോ മററു് ആൎക്കെങ്കിലുമോ അവകാശമില്ലാത്തതാകുന്നു; പൂൎണ്ണവും നന്മനിറഞ്ഞതുമായ ഒരു പ്രതിജ്ഞയാണു് ഞാനെടുത്തിട്ടുള്ളതു്; ഇതിന്നെതിരായ മാപ്പുകളും പ്രഖ്യാപനങ്ങളും ത്യാജ്യങ്ങളാണു്".

രണ്ടാം ലോകമഹായുദ്ധത്തിന്നുശേഷം, ഈ രാഷ്ട്രത്തിൽ നമുക്കു് ഒട്ടനവധി കൂറു പ്രഖ്യാപിക്കുന്ന പ്രതിജ്ഞകൾ ഉണ്ടായിട്ടുണ്ടു്. ഫെഡറൽ ഗവമ്മേണ്ടിന്നും സ്റ്റേററു് ഗവമ്മേണ്ടിന്നും, എന്തിനു് മുനിസിപ്പൽ ഭരണത്തിനുവേണ്ടി പോലും ഇത്തരം പ്രതിജ്ഞകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ഇതിനൊക്കെ പുറമെ, വോട്ടർമാരെക്കൊണ്ടും സർക്കാർവക കെട്ടിടങ്ങളിൽ താമസിക്കുന്നവരെക്കൊണ്ടും അദ്ധ്യാപകരെക്കൊണ്ടും യൂണിയനുകളുടെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടും പൊതുക്ഷേമനിധികൾ ലഭിച്ചവരെക്കൊണ്ടും നികുതി ഒഴിവാക്കപ്പെടുന്നവരെക്കൊണ്ടും (ഉദാ: പള്ളികൾ, പൌരപ്രധാനികൾ) ഗുസ്തിക്കാരെക്കൊണ്ടും ഭാരോദ്വഹനക്കാരെക്കൊണ്ടുമെല്ലാം പ്രതിജ്ഞ ചെയ്യിക്കാറുണ്ടു്,

ഒരു വ്യക്തിയുടെ വിശ്വാസങ്ങൾ ഗവമ്മേണ്ടിൻെറ ശ്രദ്ധ പതിയേണ്ടവയേയല്ലെന്നു് നമ്മുടെ ഭരണഘടന വ്യക്തമാക്കുന്നു. യുദ്ധകാലത്തു് ശത്രുവിനോടു് അനുഭാവം പ്രകടിപ്പിക്കുന്നതുപോ

ല്ലം രാജ്യദ്രോഹമോ ശിക്ഷാർഹമോ അല്ല — ശതൃവിൻെറ ലക്ഷ്യത്തെ സഹായിക്കുന്ന യാതൊരു പ്രവൃത്തിയും ഇല്ലാത്തിടത്തോളം കാലം. ഭരണഘടനയുടെ ഭാഷയിൽ പറഞ്ഞാൽ, ശതൃവിനു് "സഹായവും സമാശ്വാസവും" നൽകലാണു് രാജ്യദ്രോഹം,

ചിന്താസ്വാതന്ത്ര്യവുമായി അഭേദ്യബന്ധം പുലർത്തുന്നവയാണു് മനഃസ്സാക്ഷിയുടെ സ്വാതന്ത്ര്യവും രഹസ്യം സൂക്ഷിക്കാനുള്ള അവകാശവും — അതായതു് ഏകാന്തസ്വാതന്ത്ര്യം. ക്രിസ്ത്യാനികൾ, ജൂതന്മാർ, മുസ്ലിമീങ്ങൾ തുടങ്ങിയ ദൈവവിശ്വാസികളെ, മതത്തിൻെറ പേരിൽ "പൌരാവകാശ"ത്തിൽനിന്നൊഴിവാക്കരുതെന്ന ലോക്കെയുടെ അഭിപ്രായത്തെ ജഫേർസനും അംഗീകരിക്കുന്നുണ്ടു്. 1776-ൽ അദ്ദേഹം എഴുതി: "ഭിന്നാഭിപ്രായക്കാരോടു് അസഹിഷ്ണുത കാണിച്ചതുമൂലമാണു് മതത്തിൻെറ പേരിൽ തിക്കും തിരക്കും യുദ്ധങ്ങളും ഉണ്ടായതു്." കത്തോലിക്കർക്കും ഹിന്ദുക്കൾക്കും ജൂതന്മാർക്കും മുസ്ലീമീങ്ങൾക്കും പ്രൊട്ടസ്റ്റൻറുകളെപ്പോലെത്തന്നെ ഔദ്യോഗികപദവികളലങ്കരിക്കാനുള്ള അവകാശമുണ്ടായിരിക്കണമെന്നു് അദ്ദേഹം പറയുന്നു, അങ്ങിനെ, അമേരിക്കയിൽ, "ഏതെങ്കിലും ഉദ്യോഗത്തിനോ, ട്രസ്റ്റിന്നോ' 'മതപരമായ പരിരക്ഷ' ഒരു യോഗ്യതയായി കണക്കാക്കുന്നതിനെ ഭരണഘടന നിഷേധിക്കുന്നു. അഭിപ്രായസ്വാതന്ത്ര്യത്തിന്നും മതസ്വാതന്ത്ര്യത്തിന്നുമുള്ള ഉറപ്പുകൾ ചിന്താസ്വാതന്ത്ര്യത്തേയും മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തേയും സംരക്ഷിക്കുന്നുണ്ടു്. ഒന്നാമത്തെ ഭേദഗതി മൂലം ഫെഡറൽ ഭരണകൂടത്തിന്നെടുക്കാവുന്ന നടപടിയിൽനിന്നും മുക്തവും ഭദ്രവുമാണു് ഇപ്പറഞ്ഞ മതസ്വാതന്ത്ര്യാവകാശങ്ങൾ. മാത്രമല്ല, പതിനാലാമത്തെ ഭേദഗതിയിലെ "ഡ്യൂ പ്രോസസ്സ് ക്ലോസ്" മൂലം സ്റ്റേററ് ഗവമ്മേണ്ടിൻെറ നടപടികൾക്കും അതീതമാണവ.

(Murdock V. Pennsylvania, 319 U. S. 105)

പതാകയെ അഭിവാദ്യം ചെയ്യാൻ വിസമ്മതിക്കുന്നതിനും സ്കൂൾ വിദ്യാർത്ഥികൾക്കുള്ള അവകാശം സംബന്ധിച്ചുണ്ടായ ഒരു കേസ്സിൽ ഒരു ഉദാഹരണം കാണാം. ജഹോവായുടെ സാക്ഷികൾ - ഒരു വിഭാഗം പ്രൊട്ടസ്റ്റൻറ് കൃസ്ത്യാനികൾ - "പലായന"ത്തിൽ തികച്ചും വിശ്വസിച്ചിരുന്നു. (അദ്ധ്യായം 20. 4-ം, 5-ം പദ്യങ്ങൾ)

"നീയൊരു ബിംബവും നിർമ്മിക്കരുതു്; യാതൊരു ബിംബത്തിൻെറ മുമ്പിലും ശിരസ്സു കുനിക്കരുതു്, യാതൊരു ബിംബത്തേയും വന്ദിക്കരുതു്" - ഇതാണു് "പലായന"ത്തിൽ പറയുന്നതു്.

പതാകയെ അഭിവാദ്യം ചെയ്യാൻ കൈപൊക്കുന്നതു്, ജഹോവയുടെ സിദ്ധാന്തത്തിന്നു കടകവിരുദ്ധമായ കീഴ്പ്പെടലോ, ഒരു ബിംബത്തിന്നധീനമാകലോ ആണെന്നാണു് അവരുടെ വിശ്വാസം. അവരുടെ വിശ്വാസം ദൃഢമൂലമായിരുന്നുതാനും. എന്തായാലും പതാകയെ അഭിവാദ്യം ചെയ്യാൻ വിസമ്മതിച്ച ഒട്ടനവധി കുട്ടികളെ പബ്ലിക്കു് സ്കൂളുകളിൽനിന്നും പുറത്താക്കി. എന്നാൽ, യാതൊരു വിദ്യാർത്ഥിയേയും, അവൻെറ അഭിപ്രായത്തിന്നെതിരായി, പതാകയെ അഭിവാദ്യം ചെയ്യുവാൻ സ്കൂളധികൃതർക്കു് നിർബ്ബന്ധിക്കാൻ പാടില്ല എന്നാണു് കോടതി വിധിച്ചതു്.

(Board of Education V. Barnette,
319 U. S. 624)

കോടതി വിധിയിൽ ഇപ്രകാരം പറയുന്നു:

"നമ്മുടെ ഭരണഘടനയാകുന്ന നഭോമണ്ഡലത്തിൽ

പ്രതിഷ്ഠമായ എന്തെങ്കിലുമൊരു നക്ഷത്രമുണ്ടെങ്കിൽ അതിതാണ്:

45587

യാതൊരു ഉദ്യോഗസ്ഥനും, ആ ഉദ്യോഗസ്ഥൻ വലിയവനാവട്ടെ, ചെറിയവനാവട്ടെ, രാഷ്ട്രീയത്തിലും ദേശീയതയിലും മതത്തിലും മററു കാര്യങ്ങളിലും അചഞ്ചലമായിട്ടുള്ളതു് ഇന്നതാണ്, ഇന്നതല്ല എന്നു് വിധിക്കുവാൻ പാടില്ല; അതുപോലെത്തന്നെ പൌരന്മാരെക്കൊണ്ടു് അവരുടെ വിശ്വാസം ഏററു പറയിപ്പിക്കുവാനൊ അതനുസരിച്ച് പ്രവത്തിപ്പിക്കുവാനോ പാടുള്ളതല്ല.

ദൌർഭാഗ്യകരമെന്നു പറയട്ടെ, ഈ അടുത്തകാലത്തു് ഈ "സ്ഥിരപ്രതിഷ്ഠമായ നക്ഷത്രം" നമ്മുടെ ദൃഷ്ടിപഥത്തിൽനിന്നും അകന്നുപോയിരിക്കുന്നു. വ്യക്തിയുടെ വിശ്വാസങ്ങളും അഭിപ്രായങ്ങളും അറിഞ്ഞേ തീരൂ എന്ന അന്വേഷണവ്യഗ്രതയും ഭൂരിപക്ഷത്തിൻെറ അഭിപ്രായവുമായി യോജിക്കാത്ത വിശ്വാസങ്ങൾ വെച്ചുപുലത്തുന്നവരുടെ മേൽ ശിക്ഷ അടിച്ചേല്പിക്കാനുള്ള വ്യഗ്രതയും ഏറിയേറി വരുന്നതാണു് കഴിഞ്ഞ ഇരുപതുവഷങ്ങൾ കൺമുന്നിൽ കണ്ടതു്.

# കൂറുസംബന്ധിച്ച കാര്യങ്ങൾ

ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും നിയമിക്കുമ്പോൾ—അവരാരുമായിക്കൊള്ളട്ടെ — അവരുടെ "രാഷ്ട്രീയമോ മതപരമോ ആയ അഭിപ്രായങ്ങളെപ്പററിയൊ അനുഭവങ്ങളെപ്പററിയൊ" അന്വേഷണം നടത്തരുതെന്നു് 1884 മുതൽ 1939 വരെ അമേരിക്കൻ ഗവമ്മേണ്ടു് അനുശാസിച്ചിരുന്നു. എന്നാൽ, 1939-ൽ, നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥനും ഉദ്യോഗാത്ഥിയും ഗവമ്മേണ്ടിനെ സ്ഥാനഭ്രഷ്ടമാക്കണമെന്നാഹ്വാനം ചെയ്യുന്ന

ഏതൊരു രാഷ്ട്രീയകക്ഷിയിലും സംഘടനയിലും താൻ അംഗമല്ല എന്നു് പ്രതിജ്ഞ ചെയ്യണമെന്നു് ഗവമ്മേണ്ടു് ആവശ്യപ്പെട്ടു. ഇതു ഫെഡറൽ ജീവനക്കാരുടേയും ഉദ്യോഗാത്ഥികളുടേയും "സ്വഭാവം, കൂറു്, സഹവാസം" എന്നിവയെപ്പററി അന്വേഷിക്കുന്നതിന്നു വിപുലമായ ചട്ടങ്ങൾ അംഗീകരിക്കപ്പെടുവാനിടയാക്കി. രാജ്യരക്ഷാപ്രവത്തനങ്ങളിലേർപ്പെട്ടിട്ടുള്ള ഗവമ്മേണ്ടു് കോൺട്രാക്ടർമാരുടെ കീഴിലുള്ള ജീവനക്കാർക്കും ഏതാദൃശമായ ചട്ടങ്ങൾ ഏപ്പെടുത്തി. അമേരിക്കയിലെ പ്രമുഖ കോർപ്പറേഷനുകളും ഒട്ടനവധി ചെറുകിടകോർപ്പറേഷനുകളുമാണു് ഈ കോൺട്രാക്ടർമാർ. തുടന്നു്, ഭസ്റ്ററു ഗവമ്മേണ്ടുകളും സ്ക്കൂൾ ബോർഡുകളും സ്വകാര്യ തൊഴിലുടമകളും ഇമ്മാതിരി ചട്ടങ്ങൾ അംഗീകരിച്ചു നടപ്പാക്കി. അട്ടിമറി പ്രവത്തനങ്ങളിലേർപ്പെട്ടവയെന്നു കരുതപ്പെടുന്നതും സംശയാസ്പദമായ അംഗസംഖ്യയുള്ളവയുമായ 280 സംഘടനകളുടെ ഒരു ലിസ്റ്റു് തന്നെ അമേരിക്കയിലെ അറേറാർണി ജനറൽ തയ്യാറാക്കുകയുണ്ടായി.

അട്ടിമറിക്കെതിരെ രക്ഷാനടപടികളെടുക്കാൻ അമേരിക്കയ്ക്കു് ചോദ്യം ചെയ്യപ്പെടാത്ത അധികാരങ്ങളുണ്ടു്. ഒരു തൊഴിലുടമ എന്ന നിലയിൽ, ജീവനക്കാരുടെ പ്രവൃത്തി തൃപ്തികരമാണെന്നു് അമേരിക്കയ്ക്കു് ഉറപ്പു വരുത്തേണ്ടതുണ്ടു്, ഗവമ്മേണ്ടിൻെറ നയപരിപാടികളിൽ ജീവനക്കാക്കു് അനുഭാവമാണുള്ളതെന്നു് ഉറപ്പുവരുത്തുവാനുള്ള അധികാരം നയരൂപീകരണരംഗത്തു് അസന്നിദ്ധമായി രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നിരിക്കിലും, കൂറുസംബന്ധമായി അംഗീകരിക്കപ്പെട്ട ചട്ടങ്ങളിൽ സ്വാതന്ത്ര്യത്തിന്നുനേരെയുള്ള ഗുരുതരമായ വിപത്തുക്കളുമുൾപ്പെട്ടിരുന്നു. ഇംഗ്ലണ്ടിൽ ചെയ്തിരുന്നതുപോലെ, ഒരാളെ അയാളിഷ്ടപ്പെടുന്ന ജോലിയിൽനിന്നും അപ്രിയകരമായ മറെറാരു ജോലിയിലേക്കു് കേവലം മാററാറില്ല. ആരാണു് കൂറുള്ളവൻ, ആരാണു് കൂറില്ലാത്തവൻ എന്നു് തീരുമാനിക്കാൻ വിചാരണ

നടത്തുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ ഭയങ്കരവുമായിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM.

ഒന്നാമതായി, കുറില്ലായ്മയുടെ പേരിൽ ഒരു ജീവനക്കാരനെ പിരിച്ചുവിട്ടാൽ കേവലം ആ പ്രത്യേക ജോലി നഷ്ടപ്പെടുക എന്നതിലേറെ പലതും അതിലന്തർഭവിച്ചിരുന്നു. അവൻ കൊള്ളരുതാത്തവനായി; സർക്കാർ സർവ്വീസിനു് എന്നന്നേക്കുമായി അവൻ അനർഹനായി; അതു് അവന്റെ പ്രശസ്തിയെ നിഹനിക്കുകയായി. കൂറില്ലായ്മയുടെ പേരിലുള്ള പിരിച്ചുവിടൽ, 1952-ൽ സുപ്രീംകോടതി വിധിച്ചതുപോലെ, "അയോഗ്യതയുടെ അടയാള"മാണു്.

(Wieman V. Updegraff 334. U. S. 183)

അതിനുംപുറമെ, കൂറന്വേഷണസമ്പ്രദായത്തിൽ, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ജീവനക്കാർക്കു്, കോടതിവിചാരണയിൽ പ്രതികൾക്കനുവദിച്ചിരുന്ന അവകാശങ്ങളിൽ ചുരുക്കം ചിലതുമാത്രമെ അനുവദിച്ചിരുന്നുള്ളു. കൂറില്ലായ്മയുടെ പേരിൽ തന്നെ കുററപ്പെടുത്തിയതു് ആരാണെന്നറിയുവാനൊ, അവരെ ചോദ്യം ചെയ്യുവാനൊ ഉള്ള അവകാശം ജീവനക്കാരനു് നിഷേധിക്കപ്പെട്ടിരുന്നു. കുററവാളിയാവേണ്ടിവരുന്നവർക്കു് സത്യാവസ്ഥ വെളിപ്പെടുത്താൻ അർഹമായ അവസരം നഷ്ടപ്പെടുത്തുന്ന നിരുത്തരവാദപരമായ ആരോപണങ്ങളുന്നയിക്കുന്ന പ്രവണതയെ പ്രോത്സാഹിപ്പിക്കുകയാണു് ഈ സമ്പ്രദായംകൊണ്ടുണ്ടായതു്. ഒരു ഉദാഹരണം നോക്കുക. ഒരിക്കൽ ഒരു യൂണിയന്റെ ഭാരവാഹി കൂടിയായ ഒരു ജീവനക്കാരിയുടെ പേരിൽ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടപ്പോൾ അവൾ പറഞ്ഞു, യൂണിയനെ സ്സംബന്ധിക്കുന്ന ചില ചില പ്രശ്നങ്ങളുടെ പേരിൽ യൂണിയനിൽ

തനിക്കുള്ള ഔദ്യോഗികപദവിയെ എതിക്കുന്ന ചില മെമ്പർമാരാണ് ആരോപണങ്ങളുന്നയിച്ചിട്ടുള്ളത് എന്ന്. യാഥാർത്ഥ്യം അതാവാം; അല്ലായിരിക്കാം. പക്ഷെ. സത്യമെന്തെന്ന് കണ്ടുപിടിക്കുവാൻ ആ ജീവനക്കാരിക്കാവട്ടെ അവളുടെ കേസ്സ് കൈകാര്യം ചെയ്ത ബോർഡിന്നാവട്ടെ സാധിച്ചില്ല. കാരണം. ആരോപണം ഉന്നയിച്ചവർ ആരെല്ലാമാണെന്ന് അവളോടാവട്ടെ, ബോർഡിനോടാവട്ടെ വെളിപ്പെടുത്തുകയുണ്ടായില്ല.

രണ്ടാമതായി വരുന്ന തകരാറ് ഇതാണ്: ഈ മാതിരി കേസുകളിൽ, ക്രൂറില്ലായ്മയോ അട്ടിമറിയോ ജീവനക്കാരൻ പ്രവർത്തിച്ച എന്നതല്ല പ്രശ്നം. പിന്നെയോ, ഭാവിയിൽ അയാൾ അപ്രകാരം ചെയ്യുവാനിടയുണ്ടോ എന്നതാണ്. തന്മൂലം വിചാരണ പലപ്പോഴും അയാളുടെ മനോഭാവം, വിശ്വാസങ്ങൾ, അഭിപ്രായങ്ങൾ എന്നിവയെ ചുററിപ്പററിയായിരിക്കും. വിചാരണകൾ ആ വഴിക്കെത്ര ദൂരം പോകും എന്നതു പ്രധാനമായും വിചാരണ നടത്തുന്ന ബോർഡിലെ അംഗങ്ങളേയോ അഥവാ ഉദ്യോഗസ്ഥന്മാരേയോ ആശ്രയിച്ചിരിക്കും. "ആപൽക്കരമായ ചിന്തകൾ" പ്രകാശിപ്പിച്ചതിനു ചിലർ ശിക്ഷവിധിക്കുകപോലുമുണ്ടായിട്ടുണ്ട്. മററു ചില അവസരങ്ങളിൽ ഗവർമ്മേണ്ടുമായി ഇടപാടുകളുള്ള തൊഴിലുടമകൾ ജോലിക്കാരെ പിരിച്ചുവിടാൻ ഇതൊരു ആയുധമാക്കിയെടുക്കാറുമുണ്ട്, ജോലിക്കാരെ വേറെ വഴിക്കൊന്നും പിരിച്ചുവിടാൻ വയ്യാത്ത ഘട്ടങ്ങളിൽ ഇമ്മാതിരി കേസുകളിലേറിയക്രൂറും കോടതിയിൽ വരില്ല. കാരണം, ദീർഘകാലം കേസും കൂട്ടവുമായി നടക്കാനുള്ള ധനശേഷിയോ ക്ഷമയോ ജീവനക്കാർക്കുണ്ടാവില്ല എന്നതുതന്നെ. കോടതികളിലെത്തിയാൽ, ഏതായാലും, അന്വേഷണം നടത്തുന്നവരുടെ മേൽ ജീവനക്കാർ സമ്മർദ്ദം ചെലുത്തുകയും ചെയ്യും. തന്മൂലം അട്ടിമറിക്കാരനായ ഒരു വ്യക്തിയുമായി ബന്ധമുണ്ടായിരുന്നു എന്ന

കേവലന്യായത്തിന്റെ പേരിൽ മാത്രം ജീവനക്കാർ ജോലിയിൽനിന്നും പിരിച്ചുവിടപ്പെടാറുമില്ല.

മൂന്നാമതായി ജനങ്ങളുടെ വിശ്വാസങ്ങൾ പോലും ചോദ്യം ചെയ്യാവുന്ന ഒരു സമ്പ്രദായം നിലനിൽക്കുന്നു എന്നതുകൊണ്ടു് സ്വതന്ത്രമനസ്ഥിതിക്കാരായ വ്യക്തികൾ ഗവമ്മേണ്ടിന്റെ കീഴിൽ ഉദ്യോഗം വഹിക്കാൻ വൈമുഖ്യം പ്രകടിപ്പിച്ചുതുടങ്ങി എന്നതാണു്. വിദേശവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ഒരിക്കൽ പറയുകയുണ്ടായി, ഹ്രസ്വബുദ്ധികളേയും ചിന്താശൂന്യരേയും മാതൃകകളാക്കിയതുപോലെ തോന്നിപ്പോകുന്നു എന്നു്.

ഗവമ്മേണ്ടു് ജീവനക്കാക്കിടയിൽ, ചിന്താസ്വാതന്ത്ര്യത്തിനും വ്യക്തിത്വത്തിന്നും ഏററ ഈ ആഘാതം നമ്മുടെ ദേശീയശക്തിയെ ഗുരുതരമാംവിധം വിപൽക്കരമായി ബാധിച്ചിരിക്കണം.

കൂറിന്റെ പ്രശ്നത്തോടൊപ്പം, കൂറുപ്രഖ്യാപിക്കുന്ന പ്രതിജ്ഞകളെടുപ്പിക്കുക എന്നതും ഏറിയേറിവന്നു - ഏതൊരു ഉദ്യോഗസ്ഥനെക്കൊണ്ടും. കൂറു പ്രഖ്യാപിക്കുന്ന പ്രതിജ്ഞചെയ്യാൻ വിസമ്മതിക്കുന്ന എല്ലാവക്കും – ഇക്കൂട്ടത്തിൽ അഭിഭാഷകനും ഡോക്ടരും ഔഷധവ്യാപാരിയും മൃഗചികിത്സകനും കണ്ടക്ടരും പഴം പറിക്കുന്നവനും എല്ലാം ഉൾപ്പെടുന്നു—ഉദ്യോഗം വഹിക്കാനോ ജോലി ചെയ്യാനോ ഉള്ള അവകാശം നിഷേധിച്ചിരുന്നു. ഗവമ്മേണ്ടുവക കെട്ടിടങ്ങളിൽ താമസിക്കുവാനും പെൻഷൻ വാങ്ങുവാനും നികുതിയിലിളവു ലഭിക്കാനും തൊഴിലില്ലായ്മാ ഇൻഷുറൻസ് നേടാനുമുള്ള അർഹതപോലും ഇവക്കു് നിഷേധിച്ചിരുന്നു.

ഈ പ്രതിജ്ഞകൾ മൂലം യഥാർത്ഥഅട്ടിമറിക്കാരെ എപ്പോ

ഴെങ്കിലും പിടികിട്ടിയിരുന്നുവോ എന്ന കാൎയ്യം സംശയമാണ്. തൻെറ ലക്ഷ്യം നേടാൻ, കഴിയുമെങ്കിൽ, വ്യാജമായി സത്യപ്രതിജ്ഞ ചെയ്യാൻ ഒരു വിദേശശത്രു രാജ്യത്തിൻെറ, അർപ്പണമനസ്ഥിതിയോടുകൂടിയ ഏജൻറ് ഒട്ടും മടികാണിക്കുകയില്ല. കുഴപ്പം സൃഷ്ടിക്കാൻ മനഃപൂർവ്വം തീരുമാനിച്ചിട്ടുള്ള ഒരു വ്യക്തി ഏതുതരത്തിലുള്ള സത്യപ്രതിജ്ഞയും ചെയ്യാൻ മടികാണിക്കുകയില്ലെന്നും വഞ്ചനക്കുററത്തിന്ന് ശിക്ഷ അനുഭവിക്കാൻ പോലും അയാൾ സന്നദ്ധനാകുമെന്നും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അർപ്പണമനസ്ഥിതിയും, സ്വഭാവശുദ്ധിയുമുള്ളവർ മാത്രമേ വ്യാജപ്രതിജ്ഞ ചെയ്യാൻ മടിക്കുകയുള്ളൂ. കൂറുസംബന്ധിച്ച സത്യപ്രതിജ്ഞകൾ "കള്ളംപറയുന്നവരുടെ അവസാനത്തെ അഭയസ്ഥാനമാണ്" എന്നാണ് വർഷങ്ങൾക്കുമുമ്പ് ബഞ്ചമിൻ ഫ്രേങ്ക്ളിൻ പറഞ്ഞുവെച്ചിട്ടുള്ളതു്.

ജീവനക്കാരിൽ നിന്നും സുരക്ഷിതമായിരിക്കണം ഗവമ്മേണ്ട്. ഗവമ്മേണ്ടിൻെറ കീഴിൽ ജോലിചെയ്യുന്ന ഏതൊരുവനോടും ഭരണഘടനയെ അനുകൂലിക്കുകയും പരിരക്ഷിക്കുകയും ചെയ്യുമെന്നൊരു പ്രതിജ്ഞ ചെയ്യാൻ ആവശ്യപ്പെടാവുന്നതാണ്. കാരണം, ഭരണഘടനക്കു വിധേയനായാണ് അയാൾ ജോലിചെയ്യുന്നതു്. എന്നാൽ, ഇതുകൊണ്ടു മാത്രം കൂറു പ്രഖ്യാപിക്കുന്ന പ്രതിജ്ഞാകൎമ്മം പൂൎണ്ണമാകുന്നില്ല. ഉത്തരവാദിത്വമുള്ള ജോലിക്ക് ഒരു വ്യക്തിയുടെ ഇന്നത്തെ യോഗ്യതയുമായി യാതൊരു ബന്ധവുമില്ലാത്ത സത്യപ്രതിജ്ഞകൾ ചെയ്യാൻ നാം ആവശ്യപ്പെട്ടിട്ടുണ്ട്. കാലിഫോർണിയാ സ്റ്റാച്യൂട്ട്തന്നെ ഏററവും നല്ല ഉദാഹരണം. ബലപ്രയോഗംകൊണ്ടോ അക്രമംകൊണ്ടോ അമേരിക്കൻ ഗവമ്മേണ്ടിനെ അധികാരഭ്രഷ്ടമാക്കുകയില്ല എന്ന പ്രതിജ്ഞയെടുക്കാത്തവൎക്കൊന്നും നികുതിയിലിളവു അനുവദിക്കുകയില്ല — ഇതാണ് ആ സ്റ്റാച്യൂട്ട്. വിശ്വാസമോ സംഹിതയോ വ്യക്തമായി

ഉറപ്പിച്ച പറയുന്നതിന്നു് താത്വികമായി എതിരാണ് ഇതു എന്നും പറഞ്ഞു് ഈ നിയമത്തെ ഏതാനും പള്ളികളും മററും എതിർക്കുകയുണ്ടായി. അങ്ങിനെ, അഭിപ്രായങ്ങൾക്കും വിശ്വാസങ്ങൾക്കുമുള്ള നീതീകരിക്കാനാവാത്ത് ശിക്ഷ എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടു മേല്പറഞ്ഞ നിയമം ഭരണഘടനാവിരുദ്ധമാണെന്നു് വിധിക്കുകയും ചെയ്തു.

(Speiser V. Randall. 357. U. S. 513)

ഈ പ്രതിജ്ഞകളുടെ മറെറാരു തകരാറു്, ഭൂതകാലവിശ്വാസങ്ങളുടേയും അഭിപ്രായപ്രകടനങ്ങളുടേയും പേരിൽ പലപ്പോഴും അയോഗ്യത കല്പിക്കപ്പെടാറുണ്ടെന്നതത്രേ. ആഭ്യന്തരയുദ്ധത്തിനു ശേഷം, ഭരണഘടനയിൽ നിരോധിക്കപ്പെട്ടിട്ടുള്ളതിന്നു വിപരീതമായി ആഭ്യന്തരയുദ്ധത്തിൻെറ വാദത്തെ അംഗീകരിച്ചിരുന്നവരല്ലെന്നു് ജീവനക്കാരെക്കൊണ്ടും ഉദ്യോഗസ്ഥന്മാരെക്കൊണ്ടും പ്രതിജ്ഞ ചെയ്യിപ്പിച്ചിരുന്നതു് ഭരണഘടനാ വിരുദ്ധമാണെന്നു് വിധിക്കപ്പെടുകയുണ്ടായി. (Cammings V. Missouri. 4 wall 277) എന്നിരുന്നാൽത്തന്നെയും, ഗവമ്മെണ്ടിനെ സ്ഥാനഭ്രഷ്ടമാക്കാൻ വാദിക്കുന്ന ഒരു സംഘടനയിലും താൻ ഒരംഗമായിരുന്നില്ലെന്നു് ഏവരെക്കൊണ്ടും ഇന്നും പ്രതിജ്ഞ ചെയ്യിപ്പിക്കുന്നുണ്ടു്.

## നിയമനിർമ്മാണപരമായ അന്വേഷണങ്ങൾ

ഗവമ്മേണ്ടിൻെറ എക്സിക്യൂട്ടീവ് ശാഖകൾ നടത്തുന്നതും കൂറ്റപ്ലഖ്യാപനപ്രതിജ്ഞകളെസ്സംബന്ധിക്കുന്നവയുമായ അന്വേഷണ

ങ്ങളോട്ട് ബന്ധപ്പെട്ടതുതന്നെയാണ്, "അട്ടിമറി പ്രവർത്തനങ്ങളോ" അഥവാ അമേരിക്കാവിരുദ്ധപ്രവർത്തനങ്ങളോ സംബന്ധിച്ച നിയമനിർമ്മാണപരമായ അന്വേഷണങ്ങൾ. ഇപ്പറഞ്ഞ അന്വേഷണങ്ങൾ, ഗവർമ്മെണ്ടുജീവനക്കാരുടേയും സ്വകാര്യവ്യക്തികളുടേയും വിശ്വാസങ്ങളേയും പ്രസംഗങ്ങളേയും അനുഭാവങ്ങളേയും ചിക്കിപ്പരത്തി നോക്കിയിട്ടുണ്ട്. "Government by Investigation" എന്ന ഗ്രന്ഥത്തിൽ ബർത്തും "ഗ്രാൻറ് ഇൻക്വസ്റ്റിൽ" ടെയ്ലറും എടുത്തുകാട്ടിയിട്ടുണ്ട്, പ്രതികൂലമായ പ്രചരണംകൊണ്ട്, അന്വേഷണം നടത്തുന്നവരുടെ അഭിപ്രായവുമായി യോജിക്കാത്തവരെ ശിക്ഷിക്കാൻ ഈ അന്വേഷണങ്ങൾ എപ്രകാരം വിനിയോഗിച്ചിട്ടുണ്ടെന്ന്. ചില അവസരങ്ങളിൽ, അന്വേഷണം നടത്തുന്ന കമ്മിററിയിലെ അംഗങ്ങൾ, സാക്ഷികളോട് "ഈ രാജ്യത്തെ ഏററവും നല്ല കോടതിയുടെ—പൊതുജനാഭിപ്രായം എന്ന കോടതിയുടെ"—മുമ്പിലുള്ള വിചാരണയിലാണ് അവർ നിൽക്കുന്നതെന്ന്. ഇതു് അനുവദനീയമല്ല.

Watkuis V. United States 354, U. S.

178 200)

മററു ചില അവസരങ്ങളിൽ, വ്യക്തികളുടെ പേരിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള നിരുത്തരവാദപരമായ ആരോപണങ്ങൾക്ക് വിപുലമായ പ്രചരണം നൽകാനുള്ള ഒരു ഉപാധിയായും ആരോപണങ്ങളുന്നയിച്ചവരെ ചോദ്യം ചെയ്യാനുള്ള പ്രതികളുടെ അവകാശത്തെ നിഷേധിച്ചും തങ്ങളുടെ വാദങ്ങൾക്ക് വേണ്ടത്ര പ്രചരണം ലഭിക്കാനിടവരാതേയും ഇമ്മാതിരി അന്വേഷണങ്ങൾ മര്യാദയില്ലാതെ നടത്തപ്പെട്ടിട്ടുള്ളതായി കാണാം, മുൻകാലത്ത് സഹവസിച്ചിട്ടുള്ളവരുടെ പേരുകൾ വെളിപ്പെടുത്താനും അന്നത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കാനും—അവരാരുംതന്നെ, അവരുടെ അന്തസ്സ് സുരക്ഷിതമാക്കാൻ വിചാരണ നടക്കുന്ന സ്ഥല

ത്തു് സന്നിഹിതരായിരിക്കയില്ല—ചിലപ്പോൾ അന്വേഷണക്ക മ്മിററികൾ സാക്ഷികളോടു് ആവശ്യപ്പെടാറുണ്ടു്. അമ്മാതിരി ഘട്ടങ്ങളിലെല്ലാംതന്നെ, സാക്ഷികൾക്കു് മറുപടി പറയേണ്ടിവ രികയും തൻെറയും സുഹൃത്തുക്കളുടേയും പേരിലുള്ള കുപ്രചരണം സഹിക്കേണ്ടിവരികയും ചെയ്യും.

നിയമങ്ങൾ യഥാവിധി നടപ്പാക്കുന്നുണ്ടോ എന്നു് തീരുമാ നിക്കാനും നിയമനിമ്മാണപരമായ നടപടി അനിവാര്യമാക്കുന്ന സാഹചര്യമുണ്ടോ എന്നു് കണ്ടുപിടിക്കുവാനുമായിട്ടാകുമ്പോൾ, ഈ നിയമനിമ്മാണപരമായ അന്വേഷണങ്ങൾക്കു് ന്യായയുക്തവും അനുപേക്ഷണീയവുമായ ചില ധമ്മങ്ങളുണ്ടു്. എന്നാൽ അന്വേ ഷണം, വ്യക്തിയുടെ വിശ്വാസങ്ങളുടെ മേഖലയിലേക്കിറങ്ങി ച്ചെല്ലുമ്പോൾ, രഹസ്യം പാലിക്കാനുള്ള പൌരൻെറ അവകാശ ത്തിന്മേലുള്ള ഒരാക്രമണമായിത്തീരുന്നു. അത്തരം ഘട്ടങ്ങളിൽ മറുപടി പറയുവാൻ വിസമ്മതിക്കുന്ന വ്യക്തികൾ ജയിലിലടയ്ക്ക പ്പെടാതിരിക്കാൻ സംരക്ഷണം നൽകേണ്ടതു് കോടതികളുടെ കടമയാണെന്നാണു് വെപ്പു്. എന്നാൽ കോടതികൾ എപ്പോഴും ആശ്രയിക്കാവുന്ന രക്ഷിതാക്കളല്ല. തൻെറ കൂടെ ഒരു സമ്മേളന ത്തിൽ സംബന്ധിച്ചവരുടെ പേരുവിവരം സ്റ്റേററു് ഉദ്യോഗസ്ഥ ന്മാരോടു് വെളിപ്പെടുത്താൻ വിസമ്മതിച്ച യൂഫോസു് എന്ന ഒരാൾക്കു് 1959-ൽ, ന്യൂ ഹാംഷയറിലെ ജയിലിൽ പോകേണ്ടി വന്നു. (Uphaus V. Wyman. 360. U. S. 72) അയാളുടെ മനസ്സാക്ഷിക്കെതിരായാണു് അങ്ങിനെ ചെയ്യേണ്ടിവന്നതു്. അ യാൾ ഒരു കുററവാളിയായിരുന്നില്ല. താൻ ആരെല്ലാമായാണു് ചർച്ചകൾ നടത്തിയതു് എന്ന കാര്യം അന്വേഷിക്കേണ്ട യാ തൊരു ചുമതലയും ഗവമ്മേണ്ടിനില്ലെന്നാണു് ആ ദൃഢചിത്തനായ മതഭക്തൻെറ വിശ്വാസം.

ഒരു സാക്ഷിയുടെ വിശ്വാസങ്ങളേയും സഹവാസങ്ങളേയും അഭിപ്രായങ്ങളേയും ചോദ്യം ചെയ്തു് അയാളെ ശതൃതയ്ക്കും അപ

മാനത്തിന്നും പാത്രീഭൂതമാക്കുന്നതു് വിശ്വാസസ്വാതന്ത്ര്യത്തി ന്റെയും അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും ഉല്ലംഘനവും അപ ചയവുമാണു്, അന്വേഷണം നടത്തുന്നവരുടെ അതൃപ്തിക്കു് കാര ണക്കാരായിത്തീരേണ്ടാ എന്നോർത്തു് തികച്ചും നിരുപദ്രവമായ അഭിപ്രായങ്ങൾ രൂപീകരിക്കാനും പറയുവാനും ഈ സമ്പ്രദായം ജനങ്ങളെ പ്രേരിപ്പിച്ചു. അന്വേഷണം നടത്തുന്ന കമ്മിററിക ളുടെ ചുമലിലും കോടതികൾ ചില നിയന്ത്രണങ്ങളേർപ്പെടുത്തി യിട്ടുണ്ടു്. തന്മൂലം, അന്വേഷണം നടത്തുന്ന കമ്മിററി ചോദി ക്കുന്ന ചോദ്യത്തിനു് ഈ അന്വേഷണവുമായുള്ള ബന്ധം എന്തെ ന്നോ ഏതെന്നോ സാക്ഷിക്കു് അറിയുവാൻ വയ്യാത്ത നില വര ത്തക്കവിധം അന്വേഷണം നടത്തുകയാണെങ്കിൽ, ആ സാക്ഷി യെ, കമ്മിററിയെ അവലക്ഷ്യമാക്കിയെന്നുംപറഞ്ഞു്, ശിക്ഷിക്കാൻ കോടതി സമ്മതിക്കാറില്ല. (Watkins V. United States. 354. U. S. 178) അങ്ങേയററത്തെ ഒരു ഉദാഹരണം പറയാം: കമ്യൂ ണിസ്റ്റുകളുടെ അട്ടിമറിയെക്കുറിച്ചു് അന്വേഷിക്കാൻ നിയുക്ത മായ ഒരു കമ്മിററി മുമ്പാകെ, ഒരു സാക്ഷി കാലാവസ്ഥയെപ്പററി യുള്ള ഒരു ചോദ്യത്തിനുത്തരം പറയുന്നില്ലെങ്കിൽ, അതു് കമ്മി ററിയോടു് കാണിച്ച അവലക്ഷ്യമാണെന്ന കുററം ചുമത്തി ആ സാ ക്ഷിയെ ശിക്ഷിക്കാൻ പാടില്ല. ഇങ്ങിനെയുള്ള കാര്യങ്ങളിൽ പൌരന്മാക്കു് അല്പാല്പം പരിരക്ഷ കോടതികൾ നൽകുന്നുണ്ടെ ങ്കിലും നിയമനിർമ്മാണസഭകളുടെ സ്വയംനിയന്ത്രണബോധവും പൊതുജനാഭിപ്രായവുമാണു് അന്വേഷണം നടത്തുന്ന കമ്മിററിക ളുടെ അപരിമിതമായ വ്യഗ്രതയെ യഥാർത്ഥത്തിൽ തടഞ്ഞുനിർ ത്തുന്നതു്.

## വിവേചനത്തിൽ നിന്നും സ്വാതന്ത്ര്യം

നിയമത്തിന്റെ കീഴിൽ തുല്യമായ നീതി എന്നാണു് ജോൺ ലോക്കു് പ്രഖ്യാപിച്ച തത്വം. "പ്രഖ്യാപിതവും സ്ഥി

ഷ്ഠിതവുമായ നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഭരണം; ഈ നിയമങ്ങൾ വിശേഷിച്ച് ആർക്കും മാററിമറിക്കാൻ പാടില്ലാത്തതും ദരിദ്രനും സമ്പന്നനും നാട്ടുപ്രമാണിക്കും കൃഷീവലനും ഒരുപോലെ ബാധകമായതുമാവണം," (Treatise of Civil Government 1690). എന്നാൽ, ചരിത്രത്തിലുടനീളം ചില വിഭാഗം ജനങ്ങൾക്ക് പ്രത്യേകം ആനുകൂല്യങ്ങളും ചിലർക്ക് പ്രത്യേകം പ്രാതികൂല്യങ്ങളും കൈവന്നതായി കാണാം. പുരാതന ഏതൻസിലുണ്ടായിരുന്ന ജനാധിപത്യം അടിമസമുദായത്തിലധിഷ്ഠിതമായിരുന്നു. മദ്ധ്യകാലഘട്ടത്തിൽ, ഒരു അടിമയുടേയും ഒരു മാന്യൻേറയും നിയമപരമായ അവകാശങ്ങൾക്ക് വലിയ അന്തരമുണ്ടായിരുന്നു. ഭാരതം, അടുത്ത കാലംവരെ ജാതീയമായ സമ്പ്രദായത്തിൽ സംഘടിതമായിരുന്നു — ഓരോ ജാതിക്കും പ്രത്യേകം പ്രത്യേകം അവകാശങ്ങളോടെ. സോവിയററ് റഷ്യയിൽ, അവർ അവകാശപ്പെടുന്ന വർഗ്ഗരഹിതസമുദായം എന്തുതന്നെയായിരുന്നാലും, പാർട്ടിമെമ്പർമാരും ഭരണകക്ഷിയംഗങ്ങളുമുൾപ്പെടുന്ന വിവിധ ഘടകങ്ങൾക്ക് പ്രത്യേകം പ്രത്യേകം പരിഗണനകളുണ്ട്.

ചിലപ്പോൾ, ഈ വർഗ്ഗസമ്പ്രദായങ്ങൾ, ഹിററ്ലരുടെ ജർമ്മനിയിലും ദക്ഷിണാഫ്രിക്കയിലുമെന്നപോലെ, വർണ്ണപരമായ വസ്തുതകളിൽ അധിഷ്ഠിതമായപ്പെട്ടവയുമായിരുന്നു. നമ്മുടെ രാജ്യത്തു തന്നെ നാം ഇപ്രകാരമുള്ള വിവേചനങ്ങൾ കണ്ടിട്ടുള്ളതാണ്. ഒരു രാഷ്ട്രം എന്ന നിലയിൽ നാം ജീവിതമാരംഭിച്ച ആദ്യത്തെ നൂറു വർഷങ്ങളിൽ, അടിമകളുടെ ഉടമസ്ഥാവകാശം രാജ്യത്തിൻെറ ചില ഭാഗങ്ങളിൽ സാധൂകരിക്കപ്പെട്ടിരുന്നു. "ഡ്രെഡ്സ്കോട്ട് കേസി"ൽ (19 How. 393) കോടതി വിധിക്കുകയുണ്ടായി, അടിമകൾ പൌരാവകാശമുള്ളവരല്ലെന്നും വസ്തുവഹകളാണെന്നും കോൺഗ്രസ്സിന്നു് അടിമത്തം നിരോധിക്കാൻ അധി

കാരമില്ലെന്നും. ഈ തെററുകൾ തിരുത്താൻ വേണ്ടി, ആഭ്യന്തര യുദ്ധം കഴിഞ്ഞ ഉടനെത്തന്നെ 13-ം, 14-ം, 15-ം ഭേദഗതികൾ അംഗീകരിക്കപ്പെട്ടു. അടിമത്തവും നിർബ്ബന്ധിതസേവനവും — നീഗ്രോകളാവട്ടെ, ചൈനക്കാരാവട്ടെ, മെക്സിക്കക്കാരാവട്ടെ, ഇന്ത്യക്കാരാവട്ടെ, മററാരുതന്നെയാവട്ടെ— പതിമൂന്നാമത്തെ ഭേദഗതി നിരോധിച്ചു. അമേരിക്കയിൽ ജനിച്ചവർക്കും പൌരത്വം സ്വീകരിച്ചവർക്കും—മുൻകാലത്തെ അടിമകളുൾപ്പെടെ-എല്ലാവർക്കും പൌരത്വം നൽകുകയും ഒരു സ്റ്റേററും ആ സ്റ്റേററിൻെറ അധികാര പരിധിയിലുള്ള യാതൊരാൾക്കും നിയമത്തിൻെറ തുല്യമായ പരിരക്ഷ നിഷേധിക്കുവാൻ പാടില്ലെന്നു് വ്യവസ്ഥചെയ്യുകയുംചെയ്തു പതിനാലാമത്തെ ഭേദഗതി. അമേരിക്കയോ, മറേറതെങ്കിലും സ്റ്റേററോ, ജാതിയുടെ പേരിലോ, നിറത്തിൻെറ പേരിലോ മുൻകാല അടിമത്തത്തിൻെറ പേരിലോ യാതൊരാൾക്കും വോട്ടവകാശം നിഷേധിക്കരുതെന്നു് പതിനഞ്ചാമത്തെ ഭേദഗതി വ്യവസ്ഥചെയ്തു.

ജസ്റ്റിസ് ഹാർലൻ 1896-ൽ ഈ വ്യവസ്ഥകളുടെ യഥാർത്ഥ ഉദ്ദേശ്യങ്ങളെന്തെന്നു് എടുത്തുപറഞ്ഞിട്ടുണ്ടു്:

"ഭരണഘടനയുടെ വെളിച്ചത്തിൽ, നിയമത്തിൻെറ ദൃഷ്ടിയിൽ, ഈ രാജ്യത്തു് ഉയർന്നവനും താഴ്ന്നവനും എന്നോ പ്രമാണിയെന്നോ ഭരിക്കുന്ന വിഭാഗമെന്നോ പറയാവുന്നവരായി ആരുമില്ല. ഇവിടെ ജാതിയില്ല. നമ്മുടെ ഭരണഘടനക്കു് വർണ്ണവിവേചനമില്ല; പൌരന്മാരുടെയിടയിൽ പ്രത്യേകവർഗ്ഗങ്ങളെ അംഗീകരിക്കുകയോ വെച്ചുപൊറുപ്പിക്കുകയോ ചെയ്യുന്നില്ല. നിയമം മനുഷ്യനെ മനുഷ്യനായി കാണുന്നു; അവൻെറ പരിത:സ്ഥിതികളെപ്പററിയോ അവൻെറ നിറത്തെപ്പററിയോ,

പരമാധികാരനിയമം അനുവദിക്കുന്ന പൌരാവകാശങ്ങൾ ചോദ്യം ചെയ്യുന്നിടത്തു് പരിഗണിക്കപ്പെടുന്നില്ല."

എന്നാൽ ഈ അഭിപ്രായം സുപ്രീംകോടതിയുടെ ഒരു വിധിക്കെഴുതിയ ഭിന്നാഭിപ്രായത്തിലാണുള്ളതു്, ( Plessy V. Ferguson, 163 U. S. 537) പൊതുസ്ഥാപനങ്ങളിൽ സ്റ്റേററുകൾക്കു് വർണ്ണവിവേചനാധികാരം അനുവദിച്ചുകൊണ്ടുള്ളതായിരുന്നു സുപ്രീംകോടതിയുടെ വിധി. ഏതായാലും അന്നത്തെ ആ ഭിന്നാഭിപ്രായക്കുറിപ്പു് ഇന്നു രാജ്യത്തെ നിയമമായാവാൻപോവുകയാണു്.

(Brown V. Board of Education 347 U. S. 483)

അടിമത്തത്തിൽനിന്നുണർന്നെഴുന്നേല്ക്കുവാനും പരിപൂർണ്ണമായ പൌരാവകാശം നേടാനുമുള്ള നീഗ്രോകളുടെ സമരം ദീർഘവും ക്ലിഷ്ടവുമായിരുന്നു. യഥാർത്ഥത്തിൽ ആ സമരംമൂലം നൂറുകണക്കിനു കേസുകൾ കോടതിയിലെത്തി. നീഗ്രോകളുടെ വോട്ടവകാശം സ്ഥാപിച്ചുകിട്ടാനും അവക്കു് ജൂറികളിൽ സ്ഥാനം ലഭിക്കാൻവേണ്ടിയും നീഗ്രോകൾ ഉൾപ്പെടുന്ന ജൂറികളാൽ കുററാന്വേഷണം നടത്തപ്പെടാനും മററുള്ളവരെപ്പോലെത്തന്നെ ബസ്സുകളിലും തീവണ്ടികളിലും വിമാനങ്ങളിലും മററും മററും നീഗ്രോകൾക്കു് സഞ്ചരിക്കാറാക്കുവാനും മററു ജനവിഭാഗങ്ങളെപ്പോലെ വിദ്യാഭ്യാസം ലഭിക്കുമാറാക്കുവാനും വേണ്ടി ആയിരക്കണക്കിനാളുകൾ പണവും സമയവും ശക്തിയും പ്രശസ്തിയും ബലികഴിച്ചിട്ടുണ്ടു്. ഇനിയും വളരെയധികം ചെയ്തുതീക്കാനുണ്ടു്; എന്നിരുന്നാലും പതിനാലും പതിനഞ്ചും ഭേദഗതികൾ വിഭാവനം ചെയ്ത തത്വങ്ങളുടെ—അമേരിക്കയിൽ നിയമം മനുഷ്യനെ മനുഷ്യ

നായി കാണുമെന്നും അവൻെറ നിറം കണക്കിലെടുക്കില്ലെന്നുമുള്ള തത്വങ്ങളുടെ—വളരെ അടുത്തെത്തിയിട്ടുണ്ട് നാം.

വിവേചനം നീഗ്രോകളോടു മാത്രമായിരുന്നില്ല. ചില പൌരസ്ത്യരേയും ഈ ഹീനമായ വിവേചനങ്ങളും ദുർഘടം നിറഞ്ഞ ചില ഭരണഘടനാപ്രശ്നങ്ങളും അഭിമുഖീകരിച്ചിട്ടുണ്ട്. ഒരു ചൈനക്കാരന് അലക്കുകമ്പനി നടത്താൻ അനുവാദം നിഷേധിച്ച സാൻഫ്രാൻസിസ്കൊ ഉദ്യോഗസ്ഥന്മാരുടെ നടപടി നിയമവിരുദ്ധമാണെന്ന് കോടതി ഒരിക്കൽ വിധിക്കുകയുണ്ടായി. (Yick Wo. V. Hopkins. 118, U. S. 356) ഈയടുത്ത കാലത്ത്, ജപ്പാൻകാർക്ക് മീൻപിടിക്കാനുള്ള അവകാശം നിഷേധിച്ച കലിഫോർണിയയിലെ ഒരു നിയമം അസാധുവാണെന്ന് കോടതി വിധിച്ചു. (Takahashi V. Fish Commn. 334. U. S. 410).

രണ്ടാം ലോകമഹായുദ്ധകാലത്ത്, ആയിരക്കണക്കിന് ജപ്പാൻകാരെ—അവരിൽ പലരും പൌരത്വം സ്വീകരിച്ചവരായിരുന്നു—അമേരിക്ക വളഞ്ഞുവെക്കുകയും പിന്നീട് അവരെ ഉൾനാടൻ ക്യാമ്പുകളിലേക്ക് കപ്പൽ കയററി അയക്കുകയുംചെയ്തു. ജീവിതകാലം മുഴുവൻ അദ്ധ്വാനിച്ചുണ്ടാക്കിയ വസ്തുവഹകളും കച്ചവടവും മററും വിൽക്കാനും കൈവിടാനും പലരും നിർബ്ബന്ധിതരായി. ഈ വക കാര്യങ്ങൾ ഭരണഘടനയുടെ അധികാരങ്ങളുടെ അതിർത്തിവരമ്പുവരെ എത്തി, അവിടെനിന്നും കടന്നു എന്നും ചിലർ വിശ്വസിക്കുന്നു, ഈ പരിപാടി പരമാവധി നികൃഷ്ടമായിരുന്നുവെന്നിരിക്കിലും കോടതികൾ അവയെ സാധൂകരിക്കുകയാണ് ചെയ്തത്. "പേൾ ഹാർബർ" സംഭവത്തിനുശേഷം ഉളവായ നിരാശാജനകമായ അടിയന്തിരാവസ്ഥയും പടിഞ്ഞാറൻ തീരപ്രദേശങ്ങളിൽ ജപ്പാൻകാർ പട്ടാളത്തെ ഇറക്കിയേക്കാമെന്ന സൈനികവൃത്തങ്ങളുടെ ന്യായയുക്തമായ ഭീതിയുമാണ് കോട

തികരം ചൂണ്ടിക്കാട്ടിയ ന്യായം. അതു് സംഭവിച്ചിരുന്നവെങ്കിൽ റോക്കീസിന്റെ പടിഞ്ഞാറുവശം നമുക്കു് പര്യാപ്തമായ പ്രതിരോധമൊട്ടുംതന്നെയുണ്ടാകുമായിരുന്നില്ല. ഇത്തരം ചില അത്യസാധാരണമായ പരിതസ്ഥിതികളിലല്ലാതെ പിന്തുടർച്ചയെച്ചൊല്ലിയുള്ള വിവേചനം ചർച്ചചെയ്യാൻ പോലും സാദ്ധ്യമല്ല. കോടതികൾ ഇതിനൊരു പരിധി ഉടനെ നിശ്ചയിച്ചു: ജപ്പാൻകാരെ ഒരിക്കൽ പടിഞ്ഞാറൻതീരത്തുനിന്നും നീക്കംചെയ്താൽ, പിന്നീടു് അവർ രാജ്യദ്രോഹവൃത്തി ചെയ്യുന്നെങ്കിൽ മാത്രമല്ലാതെ തടങ്കലിൽവെക്കാൻ പാടില്ല. (Exparte Eudo. 323. U. S. 283) കോടതി പറഞ്ഞു:

"കൂറുള്ളവനെന്നു് അംഗീകരിക്കപ്പെട്ട ഒരു പൌരൻ, ചാരവൃത്തി സംബന്ധിച്ചോ, തുരങ്കം വെക്കൽ സംബന്ധിച്ചോ ഒരു പ്രശ്നം സൃഷ്ടിക്കുന്നില്ല. കൂറു് ഹൃദയത്തിന്റേയും മനസ്സിന്റേയും കാര്യമാണു്. അല്ലാതെ, ജാതിയുടേയോ വർണ്ണത്തിന്റേയോ സിദ്ധാന്തത്തിന്റേയോ പ്രശ്നമല്ല. കൂറുള്ള ഒരുത്തൻ, നിർവ്വചനമനുസരിച്ചു് ഒരു ചാരനോ തുരങ്കം വെക്കുന്നവനോ അല്ല, ചാരവൃത്തിക്കും തുരങ്കംവെക്കലിനും എതിരെ യുദ്ധയത്നങ്ങൾ സംരക്ഷിക്കാനുള്ള അധികാരത്തിൽനിന്നും ഉത്ഭവിച്ചതാണു് തടങ്കലിൽ വെക്കാനുള്ള അധികാരം എന്നിരിക്കെ, അതുമായി ബന്ധമില്ലാത്ത തടങ്കൽ അനധികൃതമാണു്."

വർണ്ണത്തിന്റേയോ പിന്തുടർച്ചയുടേയോ പേരിൽ – പ്രഖ്യാപിതമായ ന്യായീകരണം എന്തോ ആവട്ടെ – ഏതൊരുത്തനോടുമുള്ള വിവേചനം ഒഴിവാക്കാൻ ഗവമ്മേണ്ടിന്റെ ഓരോ ഏജൻസിക്കും സാധിക്കുമെങ്കിൽ, ഒരു രാഷ്ട്രം എന്ന നിലക്കു് നമുക്കു് നമ്മുടെ ശിരസ്സു് കുറെക്കൂടി ഉയർത്തിപ്പിടിക്കുവാൻ സാധിക്കും. *

---

* വർണ്ണ - വർഗ്ഗസിദ്ധാന്തങ്ങളുടെ പേരിൽ ജനങ്ങളോടു ഗവമ്മേണ്ടു കാണിക്കുന്ന വിവേചനത്തെപ്പറ്റിയാണു് നാം ഇവിടെ പറ

ഒരു ഗ്രൂപ്പും വിവേചനത്തിൻെറ ഹസ്തങ്ങളിൽ നിന്നും വിമുക്തമല്ല. ഇന്നു് കറുത്ത തൊലിയുള്ളവർ—നീഗ്രോകൾ, പൌരസ്ത്യർ, ഇററലിക്കാർ, മെക്സിക്കക്കാർ, ഇന്ത്യക്കാർ മുതലായവർ - ഈ മാതിരി നിയമവിരുദ്ധമായ വിവേചനങ്ങൾക്കു് വിധേയരാകാനിടയുണ്ടു്. ഇന്ന ലോകത്തിലുള്ള ജനങ്ങളിൽ ഏറിയ കൂറും മഞ്ഞ നിറക്കാരും ചുവപ്പു നിറക്കാരും കറുത്തവരും മററുമാണു്. വെളുത്ത തൊലിയുള്ളവർ ചില പ്രത്യേക സ്ഥലത്തും കാലത്തും ന്യൂനപക്ഷമായിത്തീരുന്നാം. അമേരിക്കയിൽത്തന്നെയും, വെള്ളക്കാരുടെ നേരെ—ജൂതന്മാർ, കത്തോലിക്കർ, മർമൺകാർ, ജഹോവായുടെ സാക്ഷികൾ, ജർമ്മൻകാർ, ഇററലിക്കാർ, ഐറിഷ്കാർ തുടങ്ങിയവരുടെ നേരെ — അക്രമാസക്തമായ വെറുപ്പു് പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ടു്. മതത്തിൻേറയോ വിശ്വാസത്തിൻേറയോ പേരിൽ വിവേചനം കാണിക്കാൻ നാം ഗവമ്മേണ്ടിനെ അനുവദിക്കുകയാണെങ്കിൽ, വിവേചനമാകുന്ന സാംക്രമികരോഗത്തിന്നു് മറേറതെങ്കിലും ഗ്രൂപ്പ് ഇരയായിത്തീരുന്നതുകാണാം. എല്ലാവക്കും തുല്യനിയമം അനുശാസിക്കുന്ന ഭരണഘടനാവ്യവസ്ഥയുടെ പൂർണ്ണമായ നിർവ്വഹണത്തിലാണു് നമ്മുടെയെവരുടേയും ഏകരക്ഷ സ്ഥിതിചെയ്യുന്നതു്.

---

മർശിക്കുന്നതു്. ചില സ്റ്റേററുകൾ ഉദ്യോഗാർത്ഥികളോടു വിവേചനംകാണിക്കുന്നതു് നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ടു്. (ന്യൂയോക്കു് നിയമം "Matter of Holland V. Edwards. 307 N. Y. 38 "; "Castle Beach Club V. Arbury, 2. N. Y. 2d 597 " ; "American Jewish Congress V. Carter, 190 N. Y. S. 2d 218 " എന്നീ കേസുകളിൽ സാധൂകരിക്കപ്പെട്ടിട്ടുണ്ടു്.)

"District of Columbia V. Thompson Company 346 U. S. 100 എന്ന കേസിൽ ഏതൊരു ഭോജനശാലയിലും വർണ്ണവിവേചനം നിരോധിച്ചുകൊണ്ടുള്ള കൊളമ്പിയാ ജില്ലയുടെ ഓർഡിനൻസു് ശരിവെച്ചിട്ടുമുണ്ടു്.

## സിവിൽ അധികാരങ്ങൾ

ഒരു പള്ളിയുടേയോ പട്ടാളത്തിൻേറയോ പരമാധികാരത്തിലല്ലാത്ത സിവിലിയൻ ഭരണകൂടമാണ് നമ്മുടേത് എന്നതത്രേ നമ്മുടെ സ്വാതന്ത്ര്യത്തിൻെറ അടിത്തറ.

## പള്ളിയുടേയും രാജ്യത്തിൻേറയും വ്യതിരിക്തത

നമ്മുടെ ഭരണഘടന, പള്ളിയേയും സ്റ്റേററിനേയും അസന്നിദ്ധമായി വേർതിരിച്ചു നിർത്തുന്നു. ഒരു മതത്തിൻെറ സ്ഥാപനത്തേയോ അതിൻെറ സ്വതന്ത്രമായ പ്രവർത്തനത്തെയോ നിഷേധിക്കുന്ന നിയമം പാസ്സാക്കുന്ന നടപടിയെ ഭരണഘടന നിരോധിക്കുന്നു. അതുപോലെത്തന്നെ. ഗവമ്മേണ്ടിൻെറ കീഴിലുള്ള ഉദ്യോഗങ്ങൾക്ക് മതപരമായ പരീക്ഷ ഏർപ്പെടുത്തുന്നതും നിരോധിക്കപ്പെട്ടിരിക്കുന്നു. ഈ തത്വങ്ങളിലന്തർഭവിച്ചിട്ടുള്ളത് നാലു കാര്യങ്ങളാണ്. ഒന്ന്: യാതൊരു സ്ത്രീക്കും പുരുഷന്നും മതത്തിൻെറ പേരിൽ ഗവമ്മേണ്ടിൻെറ കീഴിലുള്ള ഉദ്യോഗം – അതെത്ര വലുതാവട്ടെ, ചെറുതാവട്ടെ, – നിഷേധിക്കാൻ പാടില്ല. രണ്ട്: എല്ലാ മതങ്ങൾക്കും ഗവമ്മേണ്ടിൻെറ തുല്യമായ പരിരക്ഷ ലഭിക്കണം. ഒരു മതം എത്രതന്നെ വിഖ്യാതമാവട്ടെ, അല്ലായിരിക്കട്ടെ, ആ മതത്തിന്നെതിരായോ അനുകൂലമായോ ഗവമ്മേണ്ട് വിവേചനം കാണിക്കാൻ പാടുള്ളതല്ല. ഉദാഹരണത്തിന്, ഒരാൾക്ക് നികുതിയിളവ് നൽകുമ്പോൾ, മറെറാരാൾക്ക് നികുതി ചുമത്തുവാൻ പാടുള്ളതല്ല. മൂന്ന്: "മതം" എന്നു പറഞ്ഞാൽ, നമുക്ക് സുപരിചിതമായ മതം മാത്രമല്ല, പ്രത്യുത എല്ലാ മതങ്ങളും - ഹിന്ദുമതവും ബുദ്ധമതവും ഇസ്ലാംമ

തവുമെല്ലാം അതിലുൾപ്പെടുന്നു. നിരീശ്വരവാദവും ഭൗതികവാദവും മതപരമായ മററു സിദ്ധാന്തങ്ങളുമെല്ലാം അതിലുൾപ്പെടുന്നു. നാലു്: പള്ളിക്കും സ്റ്റേററിനുമിടയ്ക്കു് ഒരു ഭിത്തി പടുത്തുയർത്തിയിട്ടുണ്ടു്. നേരത്തെ പറഞ്ഞതുപോലെ, സ്റ്റേററിൻേറയും ഫെഡറൽ ഗവമ്മേണ്ടിൻേറയും നടപടികളെ ഈ ഉറപ്പുകൾ ഒരുപോലെ ബാധിക്കുന്നു. എന്നാൽ പള്ളിയും സ്റ്റേററും തമ്മിലുള്ള സഹകരണത്തെ ഇതു് നിഷേധിക്കുന്നില്ല. ഉദാഹരണത്തിനു്, മതപരമായ പഠനങ്ങൾക്കു് വിദ്യാർത്ഥികളെ നിർബ്ബന്ധിക്കാതെ സ്റ്റേററുകൾക്കു് പറഞ്ഞയക്കാവുന്നതാണു്. (Zorach V. Clauson 343 US. 306) മററു വിദ്യാലയങ്ങൾക്കെന്നപോലെത്തന്നെ മതവിദ്യാലയങ്ങൾക്കും സ്റ്റേററിനു് ഗതാഗതസൌകര്യങ്ങൾ അനുവദിക്കാവുന്നതാണു്. പള്ളിവക വസ്തുക്കൾക്കു് നികുതിയിളവു് നൽകാം. എന്നാൽ, ഏതെങ്കിലും തരത്തിലുള്ള മതപരമായ ആചാരങ്ങളനുഷ്ഠിക്കണമെന്നു് സ്റ്റേററിനു് നിർബ്ബന്ധിക്കാൻ പാടില്ല; സർക്കാർ സ്കൂളുകളിൽ മതപരമായ അദ്ധ്യാപനം നടത്താൻ അനുവദിക്കാവുന്നതുമല്ല. (Mc Collum V. Board of Education 323 US. 203) മതപരമായ ക്ലാസ്സുകളിൽ ഹാജരായിക്കൊള്ളണമെന്നു് വിദ്യാർത്ഥികളെ നിർബ്ബന്ധിക്കാൻ പാടില്ല; മതാദ്ധ്യാപകന്മാക്കു് ശമ്പളംകൊടുക്കാൻ പാടുള്ളതല്ല; മതപരമായ വിദ്യാലയങ്ങളുടെ ബജററു് വെട്ടിക്കുറയ്ക്കുവാനോ, അവയ്ക്കു് ധനസഹായം നൽകാനോ സ്വത്തുവഹകൾ നൽകാനോ പാടുള്ളതല്ല.

പള്ളിയേയും സ്റ്റേററിനേയും വേർതിരിക്കുന്ന ഈ തത്വം ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു് മതത്തിനോടെന്തെങ്കിലും ശത്രുതാബോധമുള്ളതുകൊണ്ടല്ല, മറിച്ചു് ഏതെങ്കിലും പ്രത്യേക വിശ്വാസത്തിൽ അനുകൂലമായോ പ്രതികൂലമായോ ഗവമ്മേണ്ടു് ഇടപെടാത്ത ഒരു സമ്പ്രദായത്തിൽ, മതപരമായ വി

ശ്വാസങ്ങളും, മററു ആദർശസംഹിതകളെപ്പോലെത്തന്നെ, നീതരാം വികസ്വരമായിത്തീർന്നേക്കാമെന്ന ബോധംകൊണ്ടാണ്. യൂറോപ്പിലും അമേരിക്കയിലെത്തന്നെ ചില കോളനികളിലുമുണ്ടായതുപോലെ, പള്ളിയും സ്റ്റേററും ഇടകലർന്നാലത്തെ ഗുരുതരമായ ഭവിഷ്യത്തുകളെപ്പററി നമ്മുടെ ഭരണഘടനയുടെ ആവിഷ്കർത്താക്കൾക്ക് നല്ലപോലെ അറിയാമായിരുന്നു. തന്മൂലം, ഈ മാതിരി സംഘർഷങ്ങൾ നമ്മുടെ ഭരണനിർവ്വഹണസമ്പ്രദായത്തിൽ നിന്നൊഴിവാക്കണമെന്ന് അവർ നിശ്ചയിച്ചു. അമേരിക്കയിൽ മതം എക്കാലത്തും സുശക്തവും പരിശുദ്ധവും ആയിരുന്നിട്ടുണ്ട്. കാരണം, ഗവർമ്മേണ്ടിൽനിന്നും ആനുകൂല്യമോ പ്രാതികൂല്യമോ ഇല്ലാതെ മതത്തിന്നു് സ്വന്തം കാലിൽ നിൽക്കേണ്ടിവന്നു; അതേസമയം പള്ളികളുടെ ആഭ്യന്തരകാര്യങ്ങളിലും പോരിലും ഒരിക്കലും ഗവർമ്മേണ്ട് ഇടപെട്ടിരുന്നുമില്ല.

കൌമാരത്തിന്റെ അപഥസഞ്ചാരം, അതല്ലെങ്കിൽ മതപരമായ നിരക്ഷരത തുടങ്ങിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവന്ന ജനങ്ങൾ "സർക്കാർ വിദ്യാലയങ്ങളിൽ ഈശ്വരനെ പുനഃപ്രതിഷ്ഠിച്ച്" പരിഹാരം കാണാൻ ശ്രമിച്ചു. സ്കൂളുകളിൽ മതപരമായ വിദ്യാഭ്യാസം നൽകിയാണ് ഇതു സാധിച്ചിരുന്നതു്. എന്നാൽ അമേരിക്കയിലെ പള്ളികളിലേറിയകൂറും പള്ളിയും സ്റ്റേററും വ്യതിരിക്തമായിരിക്കണമെന്ന തത്വത്തിന്റെ മഹിമ അംഗീകരിക്കുന്നു. ഈ തത്വം സ്ഥിരപ്രതിഷ്ഠമായിട്ടുണ്ടെങ്കിലും, ഓരോ തലമുറയ്ക്കും ഗവർമ്മേണ്ടിന്റെ മേലുള്ള പള്ളിമേധാവിത്വത്തിന്റെ ഭീഷണികൾക്കെതിരെ സമരം നടത്തേണ്ടിവരുന്നുണ്ട്,

## പട്ടാളഭരണം

സിവിൽ ധർമ്മങ്ങളുടെ നേരെയുള്ള സൈനികകയ്യേററത്തിന്റെ ഭീഷണി തുല്യം ഗുരുതരമാണ്, പത്തൊമ്പതാം നൂററാ

ണ്ടിൽ - ആഭ്യന്തരയുദ്ധകാലത്തൊഴികെ - നമ്മുടെ സമൂഹത്തിൽ പട്ടാളത്തിന്നു് താരതമ്യേന ലഘു, വായ അധികാരമേയുണ്ടായിരുന്നുള്ളു. ഇന്നു്, "ശീതസമര"ത്തിന്റെ നൈരന്തര്യം, സാർവ്വലൗകികമായ സൈനികപരിശീലനം, ദേശീയ ബജററിന്റെ ഏതാണ്ടു് പകുതിയോളം വരുന്ന പ്രതിരോധച്ചിലവുകൾ എന്നിവയുടെ ഫലമായി പട്ടാളത്തിന്റെ സ്വാധീനം വളരെ വലുതായിട്ടുണ്ടു്. സൈനികമേധാവിത്വത്തിന്റെ ഭീഷണിയെപ്പററി അമേരിക്കയിലെ കോളനികൾക്കു് നല്ലവണ്ണം അറിയാം. നിയമനിർമ്മാണസഭയുടെ അനുമതികൂടാതെ ഒരു സ്ഥിരം സൈന്യത്തെ നിലനിർത്തുക; കോളനികൾക്കിടയിൽ അവരെ പാർപ്പിക്കുക (എന്നുവെച്ചാൽ, ബ്രിട്ടീഷ് ഭടന്മാൎക്കു് ഭക്ഷണ-വിശ്രമസൌകര്യങ്ങൾ ഈ കോളനികൾ ചെയ്തുകൊടുക്കണമെന്നുതന്നെ) കുററം ചെയ്യുന്ന ഭടന്മാരെ സിവിൽഅധികാരികളുടെ കുററാന്വേഷണത്തിൽ നിന്നൊഴിവാക്കുക എന്നിവയായിരുന്നു "സ്വാതന്ത്ര്യപ്രഖ്യാപന"ത്തിൽ ജോർജ്ജ് മൂന്നാമനെപ്പററിയുള്ള ഭാഗികമായ ആക്ഷേപങ്ങൾ. ഭരണഘടനയുടെ രണ്ടാമത്തേയും മൂന്നാമത്തേയും അഞ്ചാമത്തേയും ഭേദഗതികളിൽ ഈ ആക്ഷേപങ്ങൾ പ്രതിഫലിക്കുന്നുണ്ടു്.

പട്ടാളത്തിന്റെമേൽ സിവിൽമണ്ഡലത്തിനുള്ള നിയന്ത്രണം പരിരക്ഷിച്ചുപോന്ന ഏററവും വലിയ ഉപാധി ഹേബിയസ് കോർപ്പസ് ഹരജിയത്രേ. ജയിലിലോ തടങ്കലിലോ വെക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തിയുടെ തടങ്കലിന്റെ നിയമസാധുത ഒരു സിവിൽകോടതിയിൽ പരീക്ഷിക്കാനുള്ള ഉപാധിയാണു് ഈ ഹരജി. ഒരു വ്യക്തിയെ തടങ്കലിൽ വെക്കാനോ പ്രോസിക്യൂട്ടു് ചെയ്യുവാനോ ഉള്ള പട്ടാളാധികൃതരുടെ അധികാരപരിധിയെ മറികടക്കാൻ സിവിൽകോടതികൾക്കുള്ള ഒരേയൊരു മാർഗ്ഗവും ഇതാണു്. "വിപ്ലവത്തിന്റെ ഘട്ടത്തിലോ, ആക്രമണസമയത്തോ, പൊതുജനരക്ഷയ്ക്കാവശ്യമാണെന്നു വരുന്ന ഘട്ടത്തി

ലോ അല്ലാതെ ഹേബിയസ്കോർപ്പസ് ഹരജിയുടെ ആനുകൂല്യം നിർത്തിവെക്കാൻ പാടുള്ളതല്ലെന്ന് ഭരണഘടനയുടെ ഒന്നാംവകുപ്പിൽ ഒമ്പതാമത്തെ ഉപവകുപ്പ് ഉദ്ഘോഷിക്കുന്നു, ചുരുക്കത്തിൽ, അമേരിക്കയിൽ ഒരുവനെ അറസ്ററു ചെയ്യുവാനോ തടങ്കലിൽവെക്കാനോ ഉള്ള ഒരു പട്ടാളഉദ്യോഗസ്ഥൻെറ അധികാരം സിവിൽ കോടതികൾക്ക് തിട്ടപ്പെടുത്താവുന്നതാണ്, ഹേബിയസ് കോർപ്പസ് നിർത്തിവെക്കുമ്പോൾ – ആഭ്യന്തരയുദ്ധത്തിൻെറ ഘട്ടത്തിൽ കുറഞ്ഞ കാലയളവിന് അങ്ങിനെയൊന്നുണ്ടായി—പൊതുജനരക്ഷ അത്തരമൊരു നടപടിയെ സാധൂകരിക്കുന്നുണ്ടെന്ന് കോടതികൾക്കു ബോദ്ധ്യമാവണം.

ആഭ്യന്തരയുദ്ധകാലഘട്ടത്തിൽ ഈ തത്വങ്ങൾ ഒരു പരീക്ഷണത്തിന് വിധേയമാവുകയുണ്ടായി. സ്വയമേവ പട്ടാളത്തിൽ ചേരുന്നതിനേയും നിർബ്ബന്ധിച്ച് ചേർക്കുന്ന നടപടിയേയും എതിർക്കുന്നവരേയും, രാജ്യദ്രോഹികളേയും വിപ്ലവകാരികൾക്ക് സഹായമോ സഹതാപമോ നൽകുന്നവരേയും പട്ടാളകോടതികൾ വിചാരണചെയ്ത് ശിക്ഷിക്കേണ്ടതാണെന്ന് പ്രസിഡണ്ട് ലിങ്കൺ ഉത്തരവിടുകയുണ്ടായി. ഈ കൃത്യങ്ങളെല്ലാംതന്നെ കോൺഗ്രസ്സിൻെറ നിർവ്വചനപ്രകാരം കുററകൃത്യങ്ങളാണ്; സിവിൽ കോടതികൾക്ക് ശിക്ഷ വിധിക്കാവുന്നവയുമാണ്, ഇന്ത്യാനയിൽ ജീവിച്ചിരുന്ന മില്ലിഗൻ എന്ന ഒരു സിവിലിയനെ ഇപ്രകാരം മരണശിക്ഷക്ക് വിധിച്ചു. ഇന്ത്യാന അക്കാലത്ത് യുദ്ധത്തിൻെറ ഒരു സജീവരംഗമായിരുന്നു; തെററിപ്പിരിഞ്ഞ സ്റ്റേററുകളുടെ ആക്രമണങ്ങൾക്ക് പലപ്പോഴും വിധേയമായുമിരുന്നു. ഇന്ത്യാനയുടെ ചില പ്രദേശങ്ങൾ ഐക്യകക്ഷികളോടുള്ള എതിർപ്പിൻെറ സജീവകേന്ദ്രങ്ങളായിരുന്നു. എന്നാൽ സിവിൽകോടതികൾ അടച്ചിരുന്നില്ല; തുറന്നു പ്രവർത്തിച്ചിരുന്നു. ഈ പരിതഃസ്ഥിതിയിൽ മേല്പറഞ്ഞ ഉത്തരവ് ഭരണഘടനാവിരുദ്ധമാണെന്ന് സുപ്രീംകോടതി വിധിച്ചു. (Exparte Milligan. .4 Wall.2)

കോടതി പറഞ്ഞു; ആവശ്യം വരുമ്പോൾ മാത്രമേ — അതായത് സിവിൽകോടതികൾ അടച്ചിരിക്കുകയും നീതിന്യായപരിപാലനത്തിന് പട്ടാളകോടതികൾ മാത്രമേയുള്ളുവെന്നുവരികയും ചെയ്യുന്ന ഘട്ടം — പട്ടാളനിയമം നടപ്പിലാക്കാവൂ. പൊതുജനരക്ഷയ്ക്കു സിവിലിയൻഅധികാരത്തിനു പകരം പട്ടാളഭരണം വേണമോ എന്നു തീരുമാനിക്കേണ്ട അധികാരവും കടമയും യഥാർത്ഥത്തിൽ സിവിൽകോടതികൾക്കാണ്.

ഈ തത്വങ്ങളെല്ലാമുണ്ടായിട്ടുപോലും രണ്ടാം ലോകമഹായുദ്ധകാലത്ത് ഹവോയിൽ കൊടിയ സൈനികാധിപത്യം വരുത്തിയ ഉദാഹരണം നമ്മുടെ കണ്മുന്നിലുണ്ട്. ഹവോയിലുടനീളം ഗവർണ്ണർ പട്ടാളനിയമം പ്രഖ്യാപിച്ചു; സിവിൽ കോടതികൾ അടച്ചുപൂട്ടി; പട്ടാളഭരണത്തലവൻ നിയമങ്ങൾ സ്വയം ആവിഷ്ക്കരിക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തന്നെത്താൻ സ്വീകരിക്കുകയും ചെയ്തു. ആ പട്ടാളത്തലവന്റെ സൈനികകോടതികൾ, ജൂറികൾ മുഖാന്തരമുള്ള കുററാന്വേഷണരീതി മുതലായ സിവിൽപരിരക്ഷകൾ നിഷേധിച്ചു; ഉപഭോക്താക്കളുടെ പണം അപഹരിച്ചതിനു വ്യാപാരികളെ ശിക്ഷിച്ചു: ഗതാഗതനിയമങ്ങൾ ലംഘിച്ചവർക്ക് 5000രൂപവരെ പിഴയിടാനും അവരെ അഞ്ചുവർഷംവരെ തടങ്കലിലിടാനുമുള്ള അധികാരം സ്ഥാപിച്ചു. 1941 ഡിസമ്പർ 7-ാം തിയതിയാണ് ഈ ഭരണം നിലവിൽ വന്നത്. എന്നാൽ 1944-ൽ മാത്രമാണ് ആ നടപടികളുടെ നിയമസാധുത സിവിൽകോടതികളിൽ ഉന്നയിക്കപ്പെട്ടത്. ഒടുവിൽ, കോൺഗ്രസ്സിന്റെ അംഗീകാരമില്ലായിരുന്നുവെന്നതുകൊണ്ട് പട്ടാളഭരണം നിയമവിരുദ്ധമായിരുന്നുവെന്ന് കോടതി വിധിച്ചു. (Duncan V. Kahanamoku 327 U.S. 304) മില്ലിഗൻ കേസ്സിന്റെ വെളിച്ചത്തിൽ, പട്ടാളഭരണം സാധൂകരിക്കാൻ സാദ്ധ്യമല്ലായിരുന്നു.

പട്ടാളഭരണം ഏർപ്പെടുത്തൽ വലിയ യുദ്ധങ്ങൾക്കു മാത്രമായിരുന്നില്ല. പല സന്ദർഭങ്ങളിലും, അക്രമഭീഷണികൾ ചെറുക്കാനായി സ്റ്റേററധികൃതരും ഫെഡറൽ അധികൃതരും പട്ടാളത്തെ നിയോഗിച്ചിട്ടുണ്ട്. ചിലപ്പോൾ പട്ടാളത്തെ നിയോഗിക്കുന്നതു് പണിമുടക്കുകൾ പൊളിക്കുന്നതിനുവേണ്ടിയാവാം, എണ്ണക്കിണറുകളുടെ ഉല്പാദനം പരിമിതപ്പെടുത്താനാവാം; തിരഞ്ഞെടുപ്പു കാലത്തു് വോട്ടർമാരെ മെരുക്കിയെടുക്കുവാനുമാകാം. (Douglas-The Right of the People. 197-206) ലിററിൽ റോക്കിൽ, പള്ളിക്കൂടങ്ങളിൽ വർണ്ണവിവേചനം പാടില്ലെന്ന ഫെഡറൽ കോടതിയുടെ വിധി നടപ്പിലാക്കുന്നതിന്നെതിരായി അർക്കൻസാസിലെ ഗവർണ്ണർ പട്ടാളത്തെ നിയോഗിക്കുകയുണ്ടായി. അതു ചെറുക്കാനായി അമേരിക്കൻ പ്രസിഡണ്ടും പട്ടാളത്തെ നിയോഗിച്ചു. ടെന്നസിയിലെ ഗവർണ്ണർ ഇതുപോലെത്തന്നെ ക്ലീൻറനിലും പ്രവർത്തിക്കുകയുണ്ടായി.

പട്ടാളത്തെ നിയോഗിച്ചതുകൊണ്ടു്, പോലീസിൻെറ ചുമതലകൾ പട്ടാളം ഏറെറടുത്തുകൊള്ളണമെന്നോ, സിവിൽ കോടതികൾ അടച്ചുപൂട്ടണമെന്നോ, പത്രങ്ങളെ നിരോധിക്കണമെന്നോ അർത്ഥമില്ല. സിവിൽഭരണത്തിനുപകരം പട്ടാളഭരണം കൈക്കൊണ്ട നടപടികൾ ന്യായമോ അല്ലയോ എന്നു് അവസാനമായി തീരുമാനിക്കേണ്ടതു് സിവിൽകോടതികൾതന്നെയാണു്. സിവിൽഭരണാധികാരത്തിൽ പട്ടാളത്തിന്നു് കയ്യേറാൻ സാദ്ധ്യതയുള്ള മറെറാരു രംഗം കോർട്ടു്മാർഷൽ വിചാരണകളാണു്, സായുധസേനയുടെ ഭരണത്തിനാവശ്യമായ നിയമങ്ങൾ നിർമ്മിയ്ക്കാനുള്ള കോൺഗ്രസ്സിൻെറ ഭരണഘടനാപരമായ അധികാരത്തിൽ, പട്ടാളനിയമത്തിന്നെതിരായി പ്രവർത്തിക്കുന്ന സായുധസേനാംഗങ്ങളെ വിചാരണ ചെയ്യാൻ അധികാരമുള്ള സൈനികകോടതികൾ ഏർപ്പെടുത്താനുള്ള അധികാരവും ഉൾപ്പെടുന്നു.

ഇൗയടുത്തകാലത്തായി, കുററവാളികൾക്കു് ഒട്ടുവളരെ പരിരക്ഷ നൽകുന്ന മാന്യമായ വിചാരണാസമ്പ്രദായം ഏർപ്പെടുത്തുന്നതിൽ കോൺഗ്രസ്സ് ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ടു്. എന്തുതന്നെയായാലും, ഒരു പട്ടാളവിചാരണ, ഭരണഘടനാനുസൃതമായ നീതിന്യായകോടതികളുടെ വിചാരണകൾക്കു് തുല്യമല്ല. ഉദാഹരണത്തിന്നു്, വിചാരണചെയ്യുന്ന ജഡ്ജിമാർ നീതിന്യായപരിശീലനം സിദ്ധിച്ചവരല്ല. ജഡ്ജിമാർക്കു് ആയുഷ്ക്കാലം മുഴവൻ ആ പദവിയിലിരിക്കാൻ സാദ്ധ്യതയില്ല. അതുകൊണ്ടുതന്നെ സ്വതന്ത്രമായി പ്രവത്തിക്കാനുമുള്ള സാദ്ധ്യതയും മേൽപ്പറഞ്ഞവർക്കു് ഇല്ല. കുററവാളികൾക്കു്, ഗ്രാൻറ്ജൂറിയുടേയോ സാധാരണ ജൂറിയുടേയോ വിചാരണക്കു് വിധേയരാകാനുള്ള അവകാശവുമില്ല.

പട്ടാളകോടതിയുടെ വിചാരണ കോൺഗ്രസ്സിൻെറ പ്രസക്തമായ നിയമങ്ങൾക്കനുസൃതമായാണോ എന്നും ഭരണഘടനാപരമായാണോ എന്നും ഹേബിയസ്കോർപ്പസ് ഹരജിയനുസരിച്ചു് സിവിൽകോടതികൾക്കു് പുനഃപരിശോധിക്കാവുന്നതാണു്. ആഭ്യന്തരയുദ്ധകാലത്തു് ഗവർമ്മേണ്ടുകോൺട്രാക്ടർമാരെല്ലാം സൈനികവിചാരണയ്ക്കു വിധേയരാണെന്ന കോൺഗ്രസ്സിൻെറ ഉത്തരവു്, ഏതാനും വർഷങ്ങൾക്കുശേഷം ഭരണഘടനാവിരുദ്ധമാണെന്നു് വിധിക്കപ്പെടുകയുണ്ടായി. (Exparte Henderson. J Fed. Cas. 1067) വിദേശങ്ങളിലുള്ള പട്ടാളക്കാരുടെ ഭാര്യമാരേയും ബന്ധുക്കളേയും കോർട്ടുമാഷൽവിചാരണക്കു വിധേയരാക്കരുതെന്നും സിവിൽകോടതികളിലെ വിചാരണയാണു് അവർ അർഹിക്കുന്നതെന്നും ഇൗയടുത്തകാലത്തു് സുപ്രീംകോടതി വിധിക്കുകയുണ്ടായി. (Kinsella V. Singleton, 361 U.S. 284) ഒരിക്കൽ പിരിച്ചയക്കപ്പെട്ട ഒരു ഭടനെ, സായുധസേനയിലായിരിക്കെ ചെയ്ത ഒരു കുററത്തിന്നു് പിന്നീടു് സൈനികകോടതിക്കു് വിചാരണ ചെയ്യാൻ പാടുള്ളതല്ല. (Toth V. Quarles.

350 U. S. II) വിചാരണ നടക്കുന്ന കാലത്തു് സായുധസേനയിലെ അംഗങ്ങളായിരിക്കുന്നവരെ മാത്രമേ ഇപ്പോൾ സൈനികകോടതികൾ മുഖാന്തിരം വിചാരണചെയ്യാൻ പാടുള്ളു. സായുധസേനയോടു് ബന്ധപ്പെട്ടു് അവരോടൊപ്പം നാട്ടിലോ പുറംനാട്ടിലോ പ്രവത്തിക്കുന്ന സിവിലിയന്മാരെ സിവിൽകോടതികളാണു്, സൈനികകോടതികളല്ല വിചാരണ ചെയ്യേണ്ടതു്.

PUBLIC LIBRARY

## കുററം ചുമത്തപ്പെട്ടവരുടെ അവകാശങ്ങൾ

ഭരണഘടനാപരമായ കേസുകളിൽ ഏററിയകൂറും കുററം ചുമത്തപ്പെട്ടവരുടെ അവകാശങ്ങളെക്കുറിച്ചുള്ളവയാണു്. പ്രധാനമായ അവകാശങ്ങളുടെ ഒരു പട്ടിക തയ്യാറാക്കിയാൽ നമ്മുടെ ക്രിമിനൽവിചാരണാസമ്പ്രദായവും ഇന്നത്തെ സ്വേച്ഛാധിപത്യരാജ്യങ്ങളിൽ നിലവിലുള്ള സമ്പ്രദായങ്ങളുംതമ്മിൽ മൌലികമായവ്യത്യാസമുണ്ടെന്നും, മററു പല രാജ്യങ്ങളുമായി തുലനം ചെയ്തു നോക്കുമ്പോൾ മൂന്നു നൂററാണ്ടുകൾക്കു മുമ്പുതന്നെ ഈ വ്യത്യാസമുണ്ടായിരുന്നു എന്നും കാണാവുന്നതാണു്.

ഈ അവകാശങ്ങൾ:

### a) കാലതാമസമില്ലാത്ത പരസ്യവിചാരണ

കുററവാളിക്കു് ദോഷകരമായ കാലവിളംബമോ, രഹസ്യമായ ഒരു വിചാരണയോ നമ്മുടെ സമ്പ്രദായം പൊറുക്കുന്നില്ല.

## b) ജൂറി മുമ്പാകെയുള്ള വിചാരണ

ജീവൻ, സ്വാതന്ത്ര്യം, വസ്തുവഹകൾ എന്നിവയുൾപ്പെടുന്ന കാൎയ്യങ്ങളിൽ ഒരു ഉദ്യോഗസ്ഥന്റെ വിധിപ്രസ്താവനയെ അപ്പാടെ വിശ്വസിക്കുന്നില്ല നമ്മുടെ ഭരണഘടന. ഈ വക കാൎയ്യങ്ങൾ സ്വകാൎയ്യപൌരന്മാർ ചേൎന്ന ഒരു ജൂറി ഏകകണ്ഠമായി തീൎമാനിക്കേണ്ടതാണ്. ഈ അവകാശം ഉപേക്ഷിക്കാവുന്നതുമാണ്. എന്നാൽ ക്രിമിനൽകുററം ചുമത്തപ്പെട്ട ഒരാൾക്കൊ, 20 ഡോളറിൽ കൂടുതൽ നഷ്ടപരിഹാരം ചോദിച്ചിട്ടുള്ള ഒരു സിവിൽ കേസിലൊ ജൂറിമുമ്പാകെയുള്ള വിസ്താരം ഒരവകാശമായി ആവശ്യപ്പെടാവുന്നതാണ്.

ചിലർ ജൂറിമുമ്പാകെയുള്ള ഈ വിചാരണാസമ്പ്രദായം ഒഴിവാക്കാൻ ഒരു നീണ്ടസമരം നടത്തുകയുണ്ടായി. അവർ കണ്ട ഒരുപാധി "സമതുലിതമായ പരിഹാരം" നടപ്പിലാക്കുകയായിരുന്നു, ഇതു് ഒരു ജഡ്ജിക്കു് ഏകനായി ചെയ്യാവുന്നതാണല്ലൊ. ചില സ്റ്റേററുകളിൽ അശ്ലീലസാഹിത്യത്തിന്റെ വില്പന തടയുവാനായി ജൂറി കൂടാതെ ജഡ്ജി ഏകനായി പ്രവൎത്തിക്കുന്നതു ഇതിനുള്ള ഉദാഹരണമാണ്. അതുപോലെ കോർട്ടലക്ഷ്യത്തിനു പിഴ വിധിക്കുമ്പോഴും തടങ്കൽ കല്പിക്കുമ്പോഴും ജഡ്ജി ഏകനായി ജൂറി കൂടാതെ പ്രവൎത്തിക്കുന്നതാണ്. മറെറാരുദാഹരണം നിയമവിരുദ്ധമായ ഒരു നടപടിക്കു സിവിൽകോടതിയിൽ വിചാരണ നടത്തുമ്പോൾ ജൂറിമുമ്പാകെയുള്ള വിചാരണയുടെ അവകാശം ലഭിക്കുന്നില്ല. പുസ്തകവില്പന പരിശോധിക്കാനും, കോർട്ടലക്ഷ്യത്തിനു് ശിക്ഷിക്കാനും ഏകനായി വിചാരണചെയ്യുന്ന ഒരു ജഡ്ജിക്കു് സാധിക്കുമെങ്കിൽ അതു് ഒരുപൌരാവകാശം നഷ്ടപ്പെടുക തന്നെയാണ്. അതുകൊണ്ടു് ഒരൊററ ജഡ്ജിക്കു് വിചാരണ ചെയ്തു ശിക്ഷിക്കാ

45587

വുന്ന കോർട്ടലക്ഷ്യക്കുററങ്ങളും മററും വളരെ നിയന്ത്രിച്ച് സിവിൽകോടതികളിലും, ക്രിമിനൽകോടതികളിലും ജൂറിസമ്പ്രദായം നിലനിർത്തേണ്ടതാണ്. ജഡ്ജിമാരുടെ തന്നിഷ്ടപ്രകാരമുള്ള പ്രവൃത്തികൾക്കുള്ള ഒരു പരിരക്ഷയാണ് ജൂറിസമ്പ്രദായം. "സമുദായത്തിൻെറ മനഃസാക്ഷി"യാണ് ജൂറി. ജഡ്ജിമാർ കർക്കശന്മാരാവുന്നിടത്തു സമുദായം ദയാശീലവും, സഹതാപവും പ്രകടിപ്പിക്കുന്നതായാണ് ചരിത്രം വെളിപ്പെടുത്തുന്നത്. ജഡ്ജിമാരുടെ അതിരുകടന്ന പ്രവൃത്തികൾക്കെതിരായുള്ള ഉറപ്പാണ് ജൂറി.

c) സ്വയംകുററാരോപണത്തിൽനിന്നുള്ള പരിരക്ഷ

'നിർബ്ബന്ധിച്ച് ഒരാളെക്കൊണ്ട് അയാൾക്കുതന്നെ എതിരായി' സാക്ഷിപറയിപ്പിക്കുന്ന ഏർപ്പാട് അഞ്ചാം ഭേദഗതി നിരോധിക്കുന്നു. കുററം ചുമത്തപ്പെട്ട ഒരാളെക്കൊണ്ട് അയാൾക്കുതന്നെ എതിരായി മൊഴികൊടുപ്പിക്കുന്നതു നിഷേധിക്കാനുള്ള അവകാശം നമ്മുടെ പൂർവ്വികന്മാർ അത്രകണ്ട് വിലമതിക്കേണ്ടതാണെന്നു കണക്കാക്കിയതുകൊണ്ടാണ് അവർ അത് ഭരണഘടനയിലെ ഉറപ്പായി ഉൾക്കൊള്ളിച്ചു ബഹുമാനിച്ചതു്. ഒരു പൌരൻെറ വിലമതിക്കാനാവാത്ത അവകാശമായിട്ടാണ് ഇതിനെ അംഗീകരിച്ചിട്ടുള്ളതു്. ഇത് ഫെഡറൽ ക്രിമിനൽ കേസുകളിൽ മാത്രമല്ല, ഫെഡറൽകേസുകളിലെല്ലാംതന്നെ തെളിവിൻെറ വിടവ് നികത്താനായി ഒരാളോട് അയാളെ സംബന്ധിക്കുന്ന പ്രോസിക്യൂഷനിൽ വിവരം നൽകാനാവശ്യപ്പെടുന്ന സന്ദർഭത്തിലെല്ലാം അതു നിരസിക്കാനുള്ള അവകാശമുണ്ട്.

Counselman V. Hitchcock 142 U. S. 547 Blau V. United States 340 U. S. 159, 161

കൂടാതെ, ഈ അവകാശം ഉപയോഗപ്പെടുത്തുന്നതു് സ്റ്റേറ്റു ഗവമ്മേണ്ടിനൊ, ഫെഡറൽ ഗവമ്മേണ്ടിനോ ശിക്ഷിക്കാവുന്നതല്ല. ഒരു തരത്തിൽ കുററസമ്മതമായോ, കള്ളസാക്ഷി പറയുന്നതിനുള്ള അജയ്യമായ അനുമാനമായോ ഇതിനെ കണക്കാക്കുകയാണെങ്കിൽ ഈ അവകാശം വെറുമൊരു പ്രഹസനമായി തരം താഴ്ത്തപ്പെടുന്നതാണ്.

Slochower V. Board of Education, 350 U.S. 551 - 557

ഒരാൾ യാതൊരു കുററവും ചെയ്യാത്ത നിരപരാധിയാണെങ്കിൽക്കൂടി പ്രോസിക്യൂട്ട് ചെയ്യുമോ എന്നൊരു സ്വാഭാവികമായ ഭയം ഉണ്ടായെന്നു വരാം.

സംശയപൂർണ്ണമായ ചുററുപാടുകൾകൊണ്ടു് കുരുക്കിൽപെട്ട നിരപരാധികളുടെ രക്ഷക്കായിക്കൊണ്ടാണ് അഞ്ചാം ഭേദഗതി. കുററാന്വേഷണങ്ങളിൽ ഒരുവനെതിരായി അവനെ സാക്ഷി പറയാൻ നിർബ്ബന്ധിക്കരുതെന്ന ഈ വ്യവസ്ഥ പല സ്റ്റേററുകളുടെ ഭരണഘടനയിലും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാം.

മദ്ധ്യകാലയൂറോപ്പിൽ പീഡിപ്പിക്കുന്ന സമ്പ്രദായം ക്രിമിനൽകുററാന്വേഷണത്തിൽ സ്വീകാര്യമായിരുന്നു, ഇതു പ്രയോജനകരമാണെന്നു കരുതുന്ന പോലീസുകാർ ഇന്നുമുണ്ടു്, എന്നാൽ ദണ്ഡനം കൊണ്ടും പീഡനംകൊണ്ടുമുള്ള കുററസമ്മതം കോടതികൾ സ്വീകരിക്കാതെ കുററാരോപണത്തിനു വിധേയമായവരെ രക്ഷിക്കുവാൻ ശ്രമിച്ചിട്ടുണ്ടു്.

Chambers V. Florida 309 U. S. 227

ദണ്ഡനവും പീഡനവും ശാരീരികമായിതീരന്നക്കാം, ഒരു പക്ഷെ മാനസികമായ പ്രേരണയും, കബളിപ്പിക്കലുമായിരിക്കാം.

Leyra V. Denno 347 U. S. 556

അഞ്ചാം ഭേദഗതി നിരോധിച്ചതനുസരിച്ച് ഫെഡറൽകോടതികൾ, പീഡനത്തിൻെറ മേൽ നേടിയ കുററസമ്മതം സ്വീകരിപ്പാതിരിക്കാൻ നിർബ്ബന്ധിതമായി. അതേസമയം സ്റ്റേറ്റുകളും, അഞ്ചാംഭേദഗതിയുടെ പരിരക്ഷ അപ്പാടെതന്നെ നൽകുവാൻ നിർബ്ബന്ധിതമല്ലെങ്കിൽതന്നെയും, ഡ്യൂപ്രോസസ്ക്ലോസ്സ് അനുസരിച്ച് പീഡനത്തിൻെറ മേൽനേടിയ കുററസമ്മതം സ്വീകരിക്കാതിരിപ്പാൻ നിർബ്ബന്ധിതരാണ്.

Brown V. Mississippi 297 U. S. 278

ഇത്തരം പീഡനാതാഡനങ്ങൾ(മൂന്നാം ഡിഗ്രി സമ്പ്രദായം)ക്കുള്ള അവസരം ചുരുക്കുവാൻ വേണ്ടി ഫെഡറൽ നിയമമനുസരിച്ച് അറസ്റ്റ്ചെയ്യപ്പെട്ട ഒരാളെ ഉടൻതന്നെ മജിസ്ട്രേട്ടിൻെറ മുമ്പാകെ കൊണ്ടുവരണമെന്ന് അനുശാസിക്കുവാൻ കോൺഗ്രസ്സ് പരിശ്രമിച്ചിട്ടുണ്ട്. ഇതുകൊണ്ട് ഓാളുടെ ബന്ധുമിത്രാദികൾക്കു എന്തുകൊണ്ടാണ് അയാളെ അറസ്റ്റ്ചെയ്തതെന്നും എവിടെ പാർപ്പിച്ചിരിക്കുന്നു എന്നും മനസ്സിലാക്കുവാൻ സഹായിക്കുന്നു, Mallory V. United States 354. U. S. 449 പല സ്റ്റേറ്റുകളിലും ഈ പരിരക്ഷ നിലവിലുണ്ട്,

## d) അനധികൃതമായ അറസ്ററുകളും പരിശോധനകളും പിടിച്ചെടുക്കലും

ഒരു കുററം തെളിയിപ്പാനുള്ള വ്യഗ്രതയിൽ പോലീസധികൃതന്മാർ ചിലപ്പോൾ പരിശോധനക്കു മുൻകൂട്ടി വാറണ്ട് നേടാതെ തെളിവിലേക്ക് സംശയിക്കപ്പെട്ടവരുടെ വീടുകൾ പരിശോധിക്കുവാൻ പ്രലോഭിതരാകാറുണ്ട്,

നമ്മുടെ ഭരണഘടനയനുസരിച്ച് കോടതി ഒരു പരിശോധനയ്ക്കുള്ള അനുമതി നൽകിയാലല്ലാതെ പോലീസധികൃതർക്ക് ഒ

രു വീടോ ആഫീസോ പരിശോധിക്കുവാൻ പാടുള്ളതല്ല. ഈ അനുമതി നൽകണമെങ്കിൽ പോലീസധികൃതർ കോടതിമുമ്പാകെ, കുററംസംബന്ധിച്ച തെളിവുകൾ ഒരിടത്തുണ്ടെന്നു് തങ്ങൾക്കുത്തമവിശ്വാസമുണ്ടെന്നുകാണിച്ചു് ഒരപേക്ഷ നൽകേണ്ടതാണു്. ഇപ്രകാരം പരിശോധിപ്പാനുള്ള അനുമതി നൽകുകയാണെങ്കിൽതന്നെ പരിശോധിക്കപ്പെടേണ്ട സ്ഥലവും, പിടിച്ചെടുക്കപ്പെടേണ്ട വസ്തുക്കളുടേയും പൂർണ്ണമായ വിശദവിവരം നൽകി പരിശോധനയുടെ പരിധി നിർണ്ണയിക്കുന്നതാണു്. അതുപോലെതന്നെ ഒരു കുററംചെയ്യുന്നതു നേരിട്ടു കാണാത്തപക്ഷമോ ഒരാൾ കുററം ചെയ്തു എന്നു് കാര്യകാരണസഹിതം ബോദ്ധ്യംവരാത്ത പക്ഷമോ, കോടതിയുടെ വാറണ്ടു് (കല്പന)കൂടാതെ ഒരാളെ അറസ്ററു ചെയ്യുവാൻ പാടുള്ളതല്ല. സംശയത്തിൻെറ മേൽ അറസ്ററു ചെയ്യുന്നതു ഭരണഘടനാവിരുദ്ധമാണു്.

Henry V. United States 361. U. S. 98

ഇപ്രകാരം കോടതിയുടെ അനുമതികൂടാതേയോ, ഉത്തമവിശ്വാസത്തോടുകൂടാതെയോ സംശയിക്കപ്പെട്ട ഒരാളെ പരിശോധിച്ചതിൻെറ ഫലമായി അയാളെ കുററവാളിയാക്കാവുന്ന വസ്തുക്കൾ കണ്ടുകിട്ടി എന്നിരിക്കട്ടെ. ആവക വസ്തുക്കൾ ഫെഡറൽകോടതികളിലെ വിചാരണകളിൽ തെളിവായി ഉപയോഗിപ്പാൻ പാടുള്ളതല്ല.

Weeks V. United States 232 U. S. 383

ചില സ്റേററുകളിലെ കോടതികളും ഇതേനിയമം തന്നെയാണു് പരിപാലിക്കുന്നതു്.

People V. Cahan 44 Cal. (2nd) 434

ഇലക്ട്രോണിക്കിൻെറയും മററു ശ്രവണസഹായികളുടേയും സഹായം ഇന്നു പോലീസുകാർക്കും രഹസ്യാന്വേഷകർക്കും ആഫീ

സുകളിലും, വീടുകളിലും നടക്കുന്ന സംഭാഷണങ്ങൾ ഒളിഞ്ഞിരുന്നു കേൾക്കാനും, ടെലിഫോണിൽക്കൂടി സംസാരിക്കുന്നതു ചോർത്തിയെടുക്കുവാനും ഇന്നു എളുപ്പമാക്കിയിട്ടുണ്ട്.

Irvine V. California 347 U. S. 128

ഇപ്രകാരം ചോർത്തിയെടുക്കപ്പെട്ട തെളിവുകൾ കോടതികളിൽ സ്വീകാര്യമല്ലെന്നു കോൺഗ്രസ്സ് വിധിക്കുകയുണ്ടായി. ഫെഡറൽകോടതികളിൽ ആവക തെളിവുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. എന്നാൽ പല സ്റ്റേറ്റുകളിലും അവിടത്തെ കോടതികൾ ആ വക തെളിവുകൾ സ്വീകരിക്കാറുണ്ട്. സുപ്രീം കോടതിയാവട്ടെ, പലപ്പോഴും ഭിന്നാഭിപ്രായമാണ് ഇതിൽ പ്രകടിപ്പിച്ചിട്ടുള്ളതെങ്കിലും, ഇപ്രകാരം കമ്പിമാർഗ്ഗമുള്ള സംഭാഷണങ്ങൾ ചോർത്തിയെടുക്കുന്നതിന്നു മുൻകൂട്ടി മജിസ്ട്രേട്ടിൻെറ വാറണ്ട് നേടിയിരിക്കേണ്ടതാണെന്നുള്ള അഭിപ്രായംസ്വീകരിച്ചിട്ടില്ല. On Lee V. United States 343 U. S. 747

വ്യക്തികളുടേയും, വീടുകളിലേയും സ്വകാര്യജീവിതം സംരക്ഷിക്കപ്പെടണമെന്നുള്ളതുകൊണ്ട് ചില പ്രോസിക്യൂഷനെല്ലാം വളരെ ബുദ്ധിമുട്ടുകൾ നിറഞ്ഞതും കുററവാളികളുടെ ജീവിതം കൂടുതൽ സുഖകരമാക്കിതീർക്കുന്നതുമായിട്ടുണ്ട്. എന്നാൽ ദീർഘകാലപരിചയംകൊണ്ട് ഈ നയം ബുദ്ധിപൂർവ്വകമാണെന്ന് അമേരിക്കക്കാരായ നമുക്കു ബോദ്ധ്യമുണ്ട്. പോലീസുകാരും മററുള്ളവരെപ്പോലെത്തന്നെ നിയമത്തിൻെറ പരിധിക്കുള്ളിൽ ജീവിക്കണം. വെറും സംശയത്തിൻെറ പേരിൽ അറസ്റ്റ് ചെയ്യുവാനും പരിശോധിക്കുവാനും അങ്ങനെ കുററവാളികളെ കണ്ടെത്തുവാനും പോലീസിനെ അനുവദിക്കാതിരുന്നാൽ അവർ കൂടുതൽ കാര്യപ്രാപ്തരാകുന്നതാണ്.

## e) വക്കീലിനെ ലഭിക്കുവാനുള്ള അവകാശം

എല്ലാ കേസുകളിലും കുററം ചുമത്തപ്പെട്ട ആൾക്ക് പണം കൊടുത്താൽ ഒരു വക്കീലിനെ ഏർപ്പെടുത്തുവാൻ അവകാശമുണ്ടായിരിക്കും. ഫെഡറൽകോടതികളിലാണെങ്കിൽ അയാൾക്ക് പണം കൊടുത്ത് വക്കീലിനെ ഏർപ്പെടുത്തുവാൻ കഴിവില്ലാത്ത പക്ഷം അയാൾക്കായി ഒരു വക്കീലിനെ ഏർപ്പെടുത്തി കിട്ടുവാൻ അയാൾക്ക് അവകാശമുണ്ട്. ചില സ്റ്റേററുകൾ ഇതുപോലെ കഴിവില്ലാത്തവക്ക് വക്കീലിനെ ഏർപ്പെടുത്തിക്കൊടുക്കാറുണ്ട്, മററുള്ള സ്റ്റേററുകൾ അതു ചെയ്യാറില്ല. മരണശിക്ഷയ്ക്ക് വിധേയമാകാവുന്ന കുററവിചാരണകളിൽ വക്കീലിനെ ഏർപ്പെടുത്തിക്കൊടുക്കേണ്ടതു് അനിവാര്യമാണ്.

Powell V. Alabama 287. U. S. 45

ഇങ്ങനെയാണെങ്കിൽതന്നെയും ദരിദ്രരായ പ്രതികൾ ഗൌരവതരമായ കുററങ്ങൾക്ക് ഈ നിയമത്തിനെക്കുറിച്ച് അറിവില്ലാതേയും തനിയ്ക്കുവേണ്ടി വാദിക്കാൻ ഒരു വക്കീലില്ലാതേയും വിചാരണ ചെയ്യപ്പെടാറുണ്ട്.

Betts V. Brady 316 U. S. 455

f) കുററം ചുമത്തപ്പെട്ട ഒരാൾക്ക് ഏതു കുററമാണ് തൻെറമേൽ ചുമത്തപ്പെട്ടതെന്നറിയുവാനും, തനിക്കനുകൂലമായ തെളിവുകൾ നൽകുവാനും, തൻെറ ഭാഗത്തേക്ക് താൻ വിളിക്കണമെന്നു വിചാരിക്കുന്ന സാക്ഷികളെ കോടതികല്പനപ്രകാരം (Subpoenas) വരുത്തുവാനും ഉള്ള അവകാശം—ഇവയെല്ലാം നിയമത്തിൻെറ ന്യായപൂർവ്വകമായ പോക്കിന് ഫെഡറൽകോടതികളിലും സ്റ്റേററുകോടതികളിലുമുള്ള അവശിഷ്ടങ്ങളാണ്.

## g) നീതിപൂർവ്വകമായ വിചാരണയ്ക്കുള്ള അവകാശം

കുററം ചുമത്തപ്പെട്ട ഒരാൾക്ക് തൻെറ സ്വയരക്ഷക്കുവേണ്ട സന്നാഹം ഒരുക്കുന്നതിന്നു ആവശ്യമായ സമയം നൽകാതെയോ ആൾക്കൂട്ടത്തിൽ അക്രമാസക്തമായ അന്തരീക്ഷത്തിൽ വിചാരണനടത്തുകയോ ചെയ്യുന്നപക്ഷം ഒരുവൻെറ ജീവൻ അപകടത്തിലാകുന്നഒരു കററം ചുമത്തപ്പെട്ട ഒരു കേസിൻെറവിചാരണ നീതിപൂർവ്വകമായിനടത്തപ്പെട്ടു എന്നുപറയുക സാദ്ധ്യമല്ല. (Moore V.Dempsey, 261 U. S. 86) അതുപോലെതന്നെയാണ് താൻ വിധിക്കുന്ന പിഴശിക്ഷയുടെ ആക്കത്തുക്കം കണക്കാക്കി വേതനം കണക്കാക്കപ്പെടുന്ന ഒരു പോലീസ്കോടതിജഡ്ജിയുടെ വിധികളും.

ഒരു പൌരൻ കുററവാളിയാണെന്ന് വിധിക്കപ്പെട്ടാൽ മാത്രമേ തനിയ്ക്കു ശമ്പളം കിട്ടുകയുള്ളു എന്നിരിക്കിൽ ആ ജഡ്ജിയുടെ വിചാരണയും നീതിപൂർവ്വകമായിരിക്കില്ല.

(Tumcy V. Ohio 273 U. S. 510)

## h) അനിശ്ചിതമായ നിയമത്തിൽനിന്ന നിയമനിർമ്മാണത്തിന്നു മുൻപുചെയ്തുപോയ കുററങ്ങൾക്കു പിന്നീടു ശിക്ഷിക്കുന്നതിൽനിന്നുമുള്ള സംരക്ഷണം:

നിയമത്തെക്കുറിച്ചുള്ള അജ്ഞതനിയമലംഘനത്തിന് സാധാരണയായി ഒരു പരിഹാരമല്ല. ഒരു നിയമം വേണ്ടവിധത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടെന്നും, ആവശ്യക്കാർക്കു അതു കണ്ടെത്താൻകഴിയുമെന്നുമുള്ളതാണ് ഇതിൻെറ പുറകിലുള്ള അനുമാനം. ഒരു റോമൻചക്രവത്തി ഒരിക്കൽ നിയമമെഴുതി അതു ആക്കും വായിക്കാൻ സാദ്ധ്യമല്ലാത്ത വിധം വളരെ ഉയരത്തിൽ പതിച്ചു. അതുകൊണ്ടു് നിയമാനുസൃതമായ പ്രവത്തി എന്തെന്നോ നിയമവിരുദ്ധമായതെന്തെന്നോ ആക്കാ

മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. നിയമത്തിന്റെ ശരിയായ പോക്കിനെക്കുറിച്ചുള്ള നമ്മുടെ ധാരണയിൽ ഒരുവന്റെ മേൽ കുററം ചുമത്തുന്നതിന്നുമുമ്പ് അവനു അതിക്രമിച്ചു കടക്കാൻ പാടില്ലാത്തതും വ്യക്തവുമായ ഒരു നിയമം നിലവിലുണ്ടെന്നുള്ള ധാരണകൂടി ഉൾക്കൊള്ളുന്നു. 1958 വരെ റഷ്യയിൽ ഇതുപോലെ കുററകരമായ പ്രവൃത്തികളെസ്സംബന്ധിച്ച ഒരു നിയമസംഹിത ഉണ്ടായിരുന്നു. ആ സംഹിത പ്രോസിക്യൂട്ടറന്മാക്കും കോടതികൾക്കും അവരുടെ സൌകര്യം അനുസരിച്ച് കേസുകൾ കെട്ടിച്ചമയ്ക്കുവാൻ ഉതകുന്നതായിരുന്നു.

പോലീസുകാരനെ മർദ്ദിക്കുന്നതു കുററകരമാണെന്നു വിധിയ്ക്കാമെങ്കിൽ മറേറതു സക്കാർഉദ്യോഗസ്ഥനെ മർദ്ദിക്കുന്നതും കുററകരമാണെന്നു വ്യാഖ്യാനിക്കാൻ കഴിയുമായിരുന്നു. എന്നാൽ നിയമസംഹിതയിൽ എടുത്തുപറയപ്പെട്ടിരുന്നതു പോലീസുകാരുടെ കായ്യം മാത്രമായിരുന്നു. ഈ സമ്പ്രദായം ഇവിടെനിന്നും ബഹിഷ്ക്കരിക്കപ്പെട്ടിട്ട് വളരെ കാലമായി.

ചെയ്തുകഴിഞ്ഞതിനുശേഷം നിയമനിർമ്മാണം കൊണ്ടു് ഒരു പ്രവൃത്തി കുററകരമാക്കുന്നതും മുൻചെയ്ത പ്രവൃത്തിക്ക് പിന്നീട് കുററക്കാരനാക്കുന്നതുമായ സമ്പ്രദായത്തിന് നല്ലൊരുദാഹരണം ഹങ്കറിയിൽനിന്നും റിപ്പോർട്ടുചെയ്തിരുന്നു. പ്രായപൂർത്തിയാകാത്തവരും 1956 ലെ വിപ്ലവത്തിൽ പങ്കെടുത്തവരുമായവരെ ഹങ്കറിയിലെ നിയമപ്രകാരം വധിയ്ക്കുവാൻ പാടുള്ളതല്ല. പതിനെട്ടോ അതിൽ കവിഞ്ഞതോ ആയ പ്രായമുള്ളവരെ മാത്രമേ വധശിക്ഷക്കു വിധേയരാക്കുവാൻ പാടുള്ളു. വിപ്ലവകാരികളായ പ്രായപൂർത്തിയാകാത്തവരെ പ്രായപൂർത്തിയാകുന്നതുവരെ ജയിലിൽ പാർപ്പിക്കുകയും പ്രായപൂർത്തിയാകുമ്പോൾ അവക്ക് വധശിക്ഷ നൽകുകയുമാണ്. അങ്ങനെ മുൻകാലത്തെ പ്രവർത്തികൾ പിൽക്കാലത്തെ നിയമംകൊണ്ടു് കുററകരമാകുന്ന അനുഭവ

ങ്ങൾ വദ്ധിച്ചിരിക്കുന്നു, ഇവിടെ ഇപ്രകാരമുള്ളതും, മററു തരത്തിലുള്ളതുമായ മേൽപ്പറഞ്ഞ രീതിയിലുള്ള നിയമങ്ങൾ ബഹിഷ്കരിക്കപ്പെട്ടവയാണ്.

i) നിയമനിർമ്മാണസഭകൾ പാസ്സാക്കുന്ന നിയമത്തിന്മേൽ ശിക്ഷിക്കപ്പെടുന്നതിൽനിന്നുമുള്ള രക്ഷ:

ഒരു കാലത്ത് കോടതിമുമ്പാകെയുള്ള വിചാരണ കൂടാതെ നിയമനിർമ്മാണസഭകളുടെ നിയമത്തെ ആസ്പദിച്ച് മനുഷ്യരെ കുററവാളികളായി പ്രഖ്യാപിക്കുന്നതും ശിക്ഷിക്കുന്നതുമായ സമ്പ്രദായമുണ്ടായിരുന്നു. ഈ സമ്പ്രദായം പതിനഞ്ചാംനൂററാണ്ടിലും പതിനാറാം നൂററാണ്ടിലും ഇംഗ്ലണ്ടിൽ സവ്വസാധാരണമായിരുന്നു. നിയമനിർമ്മാണസഭകളുടെ വിചാരണയും, ശിക്ഷയും സാധാരണയായി വസ്തുവഹകൾ കണ്ടുകെട്ടുന്നതിലും, നാടുകടത്തുന്നതിലുമാണ് കേന്ദ്രീകരിച്ചിരുന്നതു്.

അവക്ക് (കുററവാളികൾക്ക്) ആരെങ്കിലും പണം കൊടുക്കേണ്ടിയിരുന്നാൽ അപ്രകാരമുള്ള കടപ്പാടിൽനിന്നും കടക്കാരെ അധികൃതമായി വിമുക്തരാക്കിയിരുന്നു. ചിലപ്പോൾ ഈ ശിക്ഷ കുററക്കാരെ മാത്രമല്ല അവരുടെ പിൻവാഴ്ചക്കാരേയും ബാധിച്ചിരുന്നു കാരണം, ഇവരുടെ രക്തം മലിമസമായതാണെന്നും ആയതുകൊണ്ട് കുററവാളികളുടെ സ്വത്തുവഹകൾ അനുഭവിക്കുന്നതിന്നു അവർ അയോഗ്യരാണ് എന്നുമായിരുന്നു. ഇംഗ്ലണ്ടിൽ ഇപ്രകാരമുള്ള നിയമം മതവിഭാഗങ്ങൾ (അധികാരത്തിലല്ലാത്ത) ക്കെതിരായും, രാഷ്ട്രീയ പ്രതിപക്ഷങ്ങൾക്കെതിരായും ഉപയോഗിച്ചിരുന്നു.

ഈ രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം, ഭരണഘടന നിലവിൽവരുന്ന 1787-നു് മുമ്പ് പല സ്റ്റേററുകളും സ്വാത

ന്ത്യസമരത്തിന്നെതിരായി ഇംഗ്ലണ്ടിനെ സഹായിച്ചവക്കെതിരായി ഈ നിയമം പാസ്സാക്കുകയുണ്ടായി. ഈ നിയമം നാം ബഹിഷ്കരിച്ചതോടെ ഈമാതിരിയുള്ള ശിക്ഷകളും തള്ളിക്കളഞ്ഞു. ഏതെങ്കിലും ഒരു സ്റ്റേററിനോ ഫെഡറൽഗവമ്മേണ്ടിനുതന്നെയോ, ആരെയെങ്കിലും ശിക്ഷിക്കണമെന്നുണ്ടെങ്കിൽ നിയമപരമായി അയാളെ കോടതിമുമ്പാകെ വിചാരണ ചെയ്യേണ്ടതാണ്. അതുകൊണ്ടാണ് ചില ഫെഡറൽജീവനക്കാർ കൂറില്ലാത്തവരാണെന്നും, ഫെഡറൽസമ്പത്തിൽനിന്ന് അവരുടെ ശമ്പളം ഒരുകാലത്തും കൊടുക്കരുതെന്നും കോൺഗ്രസ്സ് കല്പിച്ചതു്. ഈ കല്പന ബിൽഓഫ് അറേറൻഡർ കോടതി വിചാരണയല്ലാതെ നിയമസഭകളുടെ ഉത്തരവിന്മേൽ ശിക്ഷിക്കുന്ന സമ്പ്രദായം ആണെന്നു കോടതി 1946-ൽ വിധിച്ചു.

United States V. Lovett 328 U. S. 303

ഒരുവൻെറ ജോലി നഷ്ടപ്പെടുത്തുന്നതും, അയാൾ വിശ്വസ്തനല്ലെന്ന് മുദ്രയടിക്കുന്നതും, പ്രായോഗികതയിൽ അയാളെ സമുദായത്തിൽനിന്നും പുറംതള്ളുന്നതുമെല്ലാം ശിക്ഷയാണ്.

എല്ലാംകൂടി നോക്കുമ്പോൾ ക്രിമിനൽനടപടികളെക്കുറിച്ചുള്ള ഈ നിയമങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തെ കാത്തുസൂക്ഷിക്കുന്നവയാണ്. നിയമം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗങ്ങളുടെ ഭദ്രതകൊണ്ട് പ്രീണനങ്ങളായ കുററവിചാരണാസമ്പ്രദായങ്ങളിൽനിന്നും നമ്മെ രക്ഷിക്കാത്തപക്ഷം, നമ്മുടെ പൌരാവകാശങ്ങളും, സ്വകാര്യസ്വത്തുക്കളും മററും മററും പരിരക്ഷിക്കുന്ന വിശാലമായ നിയമങ്ങളുടെ താല്പര്യം അർത്ഥശൂന്യമായി തീരുന്നതാണ്. ഒരുവനെ രഹസ്യമായി നിയമദൃഷ്ട്യാ വ്യക്തമാക്കാത്ത കുററത്തിന്മേൽ, ആ കുററം എന്തെന്നറിയാനും അതിനുത്തരം പറയാനുള്ള അവസരം നൽകാതെയും ശാരീരികവും, മാനസികവുമായ താഡനങ്ങളിൽനിന്നും സംരക്ഷണം നൽകാതെയും, ഒരു വ

ക്കീലിൻെറ സഹായം കൂടാതേയും, ഒരുവനെ വിചാരണ ചെയ്യുന്നപക്ഷം അയാളുടെ മുഖ്യമായ അവകാശങ്ങൾ ഒരിക്കലും സംരക്ഷിക്കപ്പെടുന്നില്ല. നമ്മുടെ ഭരണഘടന നൽകുന്ന നിയമമാർഗ്ഗങ്ങളാണ് (നിയമത്തിൻെറ നടത്തിപ്പിനുള്ള മാർഗ്ഗങ്ങൾ) നമ്മുടെ സ്വതന്ത്രസമുദായജീവിതത്തെ മററു പോലീസുരാജ്യങ്ങളിൽ നിന്നും വേർതിരിച്ചു നിൎത്തുന്നതു്.

ഒരുവനെ നീതിപൂർവ്വകമായി വിചാരണ ചെയ്തശേഷം മാത്രമേ കുററവാളിയെന്നു കല്പിക്കാനോ, ശിക്ഷിക്കാനോ പാടുള്ളു എന്നുള്ളതാണ് നമ്മുടെ വ്യവസ്ഥയിലെ സങ്കല്പം. നമ്മുടെ ഉദ്ദേശ്യം കുററക്കാൎക്ക് ജീവിതം സുഗമമാക്കുകയും, പോലീസുകാൎക്ക് ദുഷ്കരമാക്കുകയുമല്ല. നിരപരാധികളെ രക്ഷിക്കുകയാണ് നമ്മുടെ ഉദ്ദേശ്യം. നമ്മുടെ ദീർഘകാലത്തെ പരിചയംകൊണ്ട് എല്ലാവരേയും-സ്വകാൎയ്യപൌരനേയും പോലീസുകാരേയും ജഡ്ജിമാരേയും - ഒരുപോലെ ബാധിക്കുന്ന നിയമം നടപ്പിലാക്കാൻ ശ്രമിക്കുകയാണ് നിരപരാധികളെ രക്ഷിക്കാൻ ഏററവും നല്ല മാൎഗ്ഗമെന്നു ബോദ്ധ്യമായിട്ടുണ്ട്. ലക്ഷ്യങ്ങളെപ്പോലെ തന്നെ പ്രധാനമാണ് മാർഗ്ഗങ്ങളും.

# വസ്തുവഹകളുടെ അവകാശം

സ്വാതന്ത്ര്യത്തിൻെറ ഏതു പദ്ധതിയിലും വസ്തുവഹകൾ പ്രധാനപ്പെട്ടവയത്രേ. ഒരാൾ നിൎമ്മിക്കുന്ന ഭവനം പോലെയും ശേഖരിക്കുന്ന ഗ്രന്ഥങ്ങളെപ്പോലെയും ഇഷ്ടപ്പെടുന്ന സംഗീതാദി കലകളെപ്പോലെയും അയാളുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്ന വസ്തുവഹകളും. ഒരുവൻെറ ഭവനം തന്നെയാണ് അവൻെറ കോട്ട—ലോകത്തിൽ സ്വകാൎയ്യജീവിതം നയിക്കാനുള്ള ഉറ

പ്പം അതാണ്, വലിയ പിററ് (Pitt, the elder) ഒരിക്കൽ പറഞ്ഞതുപോലെ, ഏററവും ദരിദ്രനായ മനുഷ്യൻ അവൻെറ കടിലിലിരുന്ന് രാജശക്തിയെ എതിക്കുന്നു. ആ കടിൽ ജീണ്ണിച്ചതായിരിക്കാം. അതിൻെറ മേൽക്കൂര ഇളകിയാടുന്നതായിരിക്കാം. അതിൽക്കൂടി കാററും മഴയും കൊടുങ്കാററും തിമൎത്തു കടന്നുപോയി എന്നുവരാം. എന്നാൽ ഇംഗ്ലണ്ടിലെ രാജാവിന് അവിടെ പ്രവേശിക്കാൻ സാദ്ധ്യമല്ല; അദ്ദേഹത്തിൻെറ പട്ടാളമാവട്ടെ ആ ജീണ്ണിച്ച കടിലിൻെറ ഉമ്മറപ്പടി കടക്കാൻ പോലും ധൈൎയ്യപ്പെടുകയില്ല.

ഇക്കാരണംകൊണ്ടുതന്നെയാണ് പോലീസുകാൎക്ക്, ഇഷ്ടം പോലെ, വീടുകളിൽ പ്രവേശിക്കുകയോ, പരിസരം പരിശോധിക്കുകയോ പാടില്ലെന്നു പറയുന്നത്. ഒരു പരിശോധനാകല്പനക്കുവേണ്ടി പോലീസ്, മജിസ്ട്രേട്ടിൻെറ മുമ്പാകെ ഹാജരായി, ബന്ധപ്പെട്ട കക്ഷി കുററംചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കാൻ മതിയായ കാരണങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെടുത്തണം. വസ്തുവഹകളെന്നും സ്വകാൎയ്യജീവിതമെന്നും പറഞ്ഞാൽ, ഒരുവൻെറ ഗ്രന്ഥങ്ങളും രേഖകളും മാസികകളും ഓഫീസും കാറും വീടും എല്ലാമെല്ലാം ഉൾപ്പെടുന്നു.

വസ്തുവഹകളുടെ പ്രയോഗം മിക്കപ്പോഴും പൊതുതാൽപ്പൎയ്യങ്ങളെ ബാധിക്കുന്നു. ഒരു മനുഷ്യൻ പൊതുശല്യമുണ്ടാക്കിയേക്കാം, അപ്പോൾ അധികൃതൎക്ക് അതു നിയന്ത്രിക്കാം. നഗരങ്ങളുടെ സംവിധാനമനുസരിച്ച ചില പ്രത്യേക സ്ഥലങ്ങൾ ചില പ്രത്യേക ആവശ്യങ്ങൾക്കായി തരംതിരിച്ചു വിത്താം—ഇതനുവദനീയമാണ്.

(Euclid V. Ambler Co. 272, U. S, 362)

മേഖലകളായി തരംതിരിക്കുന്നതു നഗരങ്ങളെ കൂടുതൽ മ

നോഹരവും ആരോഗ്യപരവും വൃത്തിയുള്ളവയുമാക്കുന്നു.

(Berman V. Parker. 348. US. 26)

ഫാക്ടറിയിലെ വ്യവസ്ഥകളും തൊഴിൽസമയവും വേതനങ്ങളും മററും നിജപ്പെടുത്താനുള്ള ഗവമ്മെണ്ടിന്റെ ശ്രമത്തെ ഫാക്ടറിഉടമകൾ എതിത്തിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു.

(Lochner V. New York 198. U, S. 45)

സ്റ്റേററിന്റെ ഈ നിയന്ത്രണം ഉടമകളുടെ സ്വത്തവകാശത്തെ നിഷേധിക്കുകയാണെന്നും കരാറിലേർപ്പെടുന്നതിന്ന് പതിന്നാലാമത്തെ ഭേദഗതി നൽകുന്ന സ്വാതന്ത്ര്യത്തെ ഉല്ലംഘിക്കലാണെന്നുമായിരുന്നു വാദം; വീട്ടുടമസ്ഥർ പിരിച്ചെടുത്തിരുന്ന വാടകക്കും പൊതുജനോപകാരപ്രദങ്ങളായ കമ്പനികൾ നിശ്ചയിക്കുന്ന നിരക്കിനും നിയന്ത്രണമേർപ്പെടുത്തിയതുമൂലം വിലയിൽ മാററം വന്നിട്ടുണ്ടെന്നതിൽ സംശയമില്ല.

(Block V. Hersch. 256. U. S. 135)

ഒരു ഫാക്ടറിഉടമസ്ഥന്ന് അയാൾ ആഗ്രഹിക്കുന്ന വേതനം നൽകാൻ കഴിയുമെങ്കിൽ, അയാളുടെ മൂലധനനിക്ഷേപത്തിലുള്ള വരുമാനം കൂടുതൽ വർദ്ധിക്കും. എന്നാൽ നിയമങ്ങളിലൂടെ സ്റ്റേററുഗവമ്മെണ്ടുകളും ഫെഡറൽഗവമ്മെണ്ടും പല നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ചില വ്യവസായങ്ങളിൽ കുറഞ്ഞ കൂലി നിജപ്പെടുത്തിയിട്ടുണ്ട്. അമ്മാതിരി നിയമങ്ങൾ നിലനിന്നു പോന്നിട്ടുമുണ്ട്.

(West Hotel Co. V. Parrish 300 U. S. 379)

വിലനിയന്ത്രണങ്ങൾ സാധുവാണെന്നു വിധിക്കപ്പെട്ടു.

(Nebbia V. New York. 291 U. S. 502; Sunshine Coal Co. V.Adkins.310. U. S. 381.)

അവശ്യസർവ്വീസുകളുടെ നിരക്ക് സാരമായി നിയന്ത്രിക്കപ്പെട്ടു. ചുരുക്കത്തിൽ ഒരുകാലത്ത് ജസ്റ്റിസ് ഹോംസും ജസ്റ്റിസ് ബ്രെൻറീസും വാദിച്ച സഹിഷ്ണുതയാണ്, സാമൂഹ്യനിയമങ്ങളുടെ രംഗത്തു ഇന്ന് കോടതികളുടെ തത്വസംഹിത. (Lochner V. New York. 198 U.S.45,74: Tyson & Bro, V. Banton. 273 U. S,418, 445) ഒരു പൊതുനിയമത്തിൻെറ ആവശ്യകതയുണ്ടെന്നു ന്യായമായി ഗവൺമെണ്ടിനു തോന്നുന്നപക്ഷം, നിയമത്തിൻെറ ന്യായമായ മാർഗ്ഗങ്ങളെ നിഷേധിക്കാതെ സാമ്പത്തിക – വ്യാപാരകാര്യങ്ങളിൽ ഗവൺമെണ്ടിനു നിയന്ത്രണമേർപ്പെടുത്താവുന്നതാണെന്ന വാദത്തെ അംഗീകരിക്കുന്ന ഒരു മനോഭാവമാണ് കഴിഞ്ഞ അര നൂററാണ്ടിനിടയിൽ കോടതികൾ കൈക്കൊണ്ടിട്ടുള്ളതു്. (Giboney V. Empire Storage Co. 336. U. S. 490)

എന്നിരുന്നാൽത്തന്നെയും വസ്തുവഹകളുടെ താൽപ്പര്യങ്ങൾക്ക് നമ്മുടെ ഭരണഘടനയിൽ മാന്യമായ സ്ഥാനം നൽകിയിട്ടുണ്ട്. 1690-ൽ, തൻെറ "ടിററിസ് ഓഫ് സിവിൽ ഗവൺമെണ്ട്" എന്ന ഗ്രന്ഥത്തിൽ ജോൺ ലോക്കർ പറയുന്നു: "മററാരാൾക്ക് ഇഷ്ടംപോലെ, അവകാശത്തിൻെറ പേരിൽ, എൻെറ അനുമതി കൂടാതെ എന്നിൽനിന്നും എടുത്തുകൊണ്ടുപോകാവുന്ന ഒരു വസ്തുവിൽ യഥാർത്ഥത്തിൽ എനിക്കൊരു അവകാശവുമില്ല." പൊതുജനോപകാരപ്രദങ്ങളായ ആവശ്യങ്ങൾക്ക് സ്വകാര്യവസ്തുക്കൾ ന്യായമായ പ്രതിഫലം കൊടുക്കാതെ എടുക്കുവാൻ പാടുള്ളതല്ലെന്നാണ് അഞ്ചാമത്തെ ഭേദഗതി അനുശാസിക്കുന്നതു്. ഇതിൻെറ അർത്ഥം പണ്ടുകാലത്ത് ഭരണാധികാരികൾ ചെയ്തിരുന്നതുപോലെ, ജോണിൻെറ വസ്തുവെടുത്തു് സ്മിത്തിനു കൊടുക്കാൻ പാടില്ല എന്നാണ്. എടുക്കുന്നതു് തീർച്ചയായും പൊതു

ങനാവശ്യങ്ങൾക്കായിരിക്കണം. തന്നെയുമല്ല. തുല്ല്യമായ പ്ര
തിഫലം പണമായി ഉടമസ്ഥന് കൊടുക്കുകയും വേണം.
(United States V. Miller. 317 U. S. 369) "എടുക്കുക"എ
ന്നതു് വളരെ വിശാലമായാണ് വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളതു്.
ഭൂമിക്കുമീതെ പറക്കുന്ന സർക്കാർവിമാനങ്ങൾ, ആ ഭൂമിയുടെ കാ
ഷികമായ ഗുണങ്ങളെ മുട്ടാക്കെ ഹനിച്ചെന്നുവരാം—ഭരണഘട
നാപരമായ അർത്ഥത്തിൽ പരിശോധിക്കുമ്പോൾ, അതുകൊണ്ടുത
ന്നെ നഷ്ടപരിഹാരം കൊടുക്കുകയും വേണം.

(United States V. Causly. 328. U. S. 256)

നമ്മുടെ സ്വാതന്ത്ര്യത്തോടുള്ള വെല്ലുവിളി സാധാരണയായി ഉയൻവരുന്നതു്, ബോധപൂർവ്വം നമ്മുടെ ഭരണസമ്പ്രദായത്തെ തകർക്കണമെന്നു് വിചാരിക്കുന്നവരിൽ നിന്നല്ല; പ്രത്യുത, നല്ല മനുഷ്യരിൽനിന്നാണു്; അഭിലഷണീയങ്ങളായ ഉദ്ദേശ്യങ്ങൾക്കവേണ്ടിയുള്ള പ്രവർത്തനങ്ങൾ പലപ്പോഴും നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുമെന്ന യാഥാർത്ഥ്യം കാണാൻ കഴിയില്ലാത്ത നല്ല മനുഷ്യരിൽ നിന്നാണു്.

ചില ഉദാഹരണങ്ങൾ: നികൃഷ്ടനായ ഒരു മനുഷ്യനെ ശിക്ഷിക്കണമെന്ന വ്യഗ്രതയുള്ള ഒരു പ്രോസിക്യൂട്ടർ, നടപടിക്രമങ്ങളിലുള്ള പരിരക്ഷകൾ വിഗണിച്ചെന്നു വന്നേക്കാം;

നമ്മുടെ രാജ്യത്തെ രക്ഷിക്കണമെന്ന മാത്സര്യബുദ്ധിയുള്ള ഒരു കമാണ്ടർ, സിവിലിയൻ മേഖലകളിലേക്കും പട്ടാളനിയമം വ്യാപിപ്പിച്ചു എന്നു വരാം;

ക്രമസമാധാനം പരിപാലിക്കണമെന്നു് നിർബ്ബന്ധമുള്ള ഒരു പോലീസുദ്യോഗസ്ഥൻ, പൊതുസമ്മേളനങ്ങളിൽ സംസാരിക്കാനുള്ള ജനങ്ങളുടെ അവകാശങ്ങളെ നിരോധിച്ചു എന്നുവരാം.

ഇവരുടെയൊക്കെ ഉദ്ദേശ്യങ്ങൾ ശ്ലാഘനീയമാണു്. എന്നാൽ, സ്വാതന്ത്ര്യത്തിൻെറ സംരക്ഷ ഉദ്ദേശ്യങ്ങളെ ആശ്രയിച്ചല്ല എന്നതാണു് നാം ഓർമ്മിക്കേണ്ടതു്. സ്വാതന്ത്ര്യം അടിച്ചമർത്തപ്പെടുന്നതിൻെറ ഫലം—അങ്ങിനെ ചെയ്യുന്നതു ഒരു സമുദായ

പരിഷ്കൃത്താവാവട്ടെ, സമുദായം ബഹിഷ്കരിച്ച ഒരുത്തനാവട്ടെ —ഒന്നുതന്നെ. നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്ന സ്വാതന്ത്ര്യങ്ങൾ ഉല്ലംഘിക്കപ്പെടുന്നുണ്ടോ എന്ന നിരന്തരമായ ജാഗ്രതയാണ് ഇമ്മാതിരി മറുകണ്ടംചാടുന്ന ഉത്സാഹത്തിന്റെ കടിഞ്ഞാൺ. സ്വാതന്ത്ര്യത്തിന്റെ ചെറിയ തോതിലുള്ള ഓരോ വിട്ടുവീഴ്ചയും കൂടുതൽ വലിയ വിട്ടുവീഴ്ചകൾക്ക് ഇടയാക്കുന്നതാണ്. പൌരാവകാശങ്ങൾക്കുള്ള സമരം അനന്തമത്രേ.

PUBLIC LIBRARY KOTTAYAM

ചിലർ പറഞ്ഞേക്കാം: ഈ പ്രശ്നങ്ങളൊന്നും തങ്ങളെ ബാധിക്കുന്നില്ലെന്ന്, "നിങ്ങൾ ഇതുവരെ പറഞ്ഞുകൊണ്ടിരുന്നതു് മററുള്ളവരുടെ – നീഗ്രോ, ജപ്പാനീസ്, കുററവാളികൾ, ഫാസിസ്റ്റുകൾ, കമ്യൂണിസ്റ്റുകൾ തുടങ്ങിയവരുടെ – സ്വാതന്ത്ര്യങ്ങളെപ്പററിയാണല്ലൊ. ന്യൂനപക്ഷങ്ങളാണ്, തലതിരിഞ്ഞ കിറുക്കന്മാരും ശല്യക്കാരും മററുമാണ് ഈ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതു്. ബുദ്ധിമാനായ ഒരു സാധാരണഅമേരിക്കക്കാരന് ഇവയെപ്പററിയൊന്നും ചിന്തിക്കേണ്ട കാര്യമില്ല."

ചിലർ ഒരു പടികൂടി കടന്ന്, ഇങ്ങിനെ പറയും: "ഇക്കൂട്ടരൊന്നും കോടതികളുടേയോ ഭരണഘടനയുടേയോ സംരക്ഷണം അർഹിക്കുന്നില്ല. കുററവാളികളുടേയും കമ്യൂണിസ്റ്റ്കളുടേയും അവകാശങ്ങളെപ്പററി നാം എന്തിനാണ് പറയുന്നതു്? ഒരവകാശവും അർഹിക്കുന്നില്ല അവർ."

ഇതു് ആപല്ക്കരമായ ഒരു നിലപാടാണ്. കമ്യൂണിസ്റ്റുകാരുടേയൊഴികെ, മററാരുടേയും ജീവനോ സ്വാതന്ത്ര്യമോ വസ്തുവഹകളോ ശരിയായ നിയമത്തിന്റെ മാർഗ്ഗത്തിലൂടെയല്ലാതെ നിഷേധിക്കുവാൻ പാടില്ല എന്നു നമ്മുടെ ഭരണഘടന പറയുന്നില്ല. അങ്ങിനെ അപവാദങ്ങളുമില്ല. നിയമത്തിന്റെ ന്യാ

യമായ മാർഗ്ഗത്തിലൂടെയല്ലാതെ, ആരുടേയും സ്വത്തും ജീവനും വസ്തുവഹകളും സ്വാതന്ത്ര്യവും നിഷേധിക്കുവാൻ പാടില്ല എന്നാണ് ഭരണഘടനയുടെ ആജ്ഞ. ചിലരെ നാം ഇഷ്ടപ്പെടുന്നില്ല എന്നോ, അവരുടെ ആദർശങ്ങളെ നാം അംഗീകരിക്കുന്നില്ലെന്നോ ഉള്ള കാരണത്താൽ നാം തന്നെ അപവാദങ്ങളുണ്ടാക്കാൻ പാടില്ല.

ഏതൊരാളുടെ സ്വാതന്ത്ര്യവും നമ്മുടെ ഏവരുടേയും സ്വാതന്ത്ര്യമാണ്. കമ്യൂണിസ്റ്റുകളെ ഭരണഘടന പരിരക്ഷിക്കരുത് എന്ന് ഒരിക്കൽ നാം പറയാൻ തുടങ്ങിയാൽ, ഉടനെ ഒരു ചോദ്യം വരും: ആരാണ് കമ്യൂണിസ്റ്റുകൾ? കമ്യൂണിസ്റ്റ് പാർട്ടിയിലെ കാർഡുള്ള മെമ്പർമാർക്കു മാത്രമാണോ നാം അഭിപ്രായസ്വാതന്ത്ര്യം നിഷേധിക്കുക? അതോ മെമ്പർഷിപ്പ് ഒളിച്ചുവെയ്ക്കുന്നവരും അതേസമയം തികഞ്ഞ കമ്യൂണിസ്റ്റുകളുമായവർ വേറെയുമുണ്ടെന്നു നാം പറയുമോ? അവരെക്കൂടി ഭരണഘടനയുടെ പുറത്തുനിർത്താനാണ് ഭാവമെങ്കിൽ, കമ്യൂണിസ്റ്റുകളുടെ നിലപാട് അംഗീകരിക്കുന്ന ഏവരേയും നിശ്ശബ്ദരാക്കണമെന്ന് നാം പറയുമെന്നാണോ? ഈ ചോദ്യങ്ങൾ കേവലം സാങ്കല്പികമൊന്നുമല്ല. അടുത്തകാലത്ത്, കോൺഗ്രസ്സ് കമ്മിററിയുടെ ഒരു ചെയർമാൻ പറഞ്ഞു:

"സ്വകാര്യസംരംഭങ്ങളെന്ന നമ്മുടെ സമ്പ്രദായത്തിൽ വിശ്വസിക്കാത്ത നൂറുകണക്കിനു് ഇടതുപക്ഷക്കാരേയും വിപ്ലവവാദികളേയും നമ്മുടെ ഗവമ്മേണ്ടിൽ-പ്രധാനപ്പെട്ട പദവികളിൽ പോലും—വെച്ചുകൊണ്ടിരിക്കുന്നേടത്തോളംകാലം അഞ്ചാംപത്തികളേയും ട്രോജൻ കതിരകളേയും നമുക്ക് വേണ്ടംവണ്ണം ഒന്നും കാര്യം ചെയ്യാൻ സാധിക്കുകയില്ല."

ഇതനുസരിച്ച്, സാമൂഹ്യരക്ഷണനിയമം വേണമെന്നാവശ്യ

പ്പെട്ടവനേയും, ടെനസിവാലിഅഥോറിററി ശക്തിപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടവനേയും സംഘടിക്കാനും പണിമുടക്കു നടത്താനുമുള്ള തൊഴിലാളികളുടെ അവകാശം പരിരക്ഷിക്കണമെന്നാവശ്യപ്പെട്ടവനേയും അമിതാദായ കച്ചവടനികുതി ഏർപ്പെടുത്തണമെന്നു പറഞ്ഞവനേയും ട്രസ്റ്റ്വിരുദ്ധനിയമങ്ങൾ നടപ്പിലാക്കണമെന്നു് പറഞ്ഞവനേയും ഒരു ഇടതുപക്ഷക്കാരനായും വിപ്ലവകാരിയായും മുദ്രയടിക്കാവുന്നതും തന്മൂലം ഭരണഘടനയുടെ പരിരക്ഷ അർഹിക്കാത്തവനാണെന്നു് വാദിക്കുകയും ചെയ്യാവുന്നതാണ്. ഈവിധം ഓരോരുത്തരുടേയും ആശയാദർശങ്ങളനുസരിച്ചു ജനങ്ങളെ തരംതിരിക്കാൻ ഒരിക്കൽ നാം ഒരുങ്ങിയാൽ, ഒന്നാമത്തെ ഭേദഗതിയിലെ സംരക്ഷണം ചിലർക്കെല്ലാം ഉണ്ടെന്നും ചിലർക്ക് ഇല്ലെന്നും പറയാനാണ് ഭാവമെങ്കിൽ, ആരുടേയും അവകാശം സംരക്ഷിക്കപ്പെടുന്നില്ലെന്നാണർത്ഥം. അങ്ങിനെ വന്നാൽ, അഭിപ്രായസ്വാതന്ത്ര്യം എന്നതിൻെറ അർത്ഥം, ഭൂരിപക്ഷമോ, അന്നന്നത്തെ സർക്കാർ ഉദ്യോഗസ്ഥന്മാരോ അനുകൂലിക്കുന്നതെന്തോ അതു് ഏററു പറയുക എന്ന മാത്രമായിത്തീരും. റഷ്യയിലെ സമ്പ്രദായമാണതു്. ഇന്നു് പഴഞ്ചനായി കരുതുന്നതു് നാളെ ഒരു വഴക്കം തന്നെയായേക്കാം — ഒരു സ്റ്റാലിൻ അഭിപ്രായം മാററിയാൽ മതി. ചില കമ്മൂണിസ്റ്റേതരരാജ്യങ്ങളിൽ നിലവിലുള്ള സമ്പ്രദായവും ഇതു തന്നെയാണ്. ചില മദ്ധ്യപൌരസ്ത്യ രാജ്യങ്ങളിൽ, തങ്ങളെ ജയിലിലടക്കുകയും പത്രസ്ഥാപനം തന്നെ കണ്ടുകെട്ടുകയും ചെയ്തേക്കുമോ എന്നു ഭയന്നു് നിലവിലുള്ള ഗവമ്മേണ്ടിനെ വിമർശിച്ചു മുഖപ്രസംഗങ്ങളെഴുതാൻ പത്രാധിപന്മാർ ഭയപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളതു്. 1960-ൽ ഫോർമോസയിലെ ചിയാങ്ങ്കൈഷക്ക് ലീലൈനിനെ രാജ്യദ്രോഹക്കുററം ചുമത്തി വിചാരണ ചെയ്യുകയുണ്ടായി. കാരണമെന്തായിരുന്നുവെന്നോ? അഴിമതി നിറഞ്ഞ, പിന്തിരിപ്പനായ ക്കുമിന്താങ്ങിനെതിരായി

ഖീ ചെൻ ഒരു രാഷ്ട്രീയകക്ഷി സംഘടിപ്പിക്കാൻ ശ്രമിച്ചു. ആ കുററത്തിന്നു് അദ്ദേഹത്തെ ഏഴുവർഷത്തെ തടവിനാണ് വിധിച്ചതു്. അതുപോലെത്തന്നെ, ഭരണഘടനയെ അവഗണിച്ചു് ചിയാങ്ങ്കൈഷക്കിനെത്തന്നെ മൂന്നാമത്തെ തവണയും പ്രസിഡണ്ടാക്കാനുള്ള ഗവമ്മേണ്ടിൻെറ തീരുമാനത്തെ വിമർശിച്ചതിന്നു ഫ്രചങ്ങ് മെ എന്ന ഒരു മാസികയുടെ പത്രാധിപരെ മൂന്നു വർഷത്തേക്കു ശിക്ഷിക്കുകയുണ്ടായി. അമേരിക്കയുടെ സമ്പ്രദായം അതല്ല.

നാം കേൾക്കാനാഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും തീർച്ചയായും ന്യൂനപക്ഷത്തിൻെറ അഭിപ്രായങ്ങളാണ്; ആവുന്നതു ഉച്ചത്തിൽ മുഴങ്ങിക്കേൾക്കാത്ത അഭിപ്രായങ്ങളാണ്. നാം അനുകൂലിക്കുന്നതെന്തോ, അതുതന്നെ പറഞ്ഞുകേൾക്കുന്നതുകൊണ്ടു് നാം പഠിക്കുന്നില്ല. നാം കേൾക്കാനാവശ്യപ്പെടുന്നതു് നമുക്കു് വിയോജിപ്പുണ്ടായേക്കാവുന്ന അഭിപ്രായങ്ങളാണ്. സ്റ്റുവർട്ട് മിൽ പറഞ്ഞതുപോലെ, "ചിലപ്പോൾ കൂടുതൽ ചിന്തിച്ചാൽ, ആ പുതിയ അഭിപ്രായത്തിൻെറ മിടുക്കു് നമുക്കു് മനസ്സിലായി എന്നു വരും. വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുമായി ഇടതട്ടിച്ചു നോക്കുമ്പോഴാണ് നാംതന്നെ നമ്മുടെ അഭിപ്രായങ്ങളെ കൂടുതൽ അറിയുക."

മററു രംഗങ്ങളിലും ഇതുതന്നെയാണ് പരമാർത്ഥം. കുററം ചുമത്തപ്പെട്ടവരുടെ അവകാശങ്ങൾ അതിപ്രധാനങ്ങളാണ്. കാരണം, പലപ്പോഴും തെററായിട്ടായിരിക്കും കുററം ചുമത്തപ്പെടുന്നതു്. രണ്ടോ മൂന്നോ പന്തിരാണ്ടുകാലത്തെ കുററവിചാരണകൾ പരിശോധിച്ചതിന്നുശേഷം ഒരു ജഡ്ജി ഈയിടെ പറയുകയുണ്ടായി, വിട്ടയക്കപ്പെട്ട കുററക്കാരേക്കാളേറെ നിരപരാധികളായ മനുഷ്യർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടു് എന്നു്. ഓരോ വിചാരണക്കും പരിരക്ഷകൾ ഏർപ്പെടുത്തിയിട്ടുള്ളതുതന്നെ, നിയമ്യ

കെ ഇമ്മാതിരി അപഥസഞ്ചാരത്തിൽനിന്നും കററവാളികളെ രക്ഷിക്കാനാണ്. വിചാരണക്കുള്ള ഈ പരിരക്ഷകൾ നാം എടുത്തു കളയുമ്പോൾ കാണാം, കുററപ്രഖ്യാപിക്കുന്ന ചട്ടങ്ങൾ വരുത്തിവെക്കുന്ന വിനകൾ. കുററിന്റെ കാര്യത്തെപ്പററി നടത്തിയ ഒരു പഠനത്തിൽനിന്നും മനസ്സിലാവുന്നതു്, ചില ചില ജീവനക്കാരെ പിരിച്ചുവിട്ടതു് ശരിയായ ആളുകളെ തെററിപ്പോയതുകൊണ്ടും, യഥാർത്ഥത്തിൽ അന്വേഷിച്ചു് സ്ഥിരീകരിക്കാത്ത അപവാദപ്രചരണംകൊണ്ടും, അജ്ഞാതരായ ദൂതന്മാരുടെ വിദ്വേഷംകൊണ്ടും ദൂഷണംകൊണ്ടുമാണെന്നാണ്. ചിലർ പറഞ്ഞേക്കും: "അതൊന്നും എന്നെ ബാധിക്കുകയില്ല." പക്ഷെ അതു ഇവിടെ സംഭവിച്ചിട്ടുണ്ടു്; നമ്മുടെ നല്ല അയൽരാഷ്ട്രങ്ങളിൽ ചിലതിലും സംഭവിച്ചിട്ടുണ്ടു്.

ചുരുക്കത്തിൽ, ഏവരുടേയും സ്വാതന്ത്ര്യങ്ങൾ സുരക്ഷിതമായിരിക്കാത്ത കാലത്തോളം ആരുടേയും സ്വാതന്ത്ര്യങ്ങൾ ഭദ്രമല്ല.

നമ്മുടെ സ്വാതന്ത്ര്യങ്ങൾക്കു് ആപത്തൊന്നും വരാൻ പോകുന്നില്ലെന്നു് നാം മണത്തറിഞ്ഞാൽത്തന്നെയും, പ്രധാനപ്പെട്ടതും അംഗീകരിക്കപ്പെട്ടതുമായ ഒരു ചേരിയിലാണ് എന്നതുകൊണ്ടു് നമുക്കു് ഭദ്രത തോന്നുന്നുണ്ടെങ്കിലും, നിർഭാഗ്യവാന്മാർക്കും തുല്യമായ നീതി നൽകുന്ന ഒരു വിലപ്പെട്ട കർമ്മപദ്ധതിയാണു് പൌരാവകാശബിൽ. നാം അതിനെ ആദരവോടും സത്യസന്ധതയോടും അനുസരിക്കുകയും വേണം.

"പൌരാവകാശബില്ലിനെച്ചൊല്ലി കോടതികളും അഭിഭാഷകന്മാരും തലതല്ലട്ടെ; എന്റെ അവകാശങ്ങൾ എനിക്കു് അവർ ഭദ്രമാക്കിത്തരും"—ഇതു പറയാനെളുപ്പമാണ്. തന്നെയുമല്ല, അതൊരു അപകടംപിടിച്ച പോക്കാണുതാനും, ഒരു

ജനായത്തപ്രവ്യവസ്ഥിതിയിൽ, ഏതു ഗവമ്മേണ്ടും നിലനി ല്ക്കുക ആത്യന്തികമായി ഭരിക്കപ്പെടുന്നവരുടെ അനുമതിയിന്മേ ലാണ്. "നാം, അതായതു് ജനങ്ങൾ" തന്നെയും പൌരാവകാ ശബില്ലിൽ വിശ്വസിക്കുന്നില്ലെങ്കിൽ കോടതികൾക്കു് അതു് ഫലപ്രദമായി നടപ്പാക്കാനാവില്ല. "തിരഞ്ഞെടുപ്പുഫലങ്ങ ളാണ് കോടതിയുടെ നിയാമകം" എന്നു് വിഖ്യാതനായ മി. ഡൂലി പറയുന്നതല്ല ശരി എന്നർത്ഥം. ഫെഡറൽജഡ്ജിമാരു ടെ കാലാവധി ആജീവനാന്തമാണ്; ജഡ്ജിമാർ തിരഞ്ഞെടു ക്കപ്പെടുന്ന സ്റ്റേറ്റുകളിലും, നമ്മുടെ ഭരണഘടനയിലെ ശാശ്വത മായ തത്വങ്ങൾ പരിരക്ഷിക്കാനായി അവർ അപ്പോഴത്തെ ബ ഹുജനാഭിപ്രായത്തിന്നെതിരായി നിൽക്കാറുണ്ട്. എന്നാൽ അ വക്കങ്ങിനെ ചെയ്യുവാൻ സാധിക്കുന്നതു്, അമേരിക്കയിലെ ഭൂരി പക്ഷം ജനങ്ങളും—ഒരു പ്രത്യേക കാര്യത്തിൽ അവരുടെ വിയോ ജിപ്പ് എന്തുമായിക്കൊള്ളട്ടെ – നമ്മുടെ എഴുതപ്പെട്ട ഭരണഘടന യിലെ അടിസ്ഥാന തത്വങ്ങളോടു്—ആ തത്വങ്ങൾ വ്യാഖ്യാ നിക്കാനും പ്രയോഗത്തിൽവരുത്താനും നാം കോടതികൾക്കു് നൽ കുന്ന അധികാരമുൾപ്പെടെ — ആനുകൂല്യമുള്ളവരാണെന്നതുകൊ ണ്ടുമാത്രമാണ്.

സ്വാതന്ത്ര്യത്തിന്റെ അന്തസ്സത്ത, പൌരാവകാശബില്ലി ന്റെ തത്വങ്ങൾ, നാം അംഗീകരിക്കുന്നതിനേക്കാൾ പതിന്മട ങ്ങധികം നമ്മുടെ നിത്യജീവിതത്തിന്റെ ഉൾപ്പെട്ടംപാവുമാണ്. കോടതിയിൽ വരാത്ത നൂറുകണക്കിനു കേസുകളിൽ ജനങ്ങളുടെ പെരുമാററത്തെ നിയമപരമായ തത്വങ്ങൾ പിടിച്ചുകൂട്ടുന്നുണ്ടെന്നും ഏതൊരു അഭിഭാഷകനും അറിയാം. മിക്കപ്പോഴും നിയമത്തെ അവഗണിക്കാൻ ഒരാൾ മനഃപൂർവ്വം പ്രവത്തിച്ചുകൊണ്ടിരിക്കു മ്പോഴൊ, നിയമപരമായ ഒരു തത്വത്തിനു് വിശദീകരണം ആ വശ്യമായി വരുമ്പോഴൊ, വസ്തുതകളെ ജനങ്ങൾക്കു് അംഗീകരി

ക്കാൻ വയ്യാതെ വരുമ്പോഴോ, അതല്ലെങ്കിൽ യൂഫോസിനെപ്പോലുള്ള ആളുകൾ "സ്വഭാവശുദ്ധി"യിൽ ഉറച്ചുനില്ക്കുമ്പോഴോ മാത്രമാണ് കേസുകൾ കോടതിയിലേക്ക് വരുന്നത്. കോടതികളുടെ തീരുമാനങ്ങൾ, വെള്ളത്തിൽകിടക്കുന്ന മഞ്ഞുകട്ടകളുടെ കാണപ്പെടുന്ന ഭാഗങ്ങൾ പോലെയാണ്, നമ്മുടെ നിത്യജീവിതത്തെ ബാധിക്കുന്ന മിക്ക നിയമങ്ങളും ഒച്ചപ്പാടുണ്ടാക്കുന്ന നാടകീയതയൊന്നുമില്ലാതെ അങ്ങിനെ നിർവ്വഹിക്കപ്പെടുന്നു.

പൌരാവകാശങ്ങളുടെ മണ്ഡലത്തിലും ഇതുതന്നെയാണ് യാഥാർത്ഥ്യം. അഭിപ്രായസ്വാതന്ത്ര്യത്തിൻെറയും ആശയസ്വാതന്ത്ര്യത്തിൻെറയും വിവേചന നിരോധത്തിൻെറയും മതാതീതാധികാരത്തിൻെറയും തത്വങ്ങൾ മിക്ക പ്രദേശങ്ങളിലും ജനങ്ങൾ സ്വമേധയാ അനുസരിക്കുന്നു; അംഗീകരിക്കുന്നു. ചുരുക്കംചില സന്ദർഭങ്ങളിൽ മാത്രമാണ് - ചില പ്രതിസന്ധിയിൽ നമ്മുടെ വിവേകം താൽക്കാലികമായെങ്കിലും നശിക്കുമ്പോൾ, ചിലർ അധികാരമോഹത്തിനടിമപ്പെടുമ്പോൾ—കോടതികളുടെ വിധി ആവശ്യമായി വരുന്നത്.

ഇതിനൊക്കെ പുറമെ മറെറാരു കാര്യം: കോടതികൾക്കും നിയമങ്ങൾക്കും നമ്മുടെ സ്വാതന്ത്ര്യങ്ങളെ ഒരു ചെറിയ പരിധിവരെ മാത്രമെ സംരക്ഷിക്കാനാവൂ. സർക്കാരുദ്യോഗസ്ഥന്മാരുടെ നടപടികൾ മുഖേന അവക്ക് ചിലതൊക്കെ ചെയ്യാം. പക്ഷെ, ന്യൂനപക്ഷങ്ങളും അവരുടെ അഭിപ്രായങ്ങളും വഴിതെററിപ്പോകുന്നതും സമുദായം ഭ്രഷ്ട് കല്പിക്കുന്നതും തടയാൻ കോടതികൾക്ക് വിശേഷിച്ചധികാരമൊന്നുമില്ല. നമുക്കുവേണ്ടത് കോടതിക്കു നൽകാൻ കഴിയുന്നതിനേക്കാൾ വിപുലവും നമ്മുടെ നിത്യജീവിതത്തിലും പെരുമാററത്തിലുമുള്ള പുതിയ പുതിയ അഭിപ്രായങ്ങളെ സഹിഷ്ണുതയോടെ അംഗീകരിക്കുന്നതും ഓരോ മനുഷ്യൻെറയും അന്തസ്സിനേയും സ്വകാര്യജീവിതം നയിക്കാനുള്ള അവകാശത്തേയും ആദരിക്കുന്നതുമായ സ്വാതന്ത്ര്യങ്ങളുടെ അന്തശ്ചൈതന്യമാ

ണ്‌ — എന്നുവെച്ചാൽ നമ്മുടെ പൌരാവകാശബില്ലിന്റെ അന്തസ്സത്ത എന്നർത്ഥം. ഗ്രാമങ്ങളിലും നഗരങ്ങളിലും നാം അനുവർത്തിക്കുന്ന മനോഭാവങ്ങളേയും സ്വഭാവങ്ങളേയും, അനീതികളോടുള്ള നമ്മുടെ പ്രതികരണത്തേയും ആശ്രയിച്ചാണ്‌ നമ്മുടെ ആത്മീയമായ ആരോഗ്യം നിലനിൽക്കുന്നതു്.

വിദ്യാഭ്യാസരംഗം തന്നെയാണ്‌ ഏററവും നല്ല ഉദാഹരണം. ഭരണഘടനാപരമായ പല സമരങ്ങളുടേയും പടനിലം വിദ്യാഭ്യാസമായിരുന്നു. സ്വാഭാവികമാണതു്. കാരണം, ആശയങ്ങളെസ്സംബന്ധിക്കുന്നതാണ്‌ വിദ്യാഭ്യാസം, ആശയങ്ങളുടെ സംരക്ഷണം പൌരാവകാശബില്ലിന്റെ പ്രധാന ഉദ്ദേശ്യങ്ങളിൽ ഒന്നാണുതാനും. നമ്മുടെ വിദ്യാലയങ്ങളിൽ സ്വാതന്ത്ര്യങ്ങളെസ്സംബന്ധിച്ചുയർന്നുവരുന്ന ചില പ്രശ്നങ്ങളിലേക്ക്‌ ഒന്നു കണ്ണോടിച്ചുനോക്കാം.

മാന്യമായ വിദ്യാഭ്യാസത്തിന്നു് ആരാണ്‌ അർഹൻ? മററുള്ളവരെപ്പോലെത്തന്നെ നീഗ്രോകൾക്കും വിദ്യാഭ്യാസം ലഭിക്കാൻ അർഹതയുണ്ടെന്നും വ്യത്യസ്തമോ, തരംതാഴ്ന്നതോ ആയ വിദ്യാഭ്യാസസമ്പ്രദായംമൂലം അവരോടു് വിവേചനം കാണിക്കരുതെന്നും കോടതി ഇപ്പോൾ വിധിച്ചിട്ടുണ്ടു്. പക്ഷെ, ന്യൂനപക്ഷവിദ്യാർത്ഥികളെ അവരുടെ സഹവിദ്യാർത്ഥികൾ ഒരുപോലെ കണക്കാക്കുന്നുണ്ടോ? അതോ അവരോടു് ശത്രുതയോടെ പെരുമാറുകയും അവരെ കഷ്ടപ്പെടുത്തുകയും ചെയ്യുന്നുണ്ടോ? ഈവക കാര്യങ്ങളിലൊന്നും നിയമത്തിന്നു് നിയന്ത്രണം ചെലുത്താനാവില്ല. തങ്ങളുടെ കുട്ടികളെ മററു വിദ്യാലയങ്ങളിലേക്കയക്കാൻ ന്യൂനപക്ഷവിദ്യാർത്ഥികളുടെ മാതാപിതാക്കൾ സാമ്പത്തികമായും സാമൂഹ്യമായുമുള്ള സമ്മർദ്ദങ്ങൾക്ക്‌ വിധേയരാക്കപ്പെടുന്നുണ്ടോ എന്നും നിയമത്തിന്‌ എത്തിനോക്കാനാവില്ല. നിയമത്തിന്‌ കൈകാര്യം ചെയ്യാനാവാത്ത ചില വിവേചനങ്ങ

ളാണിതു്. മനുഷ്യർ പരസ്പരം വർണ്ണ-വർഗ്ഗവ്യത്യാസം കൂടാതെ ഒരുപോലെയാണോ പെരുമാറുന്നതു് തുടങ്ങിയ കാര്യങ്ങൾ നിയമത്തിന്റെ ബലത്തെപ്പോലെത്തന്നെ നമ്മിലോരോരുത്തരുടേയും മനോഭാവങ്ങളേയും പ്രവൃത്തികളേയും ആശ്രയിച്ചാണിരിക്കുന്നതു്.

എന്താണു് പഠിപ്പിക്കേണ്ടതു്? അമേരിക്കയിൽ ഇന്നു് വിദ്യാഭ്യാസം ഒരു വലിയ വെല്ലുവിളിയെ അഭിമുഖീകരിച്ചിരിക്കയാണു്. ഒരു സ്വതന്ത്രരാജ്യത്തിന്നു് തലച്ചോറിന്റേയും വിജ്ഞാനത്തിന്റേയും കാര്യത്തിൽ യാതൊരു കുത്തകാവകാശവുമില്ലെന്നും സോവിയററ് ഏകാധിപത്യം മതിയായ പരിശീലനം സിദ്ധിച്ച പൌരന്മാരെ ധാരാളമായി സൃഷ്ടിച്ചുവരികയാണെന്നുമുള്ള യാഥാർത്ഥ്യം പെട്ടെന്നു് മനസ്സിലാക്കി എന്നിരിക്കില്ല. കമ്യൂണിസ്റ്റു് രാജ്യങ്ങൾക്കില്ലാത്ത പല മെച്ചങ്ങളും നമ്മുടെ സമ്പ്രദായത്തിലുണ്ടു്—നാം ആ മെച്ചങ്ങളെ ചൂഷണംചെയ്യുമെങ്കിൽ മാത്രം. ഒരു സ്വതന്ത്രരാജ്യത്തിലെ വിദ്യാഭ്യാസത്തിന്റെ കരുത്തിന്നു് പ്രധാനമായ ഉപാധി, അതിന്നു ചിന്തയുടെ സ്വാതന്ത്ര്യവും വ്യക്തിത്വവും പ്രോത്സാഹിപ്പിക്കാൻ കഴിയും എന്നതാണു്. ദൌർഭാഗ്യകരമെന്നു പറയട്ടെ, ചില ചില പ്രദേശങ്ങളിലുള്ള നമ്മുടെ പബ്ലിക്ക്സ്കൂളുകൾ ഈ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുന്നുണ്ടു്. അദ്ധ്യാപനം ശുഷ്കവും ശൂന്യവും ഏകസ്വരവുമായിത്തീരുകയാണു്. "വ്യത്യസ്താഭിപ്രായങ്ങളുള്ള പ്രശ്നങ്ങൾ" ഒഴിവാക്കാനും പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതും തർക്കവിതർക്കങ്ങളൊന്നുമില്ലാത്തതുമായ വിഷയങ്ങൾ പഠിപ്പിക്കാനും അങ്ങിനെ കുട്ടികളെക്കൊണ്ടു് "തത്തമ്മേ, പൂച്ച, പൂച്ച" പറയിപ്പിക്കുവാനുമുള്ള ഒരു പ്രവണത കാണാനുണ്ടു്. ഇതിന്റെ ഒരു കാരണം, ഞാൻ നേരത്തെ വിവരിച്ചിട്ടുള്ള, ക്രൂരനേഷണനടപടികളിൽ അദ്ധ്യാപകരുടെ മേൽ ഏൾപ്പെടുത്തിയ ചിന്താനിയന്ത്രണശ്രമങ്ങളും പാഠിക്ഷകർ നടത്തിയ പ്രതിജ്ഞകളുമാണു്. മററാ

ന്നു്, പതിവിനു വിരുദ്ധമായി അഭിപ്രായം പറയുവാൻ ധൈര്യ്യപ്പെടുന്ന അദ്ധ്യാപകരെ - വിശേഷിച്ചും സവ്വകലാശാലാദ്ധ്യാപകരെ – നിയമപരമായ അന്വേഷണങ്ങൾക്കു് വിധേയമാക്കിയതാണു്. (Sweezy V. New Hampshire. 354 US. 254)

ഈ വക കാര്യങ്ങളിൽ, നന്നെ ചെറിയ ഒരു പരിധിവരെ, നിയമത്തിനു് ചിലതൊക്കെ ചെയ്യാൻ സാധിക്കും. എന്നാൽ സ്കൂളുകളിലേയും കോളേജുകളിലേയും ബുദ്ധിപരമായ സ്വാതന്ത്ര്യം, ഏറിയകൂറും, കോളേജുദ്യോഗസ്ഥന്മാരേയും ട്രസ്റ്റികളുടെ ബോർഡിനേയും രക്ഷിതാക്കളും അദ്ധ്യാപകരും ചേന്ന സംഘടനകളേയും വിദ്യാത്ഥിസംഘടനകളേയും പത്രങ്ങളിൽ മുഖപ്രസംഗങ്ങളെഴുതുന്നവരേയും മന്ത്രിമാരേയും പുരോഹിതന്മാരേയും പൊതുവെ ബഹുജനാഭിപ്രായത്തേയുംആശ്രയിച്ചാണിരിക്കുന്നതു്.

നമ്മുടെ അദ്ധ്യാപകർ, ക്ലാസ്സുകളിൽ "അഭിപ്രായവൈരുദ്ധ്യം നിറഞ്ഞ പ്രശ്നങ്ങൾ'' – പൊതുമേഖലയും സ്വകാര്യ്യമേഖലയും തമ്മിലുള്ള സമരം, സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള സമരം തുടങ്ങിയവ - ചർച്ചചെയ്യാനാണോ, അതോ, സമുദായത്തിൻെറ നട്ടെല്ലുകൾ വിയോജിക്കാവുന്ന അഭിപ്രായങ്ങളുടെ ബഹളത്തിൽനിന്നും നമ്മുടെ കുട്ടികളുടെ പിഞ്ചുമനസ്സുകളെ നാം ആ രംഗത്തുനിന്നൊക്കെ ഒഴിച്ചുനിത്താനാണോ ആഗ്രഹിക്കുകതു്? രണ്ടുവശങ്ങളും ചർച്ചചെയ്യണം, തീർച്ച.

സ്കൂൾബോർഡിൽ, കീഴ്വഴക്കങ്ങളിൽനിന്നും അണുപോലും വ്യതിചലിക്കാൻ കൂട്ടാക്കാത്ത അംഗങ്ങളുടെ എതിർപ്പിനെ ഭയന്നു് പബ്ലിക്ക്സ്കൂളുകളിലെ പല പാഠപുസ്തകങ്ങളും വെള്ളം കൂട്ടിക്കൂട്ടി പച്ചവെള്ളപ്രായത്തിലായിട്ടുണ്ടു്. ആധുനികസാമ്പത്തിക – രാഷ്ട്രീയ പ്രശ്നങ്ങളുടെ മുഴവൻ ആവേശവും വെല്ലുവിളിയും നഷ്ടപ്പെട്ടിരിക്കുന്നു. ഇതാണോ നാം ആഗ്രഹിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം?

തക്കവിതക്ക്ഗ്രസ്ഥമായ ഒരു പ്രശ്നം ഉന്നയിക്കാൻ ധൈര്യപ്പെടുന്ന ഒരു അദ്ധ്യാപകനു്, രക്ഷിതാക്കളും അദ്ധ്യാപകരും ചേർന്ന സംഘടനകളിലെ അംഗങ്ങൾ എന്തു പ്രോത്സാഹനമാണു് നൽകുന്നതു്?

ആ അദ്ധ്യാപകൻെറ വിദ്യാർത്ഥികൾ അദ്ദേഹത്തിനു് നൽകുന്ന പ്രോത്സാഹനം എന്താണു്?

പുതിയ പുതിയ അഭിപ്രായങ്ങളുടെ ചർച്ചയിൽ അവർ ആകാംക്ഷയോടെ പങ്കെടുക്കുമോ? അതോ, "ഇന്ന ആൾ ഒരു സോഷ്യലിസ്റ്റാണു്" എന്നു് രക്ഷിതാക്കളോടു് ഓടിച്ചെന്നു് പറയുമോ?

അദ്ധ്യാപകരുമായി വാദപ്രതിവാദം നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ? എന്തെങ്കിലും അഭിപ്രായഭിന്നത വന്നാൽ, അതു് അച്ചടക്കനടപടിയെടുക്കേണ്ട പ്രശ്നമായോ, അതോ, നിസ്സാരമായ ഒരു തെററായോ പരിഗണിക്കപ്പെടുക?

പ്രാദേശികപത്രങ്ങളിൽനിന്നും പ്രാദേശികപള്ളികളിൽനിന്നും ഈ അദ്ധ്യാപകനു് എന്തു പിന്തുണയാണു് ലഭിക്കുന്നതു്?

ഒരു മുഹമ്മദീയനോ, ഹിന്ദുവോ, നിരീശ്വരവാദിയോ, ഈശ്വരപ്രാർത്ഥന ചൊല്ലാൻ വിസമ്മതിക്കുകയോ, അതല്ലെങ്കിൽ ഒരു വിദേശി അഥവാ ജെഹോവയുടെ സാക്ഷി പതാകയെ വന്ദിക്കാൻ വിസമ്മതിക്കുകയോ ചെയ്താൽ അവൻെറ സഹപാഠികളുടെ പ്രതികരണം എന്തായിരിക്കും? അവർ ഈ എതിർപ്പിനെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുമോ? അതോ അവർ അവനെ അപമാനിക്കുകയും തിരിച്ചോടിക്കുകയും ചെയ്യുമോ?

സാധാരണ ഗതിയിൽ, കോടതികളിലെത്താത്ത ചില പ്രശ്നങ്ങളാണിവ. എന്നാൽ അവയോടുള്ള നമ്മുടെ പ്രതികരണം നാം നയിക്കുന്ന ജീവിതത്തിൻെറ തരാതരംപോലെയിരിക്കും.

പൌരാവകാശബില്ലിലെ തത്വങ്ങളിൽ നമുക്കുള്ള വിശ്വാസം നാം പുതുക്കേണ്ടിയിരിക്കുന്നു. മററുള്ളവരോട് സഹിഷ്ണുതകാണിക്കുക, മററുള്ളവരെ ബഹുമാനിക്കുക, വിവിധങ്ങളായ അഭിപ്രായങ്ങളെ പ്രോത്സാഹിപ്പിക്കുക, മനുഷ്യനോട് അന്തസ്സിൽ പെരുമാറുക — ഇവയാണ് ആ തത്വങ്ങൾ. മനുഷ്യന്റെ അന്തസ്സ്, വിശ്വാസങ്ങൾ, മനസ്സാക്ഷി, ജീവിതം, സ്വാതന്ത്ര്യങ്ങൾ എന്നിവ പ്രശ്നവിഷയമായിത്തീരുമ്പോൾ മനുഷ്യനെ സ്റേററിനേക്കാളുയർന്ന പദവിയിൽ പ്രതിഷ്ഠിയ്ക്കുന്ന തത്വങ്ങളാണ് ഇവ.

നമ്മുടെ സമുദായങ്ങൾ പൌരാവകാശബില്ലിലെ തത്വങ്ങൾ പൂർണ്ണമായും അംഗീകരിച്ചാൽ മാത്രമേ, നമ്മുടെ സ്വാതന്ത്ര്യങ്ങൾ ഭദ്രമായ അടിത്തറയിൽ നിലനില്ക്കുകയുള്ളു.

ബ്രിട്ടീഷ് ജനതയ്ക്കും ഭരണഘടനയിലധിഷ്ഠിതമായ ഭരണകൂടമുണ്ട്. അതിന്റെ പേരിൽ ബ്രിട്ടീഷ്ജനത അനുഭവിക്കുന്ന സ്വാതന്ത്ര്യങ്ങളെച്ചൊല്ലി അവർ അഭിമാനിക്കാറുമുണ്ട്. പക്ഷെ, ആ സ്വാതന്ത്ര്യങ്ങ്യങ്ങളൊന്നും എഴുതപ്പെട്ട ഒരു ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തിയുടെ ഭരണഘടനാനുസാരമായ അവകാശങ്ങളെ നിഷേധിക്കുന്നു എന്ന കാരണം പറഞ്ഞു്, പാർലിമെൻറിന്റെ ഒരു നിയമത്തെ അസാധുവാക്കാനോ, നടപ്പിലാക്കാതിരിക്കാനോ ബ്രിട്ടീഷ്കോടതികൾക്ക് അധികാരമില്ല. പാർലിമെൻറ്മെമ്പർമാരും ബ്രിട്ടീഷ്ഉദ്യോഗസ്ഥവൃന്ദവും അനുഭവിച്ചും അനുസരിച്ചും വരുന്ന സ്വയംനിയന്ത്രണങ്ങളുടെ പാരമ്പര്യമാണ് ബ്രിട്ടനിലെ ഭരണഘടന. നേരേമറിച്ച് സോവിയററ്യൂണിയനിലുള്ളതു്, വ്യക്തിയുടെ അവകാശങ്ങൾക്ക് പ്രത്യേകം ഉറപ്പുകൾ നൽകുന്ന ഒരു വിശാലമായ ലിഖിതഭരണഘടനയാണ്. പക്ഷേ, എഴുതിവെച്ചിട്ടുള്ളതു്, യഥാർത്ഥത്തിൽ സോവിയററ്യൂണിയനിൽ സ്വാതന്ത്ര്യത്തിന്ന് യാതൊരു ഉറപ്പുമില്ലെന്നാണ്.

എന്നാൽ നമുക്ക്, നമ്മുടെ ഭരണഘടന പറയുന്നതും നമ്മുടെ നിയമനിർമ്മാണസഭകൾ ചെയ്യുന്നതും നമ്മുടെ കോടതികൾ എഴുതുന്നതുമെല്ലാം വളരെ വളരെ പ്രധാനപ്പെട്ടതാണ്. നാം ജീവിക്കുന്ന ചേരിയിലോ ടൌൺഷിപ്പിലോതന്നെയും പരസ്പരം നാം അനുവർത്തിക്കുന്ന മനോഭാവങ്ങളിൽ നിന്നും നയങ്ങളിൽ നിന്നും നിത്യജീവിതത്തിൽ നാം അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിൻെറ യാഥാർത്ഥ്യം കാണാം. അവിടെ നാം കാണുക, ഒരു ജീവിക്കുന്ന പൌരാവകാശബില്ലിൻെറ പ്രകാശനമായിരിക്കും.

ഒരു അടിയുറച്ച കത്തോലിക്കനായ ലൂയിസ് മുനോസ് മാരിൻ, പ്യൂർട്ടോറിക്കോവിലെ ഗവർണ്ണർ സ്ഥാനത്തേക്ക് മത്സരിച്ച 1960 നവമ്പറിലെ തിരഞ്ഞെടുപ്പിനു മുമ്പായി, മുനോസ്മേരിന് വോട്ടുചെയ്യുന്നതു് "പാപ"മാണെന്ന് ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ട് റവ: ജെയിംസ് പി. ഡേവിസ്, റവ: ജെയിംസ് ഇ. മക്മാനസ്; റവ. ലൂയിസ് എ. റിഡ്രിഗ്വിസ് എന്നീ മൂന്നു കത്തോലിക്കാബിഷപ്പന്മാർ പ്രസ്താവനകളിറക്കുകയുണ്ടായി. അദ്ദേഹം സന്താനനിയന്ത്രണത്തേയും നിയമാനുസാരമുള്ള വിവാഹങ്ങളേയും അനുകൂലിക്കുന്നവനാണെന്നും ഒരു പുരോഹിതനായ അദ്ദേഹം തൻെറ ഇടവകക്കാരുടെ മതപരമായ പ്രശ്നങ്ങളാണ്, രാഷ്ട്രീയപ്രശ്നങ്ങളല്ല കൈകാര്യം ചെയ്യേണ്ടതു് എന്നുമായിരുന്നു ബിഷപ്പന്മാരുടെ ന്യായവാദങ്ങൾ. എന്തായാലും തിരഞ്ഞെടുപ്പിൽ മുനോസ്മാരിൻ വിജയിച്ചു. അതിനെത്തുടന്ന്, മുനോസ്മാരിന് വോട്ടുചെയ്തവരെല്ലാം "വിശുദ്ധ അത്താഴ"ത്തിനു മുമ്പ് തങ്ങളുടെ "പാപം" ഏററുപറയണമെന്നു സാൻ ജുവാൻകത്തീഡ്രലിലെ മെത്രാൻതിരുമേനി റവ: തോമസ് മെയ്സോനററ് പ്രഖ്യാപിച്ചു. പള്ളിയേയും സ്റ്റേററിനേയും വേർതിരിച്ചുകൊണ്ടുള്ള പൌരാവകാശബില്ലിലെ വ്യവസ്ഥകളെ വിഗണിക്കുന്നവയായിരുന്നു ഈ പ്രസ്താവന

കൾ. എന്നാൽ ഈ ശാസനകളെ കത്തോലിക്കാവിശ്വാസത്തിന്റെ പ്രധാനകേന്ദ്രം അപലപിക്കുകയും 90 ശതമാനവും കത്തോലിക്കരായ വോട്ടർമാർ മുനോസ്മാരിനെത്തന്നെ തിരഞ്ഞെടുക്കുകയും ചെയ്തതു്, സ്റ്റേററിനേയും പള്ളിയേയും വേർതിരിക്കുന്ന വ്യവസ്ഥ ഇന്നും നമ്മുടെ ജീവിതത്തിൽ സജീവമായ ശക്തിയാണെന്നു് ഉദ്ഘോഷിക്കുന്നു.

വാഷിങ്ടണിലുള്ള ഒരു സഹകായ്യവിദ്യാലയത്തിലെ രണ്ടു കുട്ടികൾ. ഈയിടെ എന്നോടു് ഒരുസംഭവം വിവരിക്കുകയുണ്ടായി. ആ കുട്ടികളിലൊരാൾ വെള്ളക്കാരനും അപരൻ കറുത്ത വർഗ്ഗക്കാരനുമായിരുന്നു. ഒരു ദിവസം വൈകുന്നേരം, താമസസ്ഥലത്തെ മുറിയിൽ തിരിച്ചെത്തിയപ്പോൾ, മേശമേൽ ഒരു കുറിപ്പു് കിടക്കുന്നതുകണ്ടു. "നീഗ്രോ, തിരിച്ചുപോ" എന്നു് ആ കുറിപ്പിൽ എഴുതിയിരുന്നു. "കു ക്ലക്സ് ക്ലാൻ" എന്നാണു് കുറിപ്പിലുണ്ടായിരുന്ന ഒപ്പു്.

"എന്നിട്ടു് നിങ്ങൾ എന്തുചെയ്തു?" ഞാൻ ചോദിച്ചു.

"ഞങ്ങൾ ഒരു ഹരജി തയ്യാറാക്കി; വിദ്യാർത്ഥികളുടെയിടയിൽ വിതരണം ചെയ്തു. ആ വെളുത്ത കുട്ടി പറഞ്ഞു: "ആ ഹരജിയിൽ ഞങ്ങൾ എഴുതിയിരുന്നു — 'ഞങ്ങൾ ലജ്ജിക്കുന്നു' എന്നു്."

ജീവിക്കുന്ന പൌരാവകാശബിൽ എന്നു പറയുമ്പോൾ ഞാൻ അർത്ഥമാക്കുന്നതും അതുതന്നെയാണു്.

KOTTAYAM PUBLIC LIBRARY
KOTTAYAM.
Cl. No. M340 Acc. No. 45587
This book should be returned on or before the date last stamped below.

16 JUL 1987

M340 45587

ഡഗ്ലസ് വില്യം. ഒ.

സജ്ജീവ പൌരാവകാശ ചന്ദ്രിക.

# സജീവപൌരാവകാശ പത്രിക



വില്യം ഒ. ഡഗ്ലസ്.

Indic Digital Archive Foundation
gpura.org